3265 KARSHAKANDE KADAMB DHYUTA THOMAS

X95:6:21 :N3
3295

..21:N3 32G5
(P.J.)
MUL
101891
...ERS
BADRIAN STREET
MADRAS.

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number X97:6:21: N3

Accession Number 101891

Available for loan from

This book should be returned on or before the date last marked below.

O. 61

അപേക്ഷിക്കേണ്ടും മേൽവിലാസം:—

കെ. ജെ. പോൾ,
കുറവിലങ്ങാട്.
തിരുവിതാംകൂർ.

K. J. Paul,
Kuravalangad,
Travancore.

# കർഷകൻെറ കടബാദ്ധ്യത

Karshakande Kadambadhyata

ഗ്രന്ഥകർത്താ:

മദ്രാസ് യൂണിവേഴ്സിററി പ്രൊഫസർ

**പി. ജെ. തോമസ്**

എം. എ., ബി. ലിററ്., പി. എച്ച്. ഡി.

---

1935

വില അണ 8

101891
21497
X9J:6:21:N3
32G5

# മുഖവുര

ഈ ഗ്രന്ഥം ഞാൻ ഇംഗ്ലീഷിൽ എഴുതീട്ടുള്ള ഒരു ചെറിയ പുസ്തകത്തിൻെറ തർജ്ജിമയാണ്. കേരളീയരായ വായനക്കാർക്ക് അറിവാനാഗ്രഹമുണ്ടായിരിക്കാനിടയുള്ള വിഷയങ്ങൾ കൂടുതലായും അല്ലാത്തവ സംക്ഷേപിച്ചും ആണ് ഇതിൽ വിവരിച്ചിട്ടുള്ളത്. ഋണബാധ നാടൊട്ടുക്കു വ്യാപിച്ചിരിക്കുന്ന ഇക്കാലത്ത് ഈ ഗ്രന്ഥം അസ്ഥാനത്തായി വരികയില്ലെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന വിഷയങ്ങൾ മിക്കവയും എൻെറ നേരിട്ടുള്ള പരിചയത്തിൽ വന്നിട്ടുള്ളവയാണ്. 1929-ൽ ഞാൻ മദ്രാസ് ബാങ്കിങ്ങ് കമ്മററിയിലെ അംഗമായി സംസ്ഥാനമൊട്ടുക്കു സഞ്ചരിച്ച അവസരത്തിൽ കടബാദ്ധ്യതയുടെ നില പ്രത്യേകമായി പര്യന്വേഷണം ചെയ്യാൻ ശ്രമിക്കയുണ്ടായി. കഴിഞ്ഞകൊല്ലം ഇന്ത്യാഗവമ്മെൻറുവകയായ ഒരു കമ്മിററിയിൽ അംഗമായി മഹാരാജ്യമൊട്ടുക്കു സഞ്ചരിക്കാനും അടുത്തകാലത്തുണ്ടായ വിലയിടിവിൻെറ ദോഷഫലങ്ങളെ അവിടവിടെ ആരാഞ്ഞറിവാനും എനിക്കു സാധിച്ചു. ഇന്ത്യയിലുണ്ടായ സാമ്പത്തികാധഃപതനത്തെപ്പററി ഇംഗ്ലീഷിൽ ഞാൻ അടുത്തു പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന ഒരു ഗ്രന്ഥത്തിലെ ചില ഭാഗങ്ങളും ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

1918-ൽ "ധനതത്വശാസ്ത്രം" എന്നൊരു മലയാളഗ്രന്ഥം ഞാൻ പ്രസിദ്ധീകരിച്ചപ്പോൾ തന്നെവേറെയും

ഗ്രന്ഥങ്ങൾ സ്വഭാഷയിൽ എഴുതണമെന്നു് ഉദ്ദേശിച്ചിരുന്നതാണു്. എന്നാൽ മററു ബുദ്ധിമുട്ടുകൾ കൊണ്ടു് അതു ഇതേവരെ സാധിച്ചില്ല. അടുത്തുതന്നെ അൎത്ഥശാസ്ത്രസംബന്ധമായ വേറെയും ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കണമെന്നു് ആഗ്രഹമുണ്ടു്.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ് തിരുത്തുന്നതിൽ മാത്രമല്ല മററു വിധത്തിലും ഇതിന്റെ പ്രസിദ്ധീകരണത്തിനായി എന്നെ സഹായിച്ചിട്ടുള്ള ശ്രീമാൻ ഐ. സി. ചാക്കൊ അവർകളോടു് എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. സി. ആർ. ശങ്കരപ്പിള്ള അവർകളോടും പലേ വിധത്തിൽ ഞാൻ കൃതജ്ഞനാണു്.

സെനററു ഹൌസ്, മദ്രാസ്,
മാർച്ച് 9, 1935.

**പി. ജെ. തോമസ്.**

# വിഷയവിവരം

ഒന്നാംഭാഗം


അദ്ധ്യായം                                                                 പുറം

1. കടബാദ്ധ്യതയുണ്ടാവാനുള്ള കാരണങ്ങൾ 1
2. കടബാദ്ധ്യതയുടെ പൂർവ്വചരിത്രം 14
3. കടബാദ്ധ്യതകൊണ്ടുള്ള ദോഷഫലങ്ങൾ 24
4. ചില പഴയ പരിഹാരമാർഗ്ഗങ്ങൾ 30

രണ്ടാംഭാഗം

5. കടബാദ്ധ്യതയുടെ ഇന്നത്തെ നില 41
6. ഋണഭാരം കുറയ്ക്കാൻ ഇന്ത്യയിൽ ചെയ്യുന്ന ശ്രമങ്ങൾ ... ... ... 49
7. ഭൂസ്വത്തു് ജാമ്യബാങ്ക് 57
8. മററു പരിഹാരമാർഗ്ഗങ്ങൾ 62
9. ഋണനിവാരണപദ്ധതി 67
10. അനുമാനങ്ങളും കാര്യസംക്ഷേപവും. 73

# ഒന്നാം ഭാഗം

## അദ്ധ്യായം ഒന്നു്

## കടബാദ്ധ്യതയുടെ കാരണങ്ങൾ

കടത്തിലകപ്പെട്ടു് കർഷകന്മാർ വലയുക എന്ന വസ്തുത ഇന്നും ഇന്നലെയും തുടങ്ങിയതല്ല. എന്നാൽ ഇപ്പോഴുള്ള തരത്തിൽ കഠോരമായ ഒരു നില അപൂർവ്വമായിട്ടേ ലോകചരിത്രത്തിൽ ഉണ്ടായിട്ടുള്ളു. 1929 മുതൽ ഉല്പന്നങ്ങൾക്കുണ്ടായ വിലയിടിവാണിതിനു കാരണം. സാമാനങ്ങളുടെ വില 50 ശതമാനം കുറയുമ്പോൾ ഋണബാദ്ധ്യതയുടെ ഭാരം ഇരട്ടിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഇക്കാരണത്താൽ ഋണബാദ്ധ്യത ഇന്നു് ഇന്ത്യയിലെ വമ്പിച്ച സാമ്പത്തിക പ്രശ്നങ്ങളിൽ ഒന്നായിത്തീർന്നിരിക്കുന്നു. ഈ ഘോരബാധയെ ദൂരീകരിച്ചാലല്ലാതെ കൃഷി അഭിവൃദ്ധിപ്പെടുന്നതിനും കൃഷകൻെറ നില നന്നാക്കുന്നതിനും ഗ്രാമീണജീവിതം പുനരുദ്ധരിക്കുന്നതിനും ജനങ്ങളുടെ ജീവിതരീതി ശ്രേഷ്ഠമാക്കുന്നതിനും സാധിക്കുന്നതല്ല. ഇന്ത്യൻ ജനസമുദായത്തിൻെറ എഴുപതു ശതമാനവും കൃഷകരായതുകൊണ്ടു് അവരുടെ വരുമാനം വൎദ്ധിക്കാതിരുന്നാൽ നാട്ടിലെ സാമ്പത്തികസ്ഥിതി ക്ഷയോന്മുഖമായും ഇരിക്കും. ഇതു വ്യവസായോല്ക്കൎഷത്തിനും വാണിജ്യവ്യാപ്തിക്കും ഒരു

പ്രതിബന്ധം കൂടിയാണ്. തൊഴിലില്ലായ്കയാലും തൊഴിലിൽ നിന്ന് ആദായമില്ലായ്കയാലും ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ഒരു പുതിയ സാമ്പത്തിക പദ്ധതി രൂപീകരിക്കുന്നതിന് നാം ഒരുമ്പെടുന്നതായാൽ നമ്മെ ഒഴിച്ചുകൂടാത്ത വിധം അഭിമുഖീകരിക്കുന്നത് ഗ്രാമീണജനങ്ങളുടെ ദരിദ്രാവസ്ഥയും ഋണഭാരവും ആണ്. അതുകൊണ്ട് ഭൗതികമായ പുനരുദ്ധാരണത്തിനുള്ള ഏതൊരു പദ്ധതിയും സുഗമമാകണമെങ്കിൽ ഋണബാദ്ധ്യതക്ക് ഒരു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

അമേരിക്ക മുതലായ രാജ്യങ്ങളിൽ കൃഷി വലിയ മുതലാളികളാൽ നടത്തപ്പെടുന്നതാകയാൽ കൃഷകരുടെ ഋണബാദ്ധ്യത ആധുനിക സാമ്പത്തികാധഃപതനത്തിനു ശേഷമെ സാരതരമായിത്തീൎന്നിട്ടുള്ളു. എന്നാൽ ഇന്ത്യയിലാകട്ടെ ഇതു് അതിപുരാതനകാലം മുതൽ ഉണ്ടായിരുന്ന ഒരു ദോഷമാണ്. ഈ നാട്ടിൻെറ സാമ്പത്തികനിലയിൽ രൂഢമൂലമായിരിക്കുന്ന ഈ ദൂഷ്യത്തിൻെറ ഹേതുക്കളെന്തൊന്ന് സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷമെ ഋണബാദ്ധ്യതക്ക് ഒരു പരിഹാരമാൎഗ്ഗം നിൎണ്ണയിക്കാൻ സാധിക്കൂ. അതുകൊണ്ട് ഈ വിഷയത്തെപ്പററി പൊതുവായി വിവരിച്ചതിനു ശേഷം സാമ്പത്തികാധഃപതനം കൊണ്ടുണ്ടായിട്ടുള്ള പ്രത്യേക വിഷമങ്ങളെപ്പററി ചിന്തിക്കാം.

പാശ്ചാത്യരാജ്യങ്ങളിൽ കൃഷകന്മാർ കടം വാങ്ങിക്കുന്നതു് അധികവും കൃഷി വ്യവസായങ്ങളുടെ ആവ

ശ്യത്തിലേക്കാണ്. ഇന്ത്യയിലെ കൃഷകർ അങ്ങനെയല്ല. കന്നുകാലി വാങ്ങുന്നതിനും നിലം ഒരുക്കുന്നതിനും ആയി കൃഷിക്കാർ കടം വാങ്ങുന്നില്ലെന്നു പറഞ്ഞുകൂടാ. എന്നാൽ അവർ വാങ്ങുന്ന സംഖ്യയിൽ തീരെ തുച്ഛമായ ഒരു ഭാഗം മാത്രമാണ് അത്തരം ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത്. സദ്യകൾ കഴിക്കുന്നതിനും മററു വീട്ടാവശ്യങ്ങൾക്കും ഭൂമി വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും മററുമായിട്ടാണല്ലൊ ഈ നാട്ടിൽ കൃഷകന്മാർ കടം വാങ്ങുന്നതിൽ അധികം ഭാഗവും ചിലവാക്കുക. അമേരിക്ക, യൂറോപ്പ് മുതലായ രാജ്യങ്ങളിൽ അപ്രകാരമുള്ള ആവശ്യങ്ങൾക്കായി തീരെ ചുരുക്കം പേരേ കടം വാങ്ങാറുള്ളു. ലാഭമേറിയ കൃഷികൾ ഇറക്കുന്നതിനാണ് പ്രധാനമായി അവർ കടം വാങ്ങുന്നത്.

ഈ സംഗതികൾ അടുത്ത കാലത്തു് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ബാങ്കിങ്ങ് കമ്മിററികൾ നടത്തിയ പര്യവേക്ഷണങ്ങളിൽ നിന്നു് വെളിവാകുന്നുണ്ടു്. ഐക്യസംസ്ഥാനത്തു് ആകെയുള്ള കടത്തിൽ $\frac{1}{4}$ ഭാഗം മാത്രമെ കാർഷികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ളു. ബോംബെയിലേയും ബംഗാളിലേയും സ്ഥിതി ഇതിൽ നിന്നും വളരെ ഭേദപ്പെട്ടതല്ല. മദ്രാസ് പ്രസിഡൻസിയുടെ നില അല്പം ഭേദമാണെങ്കിലും അവിടെയുള്ള ചില ഡിസ്ത്രിക്ററുകളിൽ കടം വാങ്ങിയിട്ടുള്ള തുകയുടെ 60 ശതമാനവും നിഷ്ഫലമായ കാര്യങ്ങൾക്കായി ചിലവാക്കിയിട്ടുണ്ടെന്നു കാണുന്നു. കേരളത്തിലെ നിലയും ഏറെക്കുറെ ഇപ്രകാരം

തന്നെയാണ്. തിരുവിതാംകൂറിൽ തന്നെ ബാങ്കിങ്ങ് കമ്മിററിയുടെ അന്വേഷണത്തിൽനിന്ന് ചില ഗ്രാമങ്ങളിൽ വാങ്ങിയിട്ടുള്ള കടത്തിൻെറ 30 മുതൽ 50 വരെ ശതമാനം കല്യാണാവശ്യങ്ങൾക്കും മററടിയന്തിരങ്ങൾക്കുമായിട്ടാണെന്നു അറിയുന്നു.

ഭൂമി വാങ്ങുന്നതിനും വിദ്യാഭ്യാസത്തിനുമായി കടം വാങ്ങുന്നതു് നിഷ്പ്രയോജനമെന്ന് പറഞ്ഞുകൂടെങ്കിലും ഇപ്പോഴത്തെ നില ആലോചിച്ചാൽ അവ രണ്ടും ആദായകരമല്ല. വസ്തുവിൽ നിന്നുള്ള ആദായം മൂന്നു ശതമാനത്തിൽ കുറവായിരിക്കെ പന്ത്രണ്ടു ശതമാനം പലിശ കൊടുത്തു കടം വാങ്ങി വസ്തു സമ്പാദിക്കുന്നവർ ഋണബദ്ധരായിത്തീരുന്നതിൽ അത്ഭുതമെന്താണുള്ളതു്? കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചിലവാകുന്ന പണം ഇക്കൂട്ടത്തിൽ കരുതാവുന്നതല്ലെങ്കിലും ഇന്ത്യയുടെ വ്യവസായികവും വാണിജ്യപരവും ആയ നില ശ്രേഷ്ഠമാകാതെ അഭ്യസ്തവിദ്യർ അധികമുണ്ടായാൽ അവരിൽ പലരും തൊഴിലില്ലാതെ ഉഴലുകയെയുള്ളു. ഈ സംഗതിയിൽ കേരളീയരുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

അനാദായകരങ്ങളായ സംഗതികൾക്കായി കടം വാങ്ങുന്ന സമ്പ്രദായം ഇപ്പോഴത്തെ സാമുദായികജീവിത നിലയിൽ ഒഴിച്ചുകൂടാത്തതാണ്. ഇന്ത്യയിൽ ജാതിവ്യത്യാസം അനുസരിച്ചു് അമിതവ്യയത്തിനും ഏററക്കുറവുണ്ടെങ്കിലും വലിയവരും ചെറിയവരും ഏറെക്കുറെ ഇതിനു വശംവദരാണ്. നിരക്ഷരകുക്ഷിയായ

ഒരു പറയൻ തൻെറ ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ വിവാഹാവസരത്തിൽ മദ്യപാനത്തിനായി വ്യയം ചെയ്തു സന്തുഷ്ടനാകുമെങ്കിൽ

ആയംദൃഷ്ട്വാ വ്യയം കുര്യാൽ
ആയാദല്പതരോവ്യയ।
അനായീവ്യയ ശീലശ്ച
ക്ഷിപ്രമേവ വിനശ്യതി॥

എന്നും മററുമുള്ള ആപ്തവാക്യങ്ങൾ ഉരുവിടുന്ന എത്രയോ മേൽജാതിക്കാരാണു് സുഖവഴിയായി ജീവിക്കുന്നതിനും അടിയന്തിരങ്ങൾ അതികേമമായി ഘോഷിക്കുന്നതിനും വേണ്ടി തങ്ങളുടെ പൂർവസ്വത്തു് അന്യാധീനപ്പെടുത്തുന്നതു്. പുരാതനാചാരങ്ങളും നാട്ടുനടപ്പും ഈ അമിതവ്യയശീലത്തെ പ്രോത്സാഹിപ്പിക്കുന്നു. മാമൂലിനു വിരുദ്ധമായ ഏതു പ്രവൃത്തിയും ബന്ധുജനങ്ങൾ കർശനമായി നിഷേധിക്കും. ഇതുകൊണ്ടു് ഒരുവനു കടം വീട്ടാൻ ശേഷി ഉണ്ടെങ്കിലും ഇല്ലെങ്കിലും കടം വാങ്ങി അടിയന്തിരം ആഘോഷിക്കാതെ ബന്ധുക്കൾ സമ്മതിക്കയില്ല. ഈ മാതിരി അവസരങ്ങളിൽ കടം വാങ്ങുന്ന തുക കടക്കാരൻെറ സ്വത്തുക്കളിൽ സ്ഥാപിച്ചു വാങ്ങാവുന്നതിൽ ഏററവും വലിയ സംഖ്യയായിരിക്കും. ആണ്ടിനാൽ 100 രൂപാ വരവുള്ളവൻ ഒരു വിവാഹത്തിനു് 1000 രൂപാ കടം വാങ്ങുന്നതായാൽ മുക്തിയില്ലാത്തവിധം ഋണബദ്ധനായിത്തീരുന്നതിൽ അതിശയിക്കാനുണ്ടോ ?

ഋണബാദ്ധ്യത മുഴുവനും സാമുദായികമായ അമിതവ്യയം കൊണ്ടുണ്ടായിട്ടുള്ളതാണെന്നു് പറയുന്നതു ശരി

യല്ല. അനവധി കൃഷകർ സമുദായാചാരങ്ങൾക്ക് വളരെ ചുരുങ്ങിയ ചിലവാണു ചെയ്യുന്നതെങ്കിലും അവരും കടക്കാരാകുന്നുണ്ട്. കൃഷിയിൽ നിന്നുള്ള ആദായക്കുറവ്, കാലാവസ്ഥയുടെ അസ്ഥിരത, അടുത്തടുത്തുള്ള കൃഷിപ്പിഴ, കന്നുകാലിനാശം മുതലായവയാണ് പലപ്പോഴും കടബാദ്ധ്യതയ്ക്കുള്ള മൂലകാരണം. ഈ ദൂഷ്യങ്ങളെക്കൂടി ദൂരീകരിക്കാതെ ഋണബാദ്ധ്യതയെ അകററാൻ കഴിയുന്നതല്ല.

ഇന്ത്യൻ കൃഷകരുടെ സംഖ്യ ദൈനംദിനം വദ്ധിച്ചു വരുന്നുണ്ടെങ്കിലും കൃഷിക്കുപയോജ്യമായ സ്ഥലവിസ്തീർണ്ണം മിക്കവാറും പഴയ നിലയിൽ തന്നെ നില്ക്കുന്നതേയുള്ളു. ആകെയുള്ള ജനസംഖ്യയിൽ കൃഷകരുടെ എണ്ണം 1891-ൽ 61 ശതമാനമായിരുന്നതു 1901-ൽ 66 ശതമാനവും 1921-ൽ 73 ശതമാനവുമായി വദ്ധിച്ചിട്ടുണ്ട്. 1931 ലെ കാനേഷുമാരി കണക്കനുസരിച്ച് രണ്ടു ശതമാനം കുറവു കാണുന്നതു് തരം തിരിവിന്റെ വ്യത്യാസം കൊണ്ടു മാത്രമാണ്. കൃഷിക്കുപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 22,80,00,000 ഏക്കറുള്ളതിൽ 20 ശതമാനം മാത്രമെ ജലസൌകര്യമുള്ളതായിട്ടുള്ളു. ഇതിൽ നിന്ന് ആളൊന്നുക്ക് കഷ്ടിച്ച് ഒരേക്കർ വീതവും കുഡുംബമൊന്നുക്ക് 4½ ഏക്കർ വീതവും ഉണ്ടെന്നു കാണുന്നു. എന്നാൽ കൃഷി പ്രധാനമായും തിങ്ങി ആൾപാർപ്പുള്ളതുമായ ചില യൂറോപ്യൻ രാജ്യങ്ങളെപ്പോലെ ഇൻഡ്യയിൽ സ്ഥലച്ചുരുക്കം കൊണ്ടുള്ള ദൂഷ്യം യന്ത്രങ്ങളുപയോഗിച്ച് സമൃദ്ധിയായ വിളവെടുത്തിട്ട് പരിഹരിക്കാൻ സാധിക്കുന്നില്ല. കോതമ്പ്, പഞ്ഞി,

കരുമ്പ്, പുകയില എന്നിങ്ങനെ ഏതുതരം കൃഷിക്കും ഏക്കറൊന്നുക്ക് നമുക്ക് കിട്ടുന്ന വിളവ് മററു രാജ്യങ്ങളെക്കാരം തീരെ കുറവാണ്. ഇങ്ങനെയുള്ള ഒരു രാജ്യത്തു കൃഷിക്കാർ കടക്കാരായി തീരുന്നതിൽ എന്തതിശയമാണുള്ളതു്? സാമ്പത്തികാധഃപതനം തുടങ്ങുന്നതിനു മുമ്പ് 1928-ൽ ബ്രിട്ടീഷു ഇന്ത്യയിലെ പ്രധാന വിളവുകളിൽ നിന്നു് മൊത്തമായി കിട്ടിയിരുന്ന വരുമാനം 1018 കോടി രൂപയായിരുന്നു. ഈ കണക്കനുസരിച്ചു് ആളൊന്നുക്ക് 50 രൂപാ വീതമെ വരവുണ്ടായിരുന്നുള്ളു. ബെങ്കങ്ങു കമ്മിററി റിപ്പോർട്ടനുസരിച്ചു് ഒരു കൃഷകനു ആക്കൊല്ലം (1928-ൽ) 42 രൂപാ ആയിരുന്നു വരവു്. ഉല്പന്നങ്ങളുടെ വിലക്കുറവു നിമിത്തം കഴിഞ്ഞ കൊല്ലം അഃത് നിരക്കിനുള്ള വിളവിനു ഉദ്ദേശം 500 കോടി രൂപായേ വില കിട്ടിയിട്ടുള്ളു. അപ്പോരം ആളൊന്നുക്കുള്ള വരവും യഥാക്രമം കുറഞ്ഞിരിക്കണം. ഇന്ത്യയിൽ ജയിൽ വാസികരംക്കു് ആളൊന്നുക്കു് 90 രൂപാ വീതം ചിലവനുവദിച്ചിട്ടുള്ള സ്ഥിതിക്കു 42 രൂപാ ക്രമമനുസരിച്ചുള്ള വരവുണ്ടായിരുന്നാൽ പോലും അനേകം ആളുകരം കേവലം നിർദ്ധനന്മാരായിത്തന്നെയിരിക്കണം. ഡാക്ടർ മാനിൻെറ സർവെ അനുസരിച്ചു് ബോംബെ സംസ്ഥാനത്തുള്ള 80 ശതമാനം കൃഷകന്മാക്കും അവരുടെ ഭൂമിയിൽ നിന്നു കഴിപ്പിനു വകകിട്ടുകയില്ലെന്നു കാണുന്നു. മദ്രാസിനടുത്തുള്ള തിരുവല്ലൂർ താലൂക്കിൽ ഈയ്യിടെ ഞാൻ നടത്തിയ സാമ്പത്തിക സർവെ പ്രകാരം കർഷകജനങ്ങരംക്കു ശരാശരി 35 രൂപായേ ആണ്ടിനാൽ വരവുള്ളു എന്നു കണ്ടിരിക്കുന്നു. അന്യത്ര ഉണ്ടായിട്ടുള്ള അന്വേഷണങ്ങളും ഈ അനുമാനത്തെ

പ്രബലപ്പെട്ടുന്നുണ്ടു്. ഇത്ര തുച്ഛമായ വരവുള്ളവർ കടത്തിൽ പെടുന്നതിൽ അത്ഭുതമുണ്ടോ? ഇന്ത്യൻ കൃഷകരിൽ ഭൂരിഭാഗവും ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും കടക്കാരായിട്ടാണെന്നു മാത്രമല്ല, അവർ ഭാവിതലമുറയ്ക്കു സമ്പാദിച്ചുവെയ്ക്കുന്നതു കൂടിയും കടം തന്നെ; എന്തെന്നാൽ നാട്ടുനടപ്പനുസരിച്ചു്, പൂർവ്വികന്നു സ്വത്തുണ്ടെങ്കിലും ഇല്ലെങ്കിലും അയാളുടെ കടം വീട്ടേണ്ടതു പിൻഗാമിയുടെ ചുമതലയാണു്.

കൃഷകൻ എന്നേയ്ക്കും ദരിദ്രനും എപ്പോഴും തന്നെ കടക്കാരനുമായിട്ടാണു് കാലം കഴിയ്ക്കുന്നതെന്നു 1853-ൽ ബോർഡില്ലൺ എന്നൊരു മദ്രാസ് കളക്ടർ എഴുതിയിട്ടിട്ടുണ്ടു്. അതിന്റെ ശേഷം കൃഷിയും വാണിജ്യവും കൂടുതൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും സാധാരണ കൃഷകന്മാരുടെ നില ഇന്നും അതുതന്നെയാണു്. "ഒരു സാധാരണ കൃഷകന്നു് ഏററവും സമൃദ്ധിയായ വിളവുള്ള കൊല്ലത്തിൽ പോലും യാതൊരു മിച്ചവും കാണുകയില്ല" എന്നാണു് 1928-ൽ മറെറാരു മദ്രാസ് കളക്ടർ (മി. ഓസ്റ്റിൻ) എഴുതിയിട്ടുള്ളതു്. ഇതിനുള്ള ഒരു പ്രധാന കാരണം ഭൂമിയിൽ നിന്നുള്ള ഉല്പാദനങ്ങൾ ജന്മികൾ, കൃഷിക്കാർ, വേലക്കാർ എന്നീ മൂന്നു തരക്കാരുടെ ഇടയിൽ ന്യായമാംവണ്ണം വിതരണം ചെയ്യാത്തതായിരിക്കണം. എന്നാൽ അതു ഉടനെ ശരിയാക്കാവുന്ന ഒരു സംഗതിയല്ല. ഉല്പന്ന വിതരണം എത്രയും ന്യായമായിത്തീർന്നാൽ തന്നെയും ഭൂമിയിൽ നിന്നുള്ള ആദായം ഇപ്പോഴത്തേക്കാൾ വർദ്ധിയ്ക്കാതെ കൃഷകജനതയുടെ നില നന്നാക്കാൻ സാധിക്കയില്ല.

ഉല്പന്നങ്ങൾ കുറഞ്ഞുവരുന്നതുകൊണ്ടു് വിളവെട്ടപ്പു കഴിഞ്ഞാലുടൻതന്നെ കൃഷകന്മാർ കടം വാങ്ങിക്കേണ്ടിയിരിക്കുന്നു. മിക്കവാറും അടുത്ത പൂവിലെ വിളവു് പണയപ്പെടുത്തിയാണവർ കടം വങ്ങുന്നതു്. കടം കൊടുക്കുന്ന ആൾ സാധാരണയായി സമീപസ്ഥനായ ഒരു കൃഷിക്കനൊ, ഗ്രമത്തിലെ കച്ചവടക്കാരനൊ, ഉണ്ടിയൽക്കാരനൊ ആയിരിക്കും. വിളവെട്ടത്താലുടൻ ഉത്തമർണ്ണൻ കടക്കാരനെ ബുദ്ധിമുട്ടിച്ചു് തനിക്കു കിട്ടാനുള്ള പണത്തിനു പകരം നെല്ലുതന്നെ വാങ്ങിക്കുകയും. നെല്ലിനുള്ള പലിശ പണത്തിനുള്ളതിനേക്കാൾ കൂടുതലാണല്ലൊ. കൃഷിക്കാരൻെറ വീട്ടുചിലവിനും മററും ബാക്കിയുള്ള നെല്ലു മതിയാകാതെ വരുന്നതുകൊണ്ടു് വീണ്ടും അയാൾക്കു കടം വാങ്ങാതെ നിവൃത്തിയില്ല. ഉടനെ തന്നെ അടുത്ത കൊല്ലത്തെ വിളവും അയാൾ പണയപ്പെടുത്തിക്കഴിയും. ഓരോ കൊല്ലത്തിലും ഈ നില തന്നെ ആവർത്തിക്കുന്നു. ഇതാണു് പാവപ്പെട്ട കൃഷിക്കാരൻെറ ഗതി. വിശേഷിച്ചു് ജല സൌകര്യം കുറഞ്ഞദിക്കുകളിൽ ഒരു കൊല്ലം കൃഷിപിഴച്ചു പോയാൽ വാങ്ങിയ കടം കൊടുത്തുതീക്കാൻ സാധിക്കാതാവുകയും വസ്തുക്കൾ തന്നെ പണയത്തിലാവുകയും ചെയ്യും. പണയമായിട്ടു് കൊടുക്കുന്നെങ്കിലും കാലാന്തരത്തിൽ അവ തീറായിട്ടാണു് പരിണമിക്കാറുള്ളതു്. അവൻ പിന്നീടു ഒരു പാട്ടക്കാരനൊ കൂലിവേലക്കാരനൊ ആയിത്തീററു് വർദ്ധിച്ചിരിക്കുന്ന പാട്ടം ഒന്നുകൂടി വർദ്ധിപ്പിക്കയോ, കുറഞ്ഞിരിക്കുന്ന കൂലികുറച്ചുകൂടി കുറയ്ക്കുകയോ ചെയ്യുന്നു. ഉല്പന്നങ്ങൾക്കു വില വർദ്ധിക്കുന്ന കാലങ്ങളിലാവട്ടെ കരുതൽധനം ഉണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരംകൃഷ

കൻ മിച്ചമുള്ള തുക ആഘോഷങ്ങൾക്കായി ചിലവാക്കും. അല്ലെങ്കിൽ പുതിയവസ്തുക്കൾ വാങ്ങാൻ വേണ്ടി കുറച്ചുപണം കൂടികടംവാങ്ങിച്ച് തൻെറ സകലവസ്തുക്കളും പണയപ്പെടുത്തും. ഏതുനിലയിലും ഇൻഡ്യൻ കൃഷകരുടെ ഇടയിൽ കടം ഒരു ഒഴിയാബാധയായിത്തീന്നിരിക്കുന്നു.

ഇങ്ങനെയാണ് ഇൻഡ്യയിൽ കടം ക്രമാതീതമായി വർദ്ധിക്കുന്നത്. അനാവശ്യമായ ചിലവുകൾക്കു പണം കടംവാങ്ങുന്നുണ്ടെങ്കിലും പലിശ കുടിശ്ശികയായിക്കിടന്നാണ് സാധാരണകടം വർദ്ധിക്കാറുള്ളത് പണയത്തിൻെറ ഉറപ്പും വാങ്ങുന്നവരുടെ സ്ഥിതിയും അനുസരിച്ച് പലിശനിരക്കു വ്യത്യാസപ്പെട്ടിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. പണ്ടാരപ്പാട്ടഭൂമിയുള്ള പ്രദേശങ്ങളിൽ പലിശകുറഞ്ഞും, കൃഷകക്ക് പൂണ്ണമായ ഉടമസ്ഥാവകാശമില്ലാത്ത ജന്മിഭൂമിയുള്ള സ്ഥലങ്ങളിൽ പലിശകൂടിയുമാണു കാണുന്നത്. പഞ്ചാബിലും മദ്ധ്യ ഇൻഡ്യയിലും കൃഷകസമുദായത്തിൽപ്പെടാത്തവക്ക് ഭൂമിതീറുകിട്ടാൻ പ്രതിബന്ധങ്ങളുള്ളതുകൊണ്ടു് അവിടെ അധികമായ പലിശചുമത്തിയെ കടം കൊടുക്കുകയുള്ളൂ. മദ്രാസിലും ബോംബെയിൽ ചിലഭാഗങ്ങളിലും സാധാരണപലിശ 12 ശതമാനമാണെങ്കിലും കൈവായ്പ കൊടുക്കുന്നവർ 18 മുതൽ 24 ശതമാനംവരെ പലിശ ചുമത്തുന്നുണ്ടു്. എന്നാൽ ബീഹാർ ഒറീസ്സ, സിൻഡ്, ആസ്സാം എന്നീസംസ്ഥാനങ്ങളിൽ സാധാരണ 25 മുതൽ 50 ശതമാനംവരെയും ഐക്യസംസ്ഥാനത്തു 18 മുതൽ 37 ശതമാനംവരെയും പലിശകൊടുക്കണം. തിരുവി

താംക്കൂർ, കൊച്ചി, എന്നീരാജ്യങ്ങളിൽ പന്ത്രണ്ടു ശതമാനമാണു മര്യാദപലിശയായി കണക്കാക്കുന്നതു്. വസ്തുപണയം കൊടുത്താൽ 9 മുതൽ 12 ശതമാനംവരെയുള്ള പലിശക്കു കടം കിട്ടുമെങ്കിലും ഭൂമിഈറുകൊടുക്കാനില്ലാത്തവർ കൂടുതൽ പലിശ കൊടുക്കാതെ നിവൃത്തിയില്ല. ഇൻഡ്യയിൽ പലഭാഗങ്ങളിലും പാട്ടക്കാരും കൂലിവേലക്കാരും ശരിയായ ഈറുടൊന്നുമില്ലായ്കയാൽ 75 മുതൽ 300 ശതമാനംവരെ പലിശ കൊടുത്താണു് കടം വാങ്ങുന്നതു്. നെല്ലിനുള്ള പലിശ ഒരിടത്തും 25 ശതമാനത്തിൽ കുറവില്ല. എന്നാൽ പല സ്ഥലങ്ങളിലും 50 ശതമാനവും 100 ശതമാനവും പലിശയുണ്ടു്. പലിശ 6 ശതമാനമായിരുന്നാൽ പോലും സാധാരണ കൃഷിക്കാക്കു്, ഉല്പന്നങ്ങളുടെ വില വദ്ധിച്ചിരിക്കുമ്പോഠം തന്നെ ബുദ്ധിമുട്ടു കൂടാതെ കൊടുത്തു തീക്കാൻ വിഷമമാണെന്നിരിക്കെ ഇപ്രകാരമുള്ള പലിശക്കു പണം വാങ്ങുന്നവർ കടത്തിൽ മുങ്ങുന്നതു അതിശയമല്ല. കഷ്കർ ഉണ്ടാക്കി വില്ക്കുന്ന അസംസ്കൃതസാധനങ്ങഠംക്കു വില വളരെ കുറവും, അവ സംസ്ക്കരിച്ചുണ്ടാക്കുന്ന പദാത്ഥങ്ങഠംക്കു വില കൂടുതലും ആണല്ലൊ. അതുകൊണ്ടു കഷകൻെറ ആദായം എന്നും തുച്ഛം തന്നെ. അസംസ്കൃത സാധനങ്ങഠം കൃഷിചെയ്തുണ്ടാക്കുന്ന രാജ്യക്കാക്കാകെ ലോകത്തിലുള്ള നില ഇപ്രകാരം തന്നെ. കോതമ്പും പഞ്ഞിയും അവർ ബുദ്ധിമുട്ടി കൃഷിചെയ്തു കുറഞ്ഞ വിലയ്ക്കു വ്യവസായ രാജ്യങ്ങളിലേയ്ക്കയയ്ക്കുന്നു. അതേ സാധനങ്ങഠം സംസ്കൃതരൂപത്തിൽ തിരിച്ചു വരുമ്പോഠം വലിയ വില കൊടുത്തു കഷക രാജ്യങ്ങഠം തന്നെ വാങ്ങണം. ഈ നില ഏററവും അനാശാസ്യമാണെന്നു പറയേണ്ടതില്ലല്ലൊ.

അനിശ്ചിതമായ വർഷപാതം, കൂടെക്കൂടെ കന്നുകാലികൾക്കുണ്ടാകുന്ന മഹാമാരി, ഉല്പന്നങ്ങളുടെ അസ്ഥിരമായ വില ഇങ്ങനെയുള്ള സ്ഥിതിഗതികൾ ആലോചിച്ചാൽ ഇന്ത്യയിലെ കൃഷി, പ്രത്യേകിച്ചും നെൽകൃഷി മുതലായവ, ആദായമില്ലാത്ത തൊഴിലായിത്തീൎന്നിരിക്കുന്നു. പിന്നെ എന്തിന്ന് കൎഷകർ ഈ ജോലിചെയ്യുന്നെന്നു ചോദിച്ചാൽ, മററുതൊഴിലുകൾ അവൎക്ക് വശമല്ലാത്തതുകൊണ്ടും കൃഷി ഏതാണ്ട്. അവരുടെ ജീവിതോദ്ദേശ്യമായി കരുതിവരുന്നതിനാലും മാത്രമാണെന്നു പറയാം. കൎഷവൃത്തിയുടെ ലാഭമില്ലായ്മ മൂലമാണ് ലാഭേച്ഛുക്കൾ തങ്ങളുടെ ഭൂമി സ്വന്തമായി കൃഷിചെയ്യാതെ അന്യൎക്ക് നല്ലപാട്ടത്തിന്നു കൊടുത്തിട്ട് കൂടുതൽ ആദായകരമായ പണവ്യാപാരം കൊണ്ടോ മററുതൊഴിലുകൾ കൊണ്ടോ കാലയാപനം ചെയ്യുന്നതു്. 100 ഉറുപ്പിക 6 ശതമാനം പലിശയ്ക്കു കൊടുത്താൽ ആ സംഖ്യയ്ക്കു ഭൂമി സമ്പാദിക്കുന്നവന്നു കിട്ടുന്നതിൽ കൂടുതൽ ആദായം കിട്ടും. സാധനങ്ങൾക്കു ന്യായമായവില കിട്ടുന്ന കാലങ്ങളിൽ പോലും നെൽകൃഷി മുതലായവയിൽനിന്നു കിട്ടുന്ന ലാഭം തീരെതുച്ഛമായിരിക്കെ വില തീരെ ഇടിഞ്ഞിരിക്കുന്ന ഇക്കാലത്തെ നില എത്ര കഷ്ടമാണെന്നു വിവരിക്കേണ്ടതില്ലല്ലൊ.

എങ്ങിനെനോക്കിയാലും കൎഷകൻെറ നില അത്യന്തം ശോചനീയം തന്നെ. കൃഷിപ്പിഴകൊണ്ടും മററുമുണ്ടാകുന്ന സകലനഷ്ടങ്ങളും അവൻ തന്നെ സഹിക്കേണ്ടിവരുന്നു. വിളവിന്മേൽ ആദ്യചാർജ്ജ് ഗവൎമ്മെ

ൻറിനും രണ്ടാമത്തതു കടം കൊടുക്കുന്നവനുമാണെന്നു പറയാം. എന്നാൽ സകലകഷ്ടനഷ്ടങ്ങളും സഹിച്ചു് കൃഷിചെയ്തുണ്ടാക്കുന്നവനു് ലാഭം തുച്ഛമെന്നുമാത്രമല്ല അവൻെറ വേലയ്ക്കുള്ള ന്യായമായ കൂലിപോലും കിട്ടുകയില്ല. യാതൊരു നഷ്ടങ്ങളും അനുഭവിക്കാതെ ജോലി ചെയ്യുന്ന നാൾമുതൽ കൂലിവാങ്ങുന്ന വ്യവസായജോലിക്കാരുടെ കഷ്ടാവസ്ഥയെപ്പററി അനുശോചിക്കാൻ ധാരാളമാളുകളുണ്ടു്. ഗവമെൎമ്മൻറുകമ്മിററികൾ വളരെപ്പണം വ്യയം ചെയ്തു് രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് വ്യവസായികളുടെ കൂലിയെയും താമസസൗകൎയ്യങ്ങളേയുംപ്പററി അന്വേഷിക്കുന്നു. എന്നാൽ അഹോരാത്രം പരിശ്രമംചെയ്തു്, തൻെറ ജോലിയിൽനിന്നു വല്ലലാഭവുമുണ്ടായിരുന്നാൽ അതു് അവസാനമായിമാത്രം അനുഭവിക്കുന്ന കൃഷകൻെറ പേരിൽ ആൎക്കും അനുകമ്പയില്ല. വൃത്തിഹീനമായ കുടിലുകളിൽ താമസിച്ചും പ്രയാസമേറിയ എല്ലാപ്രവൃത്തിയുമെടുത്തും ലോകൎക്കാവശ്യമുള്ള ആഹാരസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന കൃഷകനു മിക്കവാറും പട്ടിണിതന്നെയാണാധാരം. ഈ അസമത്വം അതിൻെറ അനിഷ്ടഫലങ്ങളെ വരുത്തിക്കൂട്ടിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ സാമ്പത്തികാധഃപതനം അതിൻെറ ഒരു പ്രധാനഫലമാണു്. കൃഷിജോലിയിൽ ഉദ്യുക്തരായ ലോകത്തിലെ 70 ശതമാനം ആളുകൾക്കു് നാട്ടിലെ മുതലെടുപ്പിൻെറ ന്യായമായ ഒരംശം കൊടുക്കാത്തിടത്തോളം കാലം രാജ്യത്തു് ഐശ്വൎയ്യം നിലനില്ക്കുകയില്ല. അപ്രകാരം തന്നെ ജനബാഹുല്യമുള്ള കൃഷകരാജ്യങ്ങൾക്കു് ലോകത്തിൽ മൊത്തമായുണ്ടാകുന്ന ആദായത്തിൻെറ ന്യായ

മായ ഒരംശം കൊടുക്കാതിരുന്നാൽ വാണിജ്യവ്യവസായങ്ങൾക്ക് സ്ഥിരമായ മേന്മ ഉണ്ടാകയില്ലെന്നു മാത്രമല്ല ഇപ്പോഴത്തെപ്പോലെയുള്ള സാമ്പത്തികാധ:പതനങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും.

---

## അദ്ധ്യായം രണ്ട്

## കടബാദ്ധ്യതയുടെ പൂർവ ചരിത്രം

ഇന്ത്യക്കാർക്ക് ഋണബാദ്ധ്യത ജന്മസിദ്ധമാണെന്നു വേണം പറയാൻ. ഇന്ത്യൻകൃഷകർ കടക്കാരല്ലാതിരുന്നിട്ടുള്ള ഒരുകാലം ചരിത്രത്തിൽ കാണുന്നില്ല. എന്നാൽ പ്രാചീനകാലങ്ങളിൽ കരയോഗം, പഞ്ചായത്തു മുതലായ ഗ്രാമീണസംഘടനകളുടെ പ്രാബല്യംകൊണ്ട് കടം അധികം വദ്ധിക്കാതെയും വസ്തു അന്യാധീനപ്പെട്ടുപോകാതെയും കഴിഞ്ഞുകൂടിയിരുന്നു. അക്കാലങ്ങളിൽ ഇന്നു നാം അറിയുന്ന പ്രകാരമുള്ള ഭൂസമ്പത്തുടമസ്ഥത ഉണ്ടായിരുന്നില്ല. ഗ്രാമക്കാരുടെ എല്ലാം സമ്മതംകൂടാതെ അന്യർക്ക് ഒരു ഗ്രാമത്തിൽ വസ്തുവാങ്ങാൻ സാധിക്കയില്ലായിരുന്നു. ഇന്ത്യയിൽ പല പ്രദേശങ്ങളിലും കൊടുത്ത മുതലിനെക്കാൾ കൂടുതൽ പലിശ വാങ്ങാൻ പാടില്ലെന്നുള്ള ഒരു പുരാതന ചട്ടം (ദാംദുപട്ട്

എന്നു പറയും) ഇന്നും നിലനിന്നുപോരുന്നുണ്ടു്. ഇങ്ങനെയുള്ള സംരക്ഷണങ്ങളുണ്ടായിരുന്നതുകൊണ്ടു് ഋണബാദ്ധ്യതയുടെ ഘോരമായവശം കൃഷകർ അറിഞ്ഞിരുന്നില്ല. പോരെങ്കിൽ അവ കടം കൊടുക്കുന്നവരുടെ അന്യായമായ ആഗ്രഹങ്ങൾക്കു് ശക്തിയേറിയ പ്രതിബന്ധങ്ങളും കൂടി ആയിരുന്നു.

ഒരു നൂറു വഷം മുമ്പു് ഇന്ത്യയിൽ ഒരു രാഷ്ട്രീയ ഭരണഘടനയുണ്ടായി. സാമുദായികകാര്യങ്ങളിൽ മാത്രമല്ല സാമ്പത്തികവിഷയങ്ങളിലും ഗവമ്മെൻറിൻെറ ശക്തി മുമ്പത്തെക്കാൾ വദ്ധിച്ചു. രാഷ്ട്രീയഭരണഘടന സുസ്ഥാപിതമായതോടുകൂടി ഗ്രാമയോഗങ്ങളുടെ പ്രാബല്യം ക്ഷയിച്ചുതുടങ്ങി. പത്തൊമ്പതാംനൂററാണ്ടിൽ ഗവമ്മെൻറു നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങളിൽ പലതും കടം വദ്ധനയ്ക്കു വളം വയ്ക്കുകയാണു് ചെയ്തതു്. അന്നുണ്ടായ കണ്ടെഴുത്തുമൂലം സ്ഥാവരവസ്തുക്കളിൽ ജനങ്ങൾക്കു പൂണ്ണമായ ഉടമസ്ഥാവകാശം സിദ്ധിച്ചു. ഇതു് അത്ഭുതപൂർവ്വമായ ഒരു പരിഷ്കാരമായിരുന്നു. ഈ പരിഷ്കാരത്തിനുശേഷം വസ്തുക്കളുടെ വില വദ്ധിക്കുകയും തദ്വാരാ ഭൂസ്വത്തുടമസ്ഥന്മാരുടെ പ്രാമാണ്യം ഉദ്ധതമാവുകയും ഉണ്ടായി. പിന്നീടുണ്ടായ ജന്മികുടിയാൻ നിയമംകൊണ്ടു് കുടിയാനവന്മാരുടെ നിലയും സുസ്ഥിരമാവുകയും അവക്കും വസ്തുക്കളിൽ സാരമായ ഒരവകാശം സിദ്ധിക്കുകയും ചെയ്തു. കരം കൊടുക്കാനുള്ള വിഷമംകൊണ്ടു് ഒരനിഷ്ടസാധനമായി കരുതിപ്പോന്നിരുന്ന ഭൂസ്വത്തു് ഒരു സമ്പാദ്യമായും കടം വാങ്ങാനൊരെളുപ്പവഴിയായും ജനങ്ങൾ കരുതിത്തുടങ്ങി. രണ്ടാമ

തായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സിവിൽ കോടതികൾ സ്ഥാപിക്കുകയും പുതിയ സിവിൽ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തതു് കടം കൊടുത്തവർക്ക് ഒരു വലിയ സഹായമായി. പഴയകാലങ്ങളിൽ അനുവദനീയമല്ലാതിരുന്ന അവകാശവാദങ്ങൾ അവർക്ക് നിയമാനുസരണം പുറപ്പെടുവിക്കാമെന്നുള്ള നിലയായി. ഈ കോടതികളിൽ നടപ്പിലായ ഇന്ത്യൻ കോൺട്രാക്ട് ആക്ട്, (കരാർനിയമം) സിവിൽ നടപടിനിയമം മുതലായവ കടക്കാരുടെ കന്നുകാലികളേയും മററു കാർഷികോപകരണങ്ങളേയും ജപ്തിചെയ്യാനും അവരെ ജയിലിൽ പാർപ്പിക്കാനും അനുവദിച്ചു. ഈ തരത്തിലുള്ള ചട്ടങ്ങൾ രാജ്യത്തിന്റെ സാമ്പത്തികവും സാന്മാർഗ്ഗികവുമായ വളർച്ചയ്ക്കു് ഒരു കോടാലിയായി പരിണമിച്ചെന്നു പറയേണ്ടിയിരിക്കുന്നു. റെജിസ്ട്രേഷൻ ആക്ട്, ട്രാൻസ്ഫർ ആഫ് പ്രോപ്പട്ടി ആക്ട് മുതലായ പുതിയ ചട്ടങ്ങൾ രൂപവൽകൃതമായതോടുകൂടി വസ്തുക്കൾ പണയപ്പെടുത്തുന്നതിനും കൈമാററം ചെയ്യുന്നതിനും സൌകര്യം കൂടുകയും പണയങ്ങൾ എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചുവരുകയും ചെയ്തു. മുൻപറഞ്ഞ ചട്ടങ്ങളെല്ലാം ഇന്ത്യക്കാരുടെ സാമ്പത്തികനിലയെയും ധനസമ്പാദനമാർഗ്ഗങ്ങളെയും പരിഷ്കൃതനിലയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നു. എന്നാൽ അവ അഭ്യസ്തവിദ്യരുടെ അവകാശങ്ങളെയും അധികാരങ്ങളെയും സംരക്ഷിക്കുകയും വിദ്യാഭ്യാസവിഹീനരായ ഭൂരിപക്ഷം ജനങ്ങളെയും നാശഗർത്തത്തിലേക്കാനയിക്കുകയുമാണുണ്ടായതു്.

സ്ഥാവരവസ്തുക്കളിൽ സുസ്ഥിരമായ ഒരവകാശമുണ്ടായിരിക്കുന്നതു ഒരനുഗ്രഹം തന്നെയായിരിക്കാം. പക്ഷെ ഇന്ത്യൻ കൃഷകരെ സംബന്ധിച്ചിടത്തോളം അതൊരു ശാപമായി തീൎന്നിട്ടുണ്ടെന്നു സമ്മതിച്ചേ തീരു. "കടംവാങ്ങാനുള്ള ത്രാണി ഒരു ഭൂസ്വത്തുടമസ്ഥന് താല്ക്കാലികമായ സഹായമാണെങ്കിലും പ്രായേണ അതു് അവനു കാലപാശമായിത്തീരുന്നു" എന്നു് ജീഡ് എന്ന ഫ്റഞ്ച് അൎത്ഥശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് എത്രയും വാസ്തവമാണു്. വിവേകപൂൎവ്വമായും മിതമായും പണം ചെലവുചെയ്യുന്നവനു മാത്രമെ ഭൂസ്വത്തു ഒരു സമ്പാദ്യമാവുകയുള്ളു. എന്നാൽ ഇന്ത്യക്കാർ ഇതുവരെ ഈ പരമാൎത്ഥം ഗ്രഹിച്ചിട്ടില്ല. ഭൂസ്വത്തുള്ളവനു കടം കിട്ടാൻ വിഷമമുണ്ടാവുകയില്ല. എന്തെങ്കിലും ഒരടിയന്തിരം ഉണ്ടാകുമ്പോൾ സാധാരണ ഇന്ത്യാക്കാർ ആവശ്യത്തിൽ കൂടുതൽ പണം കടം വാങ്ങും. വാങ്ങിയ സംഖ്യകൊടുത്തു തീൎക്കാൻ സാധിക്കാതാകുമ്പോൾ അവർ വസ്തുക്കൾ അന്യാധീനപ്പെടുത്തുകയാണു പതിവു്. ഒരിന്ത്യാക്കാരനു ഭൂസ്വത്തുള്ളതുകൊണ്ടു് പണം കടം വാങ്ങാൻ സാധിക്കുമെന്നൊരു മെച്ചം മാത്രമെയുള്ളു.

ആധുനികരീതിയിലുള്ള കോടതികൾ ഉണ്ടാകുന്നതിനുമുമ്പു് ഗ്രാമാധികാരികളും പഞ്ചായത്തുകളുമാണു് കടം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നതു്. എന്നാൽ ദേശമുറപ്രകാരമുള്ള തീരുമാനങ്ങളെ അവർ ചെയ്തിരുന്നുള്ളു. കടംവാങ്ങുമ്പോൾ വസ്തു പണയം കൊടുക്കുന്ന ഏൎപ്പാടുതന്നെ ഇന്ത്യയിൽ പലഭാഗങ്ങളിലും മുമ്പുണ്ടായിരുന്നില്ല. കടക്കാരന്റെ വസ്തു കോട

തികളുടെ തീരുമാനപ്രകാരം വിളിക്കുന്ന മുറയും മിക്കവാറും മുമ്പുണ്ടായിരുന്നതല്ല. പുതിയകോടതികളുണ്ടായതോടുകൂടി, കടത്തിനായി വസ്തുവില്പന ധാരാളമാവുകയും കൃഷകരുടെ ഭൂമി അടിക്കടി പൊലികടക്കാരുടെ കൈവശമായിത്തീരുകയും വക്കീലന്മാർക്കു് ധാരാളം വരവുണ്ടാവുകയുംചെയ്തു. ഇന്ത്യയിലെ നാട്ടുനടപ്പിനു യോജിക്കാത്ത വിദേശീയ സിവിൾ നിയമങ്ങളും നടപടിക്രമങ്ങളുംമൂലമാണു് ഇങ്ങനെയുള്ള വിപത്തുകളുണ്ടായതു്. കോടതികൾ ഉണ്ടാകുന്നതിനുമുമ്പും സാവുക്കാരന്മാരുടെ ഇടപാടുകൾ പലവിധത്തിലും അക്രമപ്പെട്ടവയായിരുന്നു. കടക്കാരന്റെ പടിക്കൽ പോയി "ധാർണ" നില്ക്കുന്ന സമ്പ്രദായം വടക്കൻ പ്രദേശങ്ങളിൽ പണ്ടുകാലങ്ങളിൽ നടപ്പുണ്ടായിരുന്നതാണു്. പണം കിട്ടുന്നതുവരെ മുതലാളൻ ഊണു കഴിക്കാതിരിക്കയും കടക്കാരന്റെ വീട്ടിൽ അരിവയ്ക്കാൻ സമ്മതിക്കാതിരിക്കയും കടക്കാരനെ പുറത്തിറക്കാതിരിക്കയും മുമ്പു് അസാധാരണമായിരുന്നില്ല. ഇന്നും ഈ സമ്പ്രദായങ്ങൾ ചിലദിക്കുകളിൽ നടപ്പുണ്ടു്. ഇപ്രകാരം "ധാർണ" നില്ക്കുന്നതിനു് ചിലപ്പോൾ ബ്രാഹ്മണരെയാണു് സാവുക്കാരന്മാർ ഏല്പ്പെട്ടത്തിരുന്നതു്. ബ്രാഹ്മണർ പട്ടിണികിടക്കുന്നതു മഹാപാതകമാണെന്നു പരക്കെയുള്ള വിശ്വാസമാണിതിനുകാരണം. (പൂർവ്വികമായ ഈ ധാർണമുറയെ ആശ്രയിച്ചാണത്രെ മഹാത്മാഗാന്ധി തന്റെ സത്യാഗ്രഹരീതി രൂപീകരിച്ചതു്).

## കടബാദ്ധ്യതയുടെ വർദ്ധനവു്

ഉല്പന്നങ്ങളുടെ വില വർദ്ധിക്കുന്നതോടുകൂടി ജനാ

ബാദ്ധ്യതയും വർദ്ധിക്കുമെന്നു് ഡാർളിങ്ങ് എന്ന ഗ്രന്ഥകാരൻെറ അഭിപ്രായം സാർത്ഥമാണെന്നു കഴിഞ്ഞ നൂറുകൊല്ലത്തെ അനുഭവങ്ങൾ കൊണ്ടറിയാമല്ലോ. ഉല്പന്നങ്ങളുടെയും ഭൂസ്വത്തിൻെറയും വില അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്ന കഴിഞ്ഞ നാല്പതുകൊല്ലക്കാലത്തു ഋണബാദ്ധ്യതയും യഥാക്രമം വർദ്ധിച്ചിട്ടുണ്ടായിരിക്കണം. സൂക്ഷ്മമായ കണക്കുകൾ നമുക്കു ലഭിച്ചിട്ടില്ലെങ്കിലും ഭൂമിക്കും ഉല്പന്നങ്ങൾക്കും വിലകൂടുമ്പോൾ മൊത്തത്തിലുള്ള കടവും ശരാശരി ഏക്കറൊന്നുക്കുള്ള പണയ ബാദ്ധ്യതയും വർദ്ധിക്കുമെന്നു പല പര്യന്വേഷണങ്ങളിൽ നിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

പഞ്ചാബിൽ 1900-നു ശേഷമുള്ള നാലുകൊല്ലങ്ങളിൽ ഏക്കറൊന്നുക്കുള്ള പണയ ബാദ്ധ്യത 19 രൂപയായിരുന്നു. 1924-ആയപ്പോഴേയ്ക്കും ആ തുക 85-രൂപയായി വർദ്ധിച്ചു. അവിടെ നിന്നും കയററുമതി ചെയ്തിട്ടുള്ള സാധനങ്ങളുടെ വില ഈ കൊല്ലങ്ങൾക്കിടയിൽ 105 ശതമാനമെ വർദ്ധിച്ചുള്ളു എങ്കിലും അതേ കാലത്തു പണയ ബാദ്ധ്യത 347 ശതമാനം വർദ്ധിച്ചു. മദ്രാസ് പ്രസിഡൻസിയിൽ 1891-ൽ വസ്തു പണയം കൊടുത്തു വാങ്ങിയ കടത്തിൻെറ ആകെത്തുക $6\frac{1}{2}$ കോടി രൂപയായിരുന്നു. 1900-ൽ അതു് $7\frac{3}{4}$ കോടിയും 1914-ൽ 20 കോടിയും ആയിത്തീൎന്നു. ഈ തോതിലുള്ള വർദ്ധന എല്ലാസ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടു്. താഴെ കൊടുത്തിരിക്കുന്ന പട്ടിക മദ്രാസ് സംസ്ഥാനത്തിലെ കട ബാദ്ധ്യതയെ കുറിക്കുന്നു.

| ആണ്ട് | പണയങ്ങളുടെ എണ്ണം | പണയത്തിൻെറ ആകെ തുക |
|---|---|---|
| 1900 | 364811 | 77575561 |
| 1905 | 450402 | 88087142 |
| 1910 | 520831 | 123363327 |
| 1915 | 518178 | 150371306 |
| 1920 | 593761 | 206208902 |
| 1924 | 506918 | 199418477 |
| 1927 | 525747 | 250567·2473 |
| 1930 | 444182 | 189394547 |
| 1932 | 418235 | 176850031 |

1929-ന ശേഷം ഉല്പന്നങ്ങളുടെ വിലവളരെ ഇടിഞ്ഞതോടുകൂടി പണയങ്ങളുടെ എണ്ണവും അല്പാല്പം കുറഞ്ഞു തുടങ്ങി. എന്നാൽ വില താഴ്ചയ്ക്കനുസരിച്ചുള്ള ഒരു കുറവു കാണുന്നില്ല. 1926-നും 1932-നും മദ്ധ്യേ ഇന്ത്യയിൽ നിന്നും കയററുമതി ചെയ്തിട്ടുള്ള സാമാനങ്ങളുടെ വില 47 ശതമാനം കുറവായപ്പോൾ കടത്തിൻെറ തുക 16 ശതമാനമെ കുറഞ്ഞുള്ളു. പക്ഷെ പണയങ്ങളുടെ എണ്ണത്തിന് ഇതിലും തുച്ഛമായ ഒരു കുറവാണ് കാണുന്നതു. പണയങ്ങളുടെ എണ്ണത്തിനു വലിയ കുറവു കാണാത്തതു് പുതിയ പണയങ്ങൾ ഉണ്ടായതുകൊണ്ടാണെന്നു തോന്നുന്നില്ല. ഭൂമിയ്ക്കു വില കുറഞ്ഞതോടു കൂടി പഴയ കടങ്ങൾക്ക് ഉറപ്പു പോരാതെ വരികയും കടക്കാൎക്ക് പുതിയ പണയാധാരങ്ങളും പുറവായ്പകളും എഴുതാതെ നിവൃത്തിയില്ലാതാവുകയും ചെയ്തു. ഇതുകൊണ്ടാണ് പണയങ്ങളുടെ എണ്ണത്തിന് സാരമായ കുറവൊന്നും കാണാത്തതു്.

മദ്രാസ് സംസ്ഥാനത്ത് പലഭാഗങ്ങളിലും കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലുണ്ടായ പണയങ്ങൾ മിക്കതും ഈ തരത്തിലുള്ളവയാണ്. പണം കൊടുക്കുന്നതിനും വാങ്ങുന്നതിനും ജനങ്ങൾക്ക് വൈമനസ്യമുണ്ടായിത്തുടങ്ങിയിരിക്കുന്നതുകൊണ്ട് പുതിയ പണയങ്ങൾ വളരെ അപൂർവ്വമായിട്ടെ ഇപ്പോൾ ഉണ്ടാകാറുള്ളു. 1930-ൽ കൈച്ചീട്ടിന്മേൽ വാങ്ങിയ കടം ഉദ്ദേശം നാലുകോടിയായിരുന്നതു 1932-ൽ ഒരു കോടിയായികുറഞ്ഞു. ഈ സംഗതി നമ്മുടെ അനുമാനത്തെ ബലപ്പെടുത്തുന്നുണ്ട്.

ഇന്ത്യയിൽ ഓരോ സംസ്ഥാനത്തിലുമുള്ള കടത്തിന്റെ മൊത്തത്തുകയും പ്രധാന ഉല്പന്നങ്ങളിൽ നിന്നുള്ള വരവും താഴെചേൎക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

| സംസ്ഥാനത്തിന്റെ പേര് | ജനസംഖ്യ ലക്ഷം | കടത്തിന്റെ തുക കോടി രൂപ | ഒരു കൃഷിക്കാരന്റെ കടം രൂപ |
|---|---|---|---|
| മദ്രാസ് | 460 | 150 | 50 |
| ബോംബെ | 218 | 81 | 49 |
| ബംഗാൾ | 501 | 100 | 31 |
| ഐക്യസംസ്ഥാനം | 484 | 124 | 36 |
| ബൎമ്മ | 146 | 50-60 | ,, |
| മദ്ധ്യസംസ്ഥാനം | 155 | 36 | 30 |
| പഞ്ചാബ് | 235 | 135 | 92 |
| ബീഹാർ-ഒറീസ്സ | 376 | 155 | 31 |
| മദ്ധ്യദേശങ്ങൾ | ,, | 18 | ,, |
| ബ്രി. ഇന്ത്യ ആകെ | 2715 | 881 | ,, |
| ഹൈദരാബാദ് | 144 | ,, | ,, |
| മൈസൂർ | 65 | ,, | ,, |
| തിരുവിതാംകൂർ | 50 | 27 | 54 |

## സാവുക്കാരന്മാർ

കടം കൊടുക്കുന്ന കൂട്ടർ ആരാണെന്നുള്ള സംഗതി ഈ ഘട്ടത്തിൽ വിശദമാക്കേണ്ടതായിട്ടുണ്ട്. "സാവുക്കാർ" എന്നൊരുപദം മുകളിൽ ഉപയോഗിച്ചിട്ടുണ്ടല്ലോ. ഈ പേർ കേരളത്തിൽ പലക്കും പരിചിതമല്ലായിരിക്കും. പണവ്യാപാരം പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ളവരെയാണ് സാവുക്കാർ എന്നു വടക്കൻ പ്രദേശങ്ങളിൽ വിളിക്കുന്നതു്. ആ പ്രദേശങ്ങളിൽ കടം കൊടുക്കുന്നതു പ്രത്യേക ജാതിക്കാരാണ്. പുരാതനകാലം മുതല്ക്കു വൈശ്യജാതിക്കാരാണ് കച്ചവടം ചെയ്യുകയും പൊലികടം കൊടുക്കുകയും ചെയ്തിരുന്നതു്. ഉത്തരഇന്ത്യയിൽ പ്രധാനമായി ബനിയാന്മാർ, മാർവാടികൾ, ജൈനന്മാർ മുതലായ വർഗ്ഗക്കാർ പണവ്യാപാരത്തിലേർപ്പെട്ടിരിക്കുന്നു. ഇക്കൂട്ടരാണ് അവിടത്തെ സാവുക്കാരന്മാർ. തെക്കേഇന്ത്യയിൽ നാട്ടുക്കോട്ടച്ചെട്ടി, വാണിയച്ചെട്ടി, കോമട്ടിച്ചെട്ടി എന്നീക്കൂട്ടരും ചിലസ്ഥലങ്ങളിൽ തമിഴ്ബ്രാഹ്മണരും പണവ്യാപാരം ചെയ്യുന്നുണ്ടു്. ഇവക്ക് കൃഷികവൃത്തി അടുത്തകാലത്തെങ്ങും ഉണ്ടായിരുന്നില്ല. സ്വത്തുടമസ്ഥന്മാരാകണമെന്ന് അവക്കാഗ്രഹവുമില്ല. അടുത്തകാലത്തു അവർ സ്വത്തുടമസ്ഥന്മാരായിത്തീർന്നിട്ടുണ്ടെങ്കിൽഅതു് അവരുടെ പണം മറെറാരുതരത്തിലും ഈടാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടായിരിക്കണം. ഓരോഗ്രാമങ്ങളിലും ഇവരിൽകുറേപ്പേർ ഉണ്ടായിരിക്കും. മിക്കപ്പോഴും അവർ കച്ചവടവും പണവ്യാപാരവും ഒരുമിച്ചാണ് നടത്താറുള്ളതു്. ഗ്രാമത്തിലാവശ്യമുള്ള തുണി മുതലായ ചരക്കുകൾ അവർ വില്ക്കുകയും അവിടത്തെ

ഉല്പന്നങ്ങൾ വിലയ്ക്കെടുക്കുകയും ചെയ്യുന്നു. കച്ചവടംകൂടി അവർക്കുള്ളതുകൊണ്ടാണ് പണവ്യാപാരം വിജയകരമായി നടത്താൻ അവർക്കു സാധിക്കുന്നതു്. ഇവർക്കു് ഗ്രാമത്തിലെ ജനങ്ങളുമായി സാമൂഹ്യമായ ബന്ധം ഒന്നും തന്നെ സാധാരണയായിട്ടില്ല. വിദേശീയരെപ്പോലെയാണവരുടെ പെരുമാററം. ഇക്കാരണത്താലാണ് ഉത്തമർണ്ണനും അധമർണ്ണനും തമ്മിൽ വടക്കേസംസ്ഥാനങ്ങളിൽ വലിയ രസക്കേടുണ്ടായിട്ടുള്ളതു്. അതുകൊണ്ടു് അത്യാഗ്രഹികളായ ഉത്തമർണ്ണന്മാരെ മർദ്ദിക്കാനായി കർശനമായ പലചട്ടങ്ങളും ഗവമ്മെണ്ടിന് നിർമ്മിക്കേണ്ടതായി വന്നിട്ടുണ്ടു്.

മദ്രാസ്സംസ്ഥാനത്തിലെ വിശേഷിച്ചു് കേരളത്തിലെ നില ഇതിൽനിന്നും ഭിന്നമാണു്. മുൻകാലങ്ങളിൽ പൊലികടക്കാർ അധികവും ചെട്ടികളും തമിഴ് ബ്രാഹ്മണരുമായിരുന്നെങ്കിലും ഇക്കാലത്തു് അതതുകരകളിലുള്ള മിതവ്യയശീലക്കാരും ദീർഘദൃഷ്ടികളും ആയ കൃഷികർത്തന്നെയാണ് പ്രധാനമായി പൊലികടം കൊടുക്കുന്നതു്. അടുത്തകാലത്തു് ബാങ്കുകൾ സ്ഥാപിച്ചിട്ടുള്ളവർ തന്നെയും മിക്കവാറും സ്വത്തുടമസ്ഥന്മാരും കൃഷിതങ്ങളുടെ പ്രധാനജോലിയായിട്ടുള്ളവരുമാണല്ലോ. തന്മൂലം കടക്കാരനും മുതലാളിയും തമ്മിൽ സാമൂഹ്യമായഭേദം മററുപ്രദേശങ്ങളിലെപ്പോലെ കേരളത്തിലുണ്ടെന്നു പറഞ്ഞുകൂടാ. സമീപസ്ഥനും ബന്ധുവുമായ ഒരു പൊലികടക്കാരൻ ചിലപ്പോൾ ദൂരസ്ഥനും ഭിന്നജാതിക്കാരനുമായ ഉത്തമർണ്ണനെക്കാൾ നിർദ്ദയനായിരുന്നേക്കാമെങ്കിലും നാടൊട്ടുക്കു സാമാന്യമായനില അപ്രകാരമായിരിക്കയില്ല. വടക്കേഇന്ത്യയിലും മററും നടപ്പിലായിട്ടുള്ള നിയമങ്ങളും ഋണനിവാരണപദ്ധതികളും ഈ നാട്ടിൽ സ്വീകരിക്കുന്ന സംഗതിയിൽ ഇക്കാര്യം വിസ്മരിക്കാവുന്നതല്ല.

## അദ്ധ്യായം മൂന്നു്

## കടബാദ്ധ്യതകൊണ്ടുള്ള ദോഷഫലങ്ങൾ

---

കടത്തിൻെറ അനന്തര ഫലങ്ങൾ രാജ്യത്തിൻെറ സാമ്പത്തികമായ വശത്തെ മാത്രമല്ല സാമുദായികവും സാന്മാൎഗ്ഗികവുമായ വശങ്ങളെ കൂടി മലിനപ്പെടുത്തുന്ന വയാണു്. കടത്തിൽ മുങ്ങിയ ഒരു കൃഷികന്നു് കൃഷിയിൽ എത്രമാത്രം ജാഗ്രതയുണ്ടാകുമെന്നു നമുക്കാലൊചിച്ചു കൂടെ? അവന്നു് ഉത്തമരീതിയിൽ കൃഷിചെയ്തു ആദായം വൎദ്ധിപ്പിക്കുവാനൊ ഭൂമിയെ കൂടുതൽ ഫലപ്രദമാക്കുവാനൊ മനസ്സുണ്ടാവുകയില്ല. കൃഷിഡിപ്പാൎട്ടുമെൻറിൻെറ പ്രയത്നം നിഷ്ഫലമായി പരിണമിക്കുന്നതിനുള്ള ഒരു പ്രധാന കാരണം ഇതുതന്നെയാണു്. കടം വൎദ്ധിക്കുമ്പോൾ കൃഷികൻ ഭഗ്നോത്സാഹനും അലസനുമായി ത്തീരുന്നു. അഥവാ അവൻ ജോലി ചെയ്താൽ ഉല്പന്ന ങ്ങളെ ന്യായമായ വിലയ്ക്കു് വിററഴിക്കാൻ അവന്നു് സാധിക്കുകയുമില്ല. എന്തെന്നാൽ, മിക്കവാറും കടം കൊടുത്തവന്നു തന്നെ ഉല്പന്നങ്ങൾ വില്ക്കേണ്ടിവരും. കടം കൊടുത്തവൻ കൃഷികൻെറ ക്ഷേമത്തെക്കാൾ സ്വന്തം ആദായത്തെയാണു് കൂടുതൽ ആഗ്രഹിക്കുന്നതെന്നു പ്രത്യക്ഷമാണല്ലൊ. വിളവടച്ചു കച്ചവടം ചെയ്യണമെ ന്നു് അയാളാവശ്യപ്പെട്ടാൽ കൃഷികന്നു് സമ്മതിക്കുകയേ തരമുള്ളൂ. പണം കൊടുത്തവന്നു തന്നെ വിളവുകൾ വില്ക്കേണ്ടതായിവരുന്നതുകൊണ്ടു ന്യായമായ വില കിട്ടാതെ കൃഷികൻവലയുന്നുണ്ടു്. അതുകൊണ്ടു് വില്പനയ്ക്കായി

സംഘകരണ സംഘങ്ങൾ സ്ഥാപിച്ച് തങ്ങളുടെ ചരക്കുകൾ മൊത്തമായി വിററു തീർത്താൽ മാത്രമെ എന്തെങ്കിലും ലാഭമുണ്ടാവുകയുള്ളൂ.

സാധാരണമായി കടം വാങ്ങുന്നവൻെറ സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോവുകയാണ് പതിവ്. ഉല്പന്നങ്ങൾക്ക് അസാധാരണമായ വിലക്കൂട്ടതലോ ഗുണകരമായ മററെന്തെങ്കിലും സംഭവങ്ങളൊ ഉണ്ടാകാത്തപക്ഷം വസ്തു പണയം കൊടുക്കുന്നവന് ഒടുവിൽ അതു വില്ക്കേണ്ടതായിട്ടേ വന്നു കൂടൂ. വസ്തുക്കൾ ഇങ്ങനെ അടിയ്ക്കടി കൈമറിഞ്ഞുകൊണ്ടാണിരിക്കുന്നതു്. മദ്രാസ് സംസ്ഥാനത്തിലുള്ള പലേ ഗ്രാമങ്ങളിലും ഒരു തലമുറ കഴിയുമ്പോൾ വസ്തുക്കൾ ഒട്ടുമുക്കാലും തന്നെ കൈമാറുന്നുണ്ടെന്നാണ് ചില നിരിക്ഷകന്മാർ അഭിപ്രായപ്പെടുന്നതു്. ഇതിൻെറ വാസ്തവം എങ്ങിനെയായിരുന്നാലും ചില സ്ഥലങ്ങളിൽ 50 കൊല്ലത്തിനിടയിൽ മിക്ക വസ്തുക്കളും കൈമറിഞ്ഞിട്ടുള്ളതായി കാണുന്നുണ്ടു്. വസ്തുക്കൾ ഇങ്ങിനെ കൂടെക്കൂടെ കൈമാറുന്നതു് ഏതൊരു സമുദായത്തിനും വലിയൊരുനഷ്ടം തന്നെയെന്ന് ഖണ്ഡിച്ചു പറയാം. എന്നാൽ ഇതുകൊണ്ടു് രാജ്യത്തിൻെറ സാമ്പത്തികനിലയ്ക്കു് ഇടിവു് വരുമോ എന്ന് ചിലർ സംശയിക്കാറുണ്ടു്. കടക്കാരൻെറ വസ്തുവാങ്ങുന്നതു് നല്ല ഒരു കൃഷിക്കാരനാണെങ്കിൽ ഭൂമികൂടുതൽ ഫലവത്തായിത്തീരാതിരിക്കയില്ല. എന്നാൽ സാധാരണ വസ്തുക്കൾ വാങ്ങുന്നതു വലിയമുതലാളന്മാരൊ സാവുക്കാരന്മാരൊ ആയിരിക്കും. അവർ വസ്തുക്കൾ പാട്ടത്തിനു്

കൊടുക്കുന്നതല്ലാതെ തന്നെത്താൻ കൃഷിചെയ്യാറില്ല. അതുകൊണ്ടാണു് പലസ്ഥലങ്ങളിലും വെൺപാട്ടവസ്തുക്കൾ കൂടുതലായി വരുന്നതു്. അവയിൽ ശാശ്വതമായ യാതൊരുദേഹണ്ഡങ്ങളും കാണുകയില്ലതാനും. പഞ്ചാബു്, മദ്രാസ് മുതലായ പ്രദേശങ്ങളിൽ പണം കടം കൊടുക്കുന്നവർ അധികവും സ്വത്തുടമസ്ഥന്മാരും കൂടിയാകയാൽ വസ്തുകൈമാററം ചെയ്യുന്നതുകൊണ്ടു് കൃഷിക്കു വലിയ ഹാനിയൊന്നും സംഭവിക്കാറില്ലെന്നു ഇന്ത്യൻ ബാങ്കിങ്ങു് കമ്മിററിറിപ്പോർട്ടിൽ കാണുന്നു. ഈ അഭിപ്രായത്തോടു യോജിക്കാൻ കുറെ വിഷമമുണ്ടു്. ഭൂസ്വത്തുടമസ്ഥന്മാർ തന്നെത്താൻ കൃഷിചെയ്യാത്തിടത്തോളം കാലം പാട്ടക്കാരുടെ എണ്ണം വർദ്ധിക്കാതിരിക്കയില്ല. വെറും പാട്ടവസ്തുക്കളിൽ കൃഷിചെയ്യുന്നതു ആദായകരമല്ലെന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സ്വന്തവസ്തുക്കൾ കൃഷിചെയ്തു കാലയാപനം ചെയ്യുന്ന കൃഷിക്കാരുണ്ടായിരിക്കുന്നതു് ഏതൊരു രാജ്യത്തിന്നും അഭിമാനകരമാണു്. അങ്ങനെയുള്ള ഒരു സമുദായം ക്ഷയിക്കുന്നതു് രാജ്യത്തിന്നു ഏററവും വലിയ ഒരു വിപത്താണെന്നുള്ളതും അവിതർക്കിതമായ സംഗതിതന്നെ. കർഷകർ വസ്തു ഉടമസ്ഥന്മാരായിരുന്നാൽമാത്രമെ ഭൂമികൂടുതൽ ഫലവത്തായിത്തീരുകയുള്ളൂ. പണ്ടാരപ്പാട്ടവസ്തുക്കളിൽ കാണുന്നതുപോലെയുള്ള ദേഹണ്ഡങ്ങൾ ജന്മിവസ്തുക്കളിൽ ഉണ്ടാകാത്തതിന്നുള്ള കാരണവും ഇതുതന്നെയാണു്. ഇന്ത്യയിൽ തനതായി യാതൊരു വസ്തുവും ഇല്ലാത്തകർഷകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. 1921-ൽ ആയിരം കൃഷിക്കാരിൽ 291 പേർ

വീതമെ വെറും പാട്ടക്കാരും കൂലിവേലക്കാരും ആയിട്ടുണ്ടായിരുന്നുള്ളു. എന്നാൽ 1931-ൽ അവരുടെ എണ്ണം 407 വീതമായിത്തീൎന്നു. ഈ കണക്കു പൂൎണ്ണമായി വിശ്വസിക്കത്തക്കതല്ലെങ്കിലും യാതൊരു സ്വത്തുമില്ലാത്ത കൎഷകരുടെ എണ്ണം വൎദ്ധിക്കുന്നുണ്ടെന്നുള്ളതിന് വേറെയും അനേകം ലക്ഷ്യങ്ങളുണ്ടു്. ഈ ദരിദ്രാവസ്ഥ ജനസമുദായത്തിന്റെ നന്മയ്ക്കു ഹാനികരമാകകൊണ്ടു കഴിയുന്നതും വേഗത്തിൽ പരിഹരിക്കേണ്ടതാണു്. എന്നാൽ ഋണബാദ്ധ്യത ഇപ്പോഴത്തെ തോതിൽ വൎദ്ധിച്ചുകൊണ്ടിരുന്നാൽ ഈ ആപത്തു അപരിഹാൎയ്യമായിത്തീരുകയെ ഉള്ളു.

ഋണബാദ്ധ്യതയുടെ ഏററവും ഭയങ്കരമായ ഫലം ജനങ്ങൾ അടിമകളായിത്തീരുന്നു എന്നുള്ളതാണു്. പ്രാചീനകാലങ്ങളിൽ ഗ്രീസിലും റോമിലും കടക്കാരൻ കടം കൊടുത്തവനുവേണ്ടി ദാസ്യപ്രവൃത്തി എടുക്കേണ്ടിയിരുന്നു. മുമ്പു യൂറോപ്യൻ രാജ്യങ്ങളിൽ കടക്കാരെ പിടിച്ചു് ജയിലിൽ പാൎപ്പിച്ചുവന്നിരുന്നു. ഗ്രീസിലും റോമിലും നടപ്പിലിരുന്ന ചില പഴയ ചട്ടങ്ങളുടെ അവശിഷ്ടമായിരിക്കാം ഇതു്. സുമാർ നൂറു വൎഷം മുമ്പു് ഈ കർശനമായ നടപടി യൂറോപ്യൻ രാജ്യങ്ങളിൽ നിറുത്തൽ ചെയ്യപ്പെട്ടു. എന്നാൽ ഇന്ത്യയിൽ ആയിടയ്ക്കു അതു നടപ്പിൽ വരുത്തുകയാണുണ്ടായതു്. കടക്കാരനു അത്യന്താപേക്ഷിതമായ ജീവിതോപകരണങ്ങളെ (പാത്രങ്ങൾ, വസ്ത്രങ്ങൾ) ജപ്തി ചെയ്യാൻ പാടില്ലെന്നു സിവിൾ നടപടി നിയമത്തിൽ വിധിച്ചിട്ടുണ്ടെങ്കിലും അവനെ ജയിലിൽ പാൎപ്പിക്കുന്നതിന് യാതൊരു പ്രതിബന്ധവുമില്ല. ഇന്ത്യാഗവൎമ്മെണ്ടിന്റെ ലോ

മെമ്പറായിരുന്ന സർ കോർട്ട്നെ ഇൽബേർട്ട് മുതലായ മഹാന്മാർ പോലും ഈ അക്രമമായ നിയമത്തെ അപഹസിച്ചിട്ടുണ്ട്. എന്നാൽ ഇന്നും അതു പ്രബലമായിത്തന്നെ ഇരിക്കുന്നതേയുള്ളൂ. കൃഷകൎക്കു ഈ നിയമം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഇത്രയെന്നു പറയാൻ വിഷമമാണ്.

ഗ്രീസിലും റോമിലും ഉണ്ടായിരുന്ന ഏർപ്പാടിനോടു ഏതാണ്ടൊരു സാമ്യമുള്ള അടിമത്വം ഇന്ത്യയിലും നടപ്പുണ്ടായിരുന്നു. ബീഹാർ ഒറീസ്സ പ്രദേശങ്ങളിലെയും മദ്രാസ് സംസ്ഥാനത്തിലെയും കൃഷിവേലക്കാരായ താണ ജാതിക്കാർ ഇന്നും കടംകൊണ്ടു് അടിമപ്പെട്ടുന്നുണ്ട്. ഒരു കല്യാണത്തിനൊ അഥവാ ഒരു ശവസംസ്കാരത്തിനൊ വേണ്ടി അല്പസംഖ്യ അവർ കടം വാങ്ങും. പിന്നെ ആ കടം കൊടുത്തു തീൎക്കുന്നതുവരെ മുതലാളനു വേണ്ടി ജോലി ചെയ്യണം. കടക്കാരനു് വല്ലതും സ്വല്പം ആഹാരം മാത്രമെ മുതലാളൻ കൊടുക്കയുള്ളൂ. പറയത്തക്ക കൂലിയൊന്നും കിട്ടാതെ അവനു് കടം കൊടുത്തു തീൎക്കാൻ സാധിക്കയില്ലെന്നുള്ളതു് തീൎച്ചയാണല്ലൊ. അതുകൊണ്ടു് ജീവിതകാലം മുഴുവൻ അവൻ അടിമയായിട്ടുതന്നെ കഴിച്ചുകൂട്ടുന്നു. ഇപ്രകാരമുള്ള കരാറുകൾ നിയമവിരുദ്ധമാണെന്നു് ഇപ്പോൾ പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിലും പാവപ്പെട്ട കടക്കാരനു് കോടതികളെ അഭയം പ്രാപിക്കുവാനുള്ള ത്രാണിയുണ്ടോ? അതിനാൽ അവന്റെ സ്ഥിതി ഒട്ടുംതന്നെ മെച്ചമായിത്തീൎന്നിട്ടില്ല. മദ്രാസിൽ പ്രത്യേകമായ കരാറുകൾ ഇല്ലെങ്കിലും കടക്കാരൻ എഴുതിക്കൊടുക്കുന്ന വാഗ്ദത്തപത്രം മുതലാ

ളിക്കു മതിയായ ഒരായുധം തന്നെയാണ്. അടിമയായിരിക്കുവാൻ വിസമ്മതിക്കുന്ന കടക്കാരൻെറ പേരിൽ അന്ന്യായം കൊടുത്തു അവനെ ജയിലിൽ പാൎപ്പിക്കും. ഈ ദുരവസ്ഥ സംഭവിക്കാതിരിക്കുന്നതിന്ന് കടക്കാരൻ യാതൊരു പ്രതിഷേധവും കൂടാതെ മുതലാളിയുടെ ആജ്ഞയ്ക്കു കീഴടങ്ങുന്നു. മദ്ധ്യസംസ്ഥാനങ്ങളിലും ഈ മാതിരി ഏൎപ്പാടുകൾ ഇല്ലാതില്ല. അവിടെ കടം വാങ്ങിയവനൊ അവൻെറ കുടുംബാംഗങ്ങളിൽ ആരെങ്കിലുമൊ ഒരു നിശ്ചിതകാലം കടംകൊടുത്തവനുവേണ്ടി ജോലിചെയ്യണം. കടം കൊടുത്തയാൾ ഒരു നാട്ടുകാൎയ്യസ്ഥനൊ ജന്മിയൊ ആയിരുന്നാൽ അയാൾ ആവശ്യപ്പെടുമ്പോൾ കൃഷകൻ സൗജന്ന്യമായി ജോലി ചെയ്തേ മതിയാവൂ. അല്ലെങ്കിൽ സിവിൾ കേസൊ, ക്രിമിനൽ കേസൊ കൊടുത്തു അയാൾ, കൃഷകൻെറ പൊറുതി മുട്ടിക്കും.

കൈത്തൊഴിൽ ചെയ്തു ജീവിക്കുന്നവരും കടത്തിലകപ്പെട്ടാൽ ഈ ബുദ്ധിമുട്ടുകളെല്ലാം അനുഭവിക്കേണ്ടിവരും. നിസ്സഹായരായ കടക്കാരെക്കൊണ്ട് ഈ വിധം അന്ന്യായമായി ജോലിചെയ്യിച്ച് പണം സമ്പാദിക്കുന്ന മട്ട് ഏതു തരത്തിലും നിറുത്തൽ ചെയ്യേണ്ടതാണ്.

കടത്തിൽ മുങ്ങിയ സമുദായം ഒരഗ്നിപൎവ്വതത്തോടു സാമ്യം വഹിക്കുന്നു. ഇങ്ങനെയുള്ള ഒരു സമുദായം ജാതിസ്പൎദ്ധ മുതലായ വ്യാധികൾക്കു വിളനിലമായിത്തീൎന്ന് ഒടുവിൽശിഥിലമാകാതിരിക്കയില്ല. ഈ അസമാധാനം എല്ലായ്പോഴും ഒരു രാഷ്ട്രീയ പ്രക്ഷോഭണ

മായി രൂപാന്തരപ്പെട്ടു എന്നു വരുകയില്ല. പക്ഷെ നിരന്തരമായ അസമാധാനം ഒരു പ്രക്ഷോഭണത്തെക്കാറം ഭയങ്കരമാണ്. അങ്ങനെയുള്ള സമുദായങ്ങളുടെ സാമ്പത്തികനില എന്നും അധഃപതിച്ചുകൊണ്ടുതന്നെയിരിക്കും. അപ്പോറം സമുദായോദ്ധാരണത്തിനുള്ള മാറ്റ്ഗങ്ങറം വിദൂരമായിത്തീരുകയും ചെയ്യും.

---

## അദ്ധ്യായം നാലു്

## ചില പഴയ പരിഹാരമാർഗങ്ങറം

---

ഋണബാദ്ധ്യത കുറയ്ക്കുന്നതിനും അതിൽ നിന്നുണ്ടായിട്ടുള്ള ഭവിഷ്യൽ ഫലങ്ങളെ പരിഹരിക്കുന്നതിനുമായി പല ഉദ്യമങ്ങളും ഇന്ത്യൻ ഗവമ്മെൻറ ഓരോ കാലത്തു ചെയ്തിട്ടുണ്ടു്. 1865-നും 70-നും ഇടയ്ക്കു് ഇപ്പോഴത്തെപ്പോലെ ഒരു വലിയ വിലയിടിവു് ഉണ്ടാവുകയും തന്മൂലം കടത്തിൻെറ ഭാരം വദ്ധിക്കുകയും ഉണ്ടായി. ഇതു് ബോംബെ സംസ്ഥാനത്തും മററും ചില ലഹളകറംക്കും തക്കങ്ങറംക്കും കാരണമായി. അതിനാൽ ഗവമ്മെണ്ടു് ഒരന്വേഷണം നടത്തുകയും കഷകരുടെ ഋണഭാരം ന്യായമായ വിധം കുറയ്ക്കുവാനുള്ള അധികാരം സിവിറം കോടതികറംക്കു കൊടുക്കുകയും ചെയ്തു. അതിനെ തുടന്നുതന്നെ ഋണബാദ്ധ്യത കുറയ്ക്കുവാനും കഷകക്കു് പണത്തിനുള്ള അത്യാവശ്യങ്ങറം നിറ

വേററി കൊടുക്കുവാനും വേണ്ടി പല പദ്ധതികളും ഗവമ്മെൻറു രൂപവല്ക്കരിക്കയുണ്ടായി. കൎഷകൎക്കു കൃഷി വായ്പകൾ വാങ്ങാനുള്ള സൗകൎയ്യം വൎദ്ധിപ്പിക്കയും അതിനായി പല നിയമങ്ങളും ഉണ്ടാക്കുകയും ചെയ്തു. ഇടയ്ക്കിടയ്ക്കു ഉണ്ടായിക്കൊണ്ടിരുന്ന കൃഷിപ്പിഴ, കൎഷകരെ പീഡിപ്പിക്കാതിരിക്കുന്നതിനാണു് ഈ വായ്പകൾ കൊടുത്തിരുന്നതു്. കൃഷിപ്പിഴയില്ലാത്ത കാലങ്ങളിൽ അത്തരം വായ്പകൾ വളരെ അപൂൎവ്വമായിട്ടേ കൊടുക്കാറുള്ളു. അതിനാൽ കൎഷകരുടെ സാധാരണ ആവശ്യങ്ങൾക്കു കടം കൊടുക്കാനായി ഒരു സ്ഥാപനം അത്യാവശ്യമായിത്തീൎന്നു. ഈ ഉദ്ദേശത്തോടുകൂടി 1904-ലെ ഒരാക്ടുൻ പ്രകാരം ഇന്ത്യാരാജ്യത്തു പരസ്പരസഹായ (സഹകരണ) സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. കൂടാതെ പഞ്ചാബ് മുതലായ പ്രദേശങ്ങളിൽ കൎഷകർ തങ്ങളുടെ വസ്തുക്കൾ അന്യാധീനപ്പെടുത്താതെ ചില രക്ഷാവ്യവസ്ഥകളും നിൎമ്മിക്കയുണ്ടായി. കൎഷകന്മാരല്ലാത്ത ഉത്തമൎണ്ണന്മാൎക്കു വസ്തുക്കൾ തീറുവാങ്ങാനുള്ള അധികാരം പിൻവലിച്ചതാണു് പഞ്ചാബിലും അടുത്തുള്ള ചില പ്രദേശങ്ങളിലും ഉണ്ടായ പ്രധാനമായ രക്ഷാവ്യവസ്ഥ. ഈ വ്യവസ്ഥകൾ പല വിധത്തിലും ഗുണപ്രദമായെങ്കിലും അവ ഋണബാദ്ധ്യതയെ ദൂരീകരിച്ചെന്നു വിചാരിക്കുന്നതു് വലിയ തെററിദ്ധാരണയാണു്. 1904-നു ശേഷം നടപ്പായ പരസ്പരസഹായസംഘങ്ങൾ വിലയേറിയവ തന്നെ. ചില സ്ഥലങ്ങളിൽ ഈ സംഘങ്ങൾ ജനങ്ങൾക്കൊരനുഗ്രഹമായിത്തീൎന്നിട്ടുണ്ടു്. എന്നാൽ കൎഷകൎക്കു പണം വേണ്ടപ്പോൾ കടം കൊടുക്കുന്ന ഒരു സ്ഥാപനം മാത്രമാണു് പരസ്പരസഹായസംഘങ്ങളെങ്കിൽ

സ്തുത്യർഹമായ യാതൊരു പ്രയോജനവും അവകൊണ്ടു ണ്ടാവുകയില്ല. കടക്കാരന്റെ ഭൂമി പൂർവ്വാധികം ഫലവത്താക്കി കൂടുതലായുണ്ടാകുന്ന ആദായംകൊണ്ട് കടം അടച്ചു തീർക്കാൻ സഹായിക്കുന്ന ഒരു സ്ഥാപനം കൊണ്ടേ പ്രയോജനമുള്ളൂ. അതുകൊണ്ട് പരസ്പരസഹായസംഘങ്ങൾ കൃഷിക്കാർക്ക് കടം കൊടുത്തതുകൊണ്ടു മാത്രം തൃപ്തിപ്പെടരുത്. കൃഷിക്കാർ വാങ്ങുന്ന പണം അവരെക്കൊണ്ട് ആദായകരമാംവണ്ണം വിനിയോഗിപ്പിച്ച്, ഉല്പന്നങ്ങളെ ന്യായമായ വിലയ്ക്കു വില്പിച്ച്, കൃഷിക്കാരുടെ വരവ് വർദ്ധിപ്പിക്കണം. അടിയന്തിരങ്ങൾക്കും മററും അനാവശ്യമായി പണം ചിലവാക്കുന്ന സമ്പ്രദായം ഇല്ലാതാക്കേണ്ടതും ഈ സംഘങ്ങളുടെ ചുമതലയായിരിക്കണം. മിതവ്യയശീലം പ്രചരിപ്പിക്കാനും ഈ സംഘങ്ങൾക്കു സാധിക്കും. കടക്കാരന്റെ വിളവുകൾ ആദായകരമായി വില്പിച്ചാലല്ലാതെ സംഘത്തിലേക്കു ചെല്ലേണ്ട പണം അടച്ചുതീർക്കുകയില്ല. വളരെ ദീർഘിച്ചുള്ള കാലാവധിക്ക് പണം കൊടുക്കുന്നത് ഈ സംഘങ്ങളുടെ നന്മയ്ക്കു ഹാനികരമാണ്. ഈ തത്വം മനസ്സിലാക്കാത്തതുകൊണ്ട് ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും ഈ സംഘങ്ങളിൽ പലതും ഇപ്പോൾ കുഴപ്പത്തിലായിട്ടുണ്ട്.

കുറഞ്ഞ പലിശയ്ക്കും ഏററവും സൗമ്യമായ നിബന്ധനകളോടും കൂടി പണം കടം കൊടുത്താൽ ഗ്രാമീണരുടെ ധനസ്ഥിതി ശ്രേയസ്കരമാകുമെന്നു ഒരു തെററിദ്ധാരണ സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. എളുപ്പവഴിയിൽ പണം കടം വാങ്ങാമെന്നു വരുന്നത് കൃഷിക്കാർക്ക്

ഉപകാരപ്രദമല്ലെന്നു് ഇന്ത്യയുടെയെന്നല്ല മററു രാജ്യ ങ്ങളുടേയും അനുഭവങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞു. കൊടുത്തുതീക്കാവുന്നതായ തുക മാത്രം കടം വാങ്ങുകയും അതു് ഏററവും ആദായകരമായ കാൎയ്യങ്ങൾക്കായി ചി ലവാക്കുകയും ചെയ്യണമെന്നു മനസ്സിലാക്കിയിട്ടുള്ള ഗ്രാ മീണക്കു് കുറഞ്ഞ പലിശക്കു കടം കിട്ടുന്നതു ഒരനുഗ്രഹം തന്നെയാണു്. എന്നാൽ ഈ തത്വങ്ങൾ അറിഞ്ഞു കൂടാത്തവക്കു് പണം കൊടുക്കുന്നതു അവരെ നിത്യ ദാരിദ്ര്യത്തിലേക്കു തള്ളിവിടുന്നതിനു തുല്യമാണു്. കട്ടില്യകാണുമ്പോൾ പനിക്കുന്ന കൂട്ടക്കു പണം കിട്ടുമെ ന്നറിഞ്ഞാൽ ഓരോ ആവശ്യങ്ങളും ഉണ്ടായിക്കൊണ്ടി രിക്കും. അപ്പോൾ അപ്രധാനമായ കാൎയ്യങ്ങൾക്കു വേണ്ടി യും പണം കടം വാങ്ങാനുള്ള ആഗ്രഹം വദ്ധിച്ചുവരും. ഈ അനാശാസ്യമായ ആഗ്രഹത്തെ കീഴടക്കാൻ ത്രാണി യുള്ളവനു മാത്രമെ പരസ്പരസഹായ സംഘങ്ങളെക്കൊ ണ്ടു ഗുണമുണ്ടാകയുള്ളു. എന്നാൽ നമ്മുടെ നാട്ടുകാരിൽ അധികം പേക്കും ഈ പ്രേരണയോടു് മല്ലിടത്തക്ക മന ക്കരുത്തില്ല. അതിനാൽ സഹകരണസംഘങ്ങളുണ്ടായ തിനു ശേഷം പല ദിക്കിലും കടം പൂർവ്വാധികം വദ്ധി ക്കുകയാണു് ചെയ്തിട്ടുള്ളതു്.

ഋണബാദ്ധ്യത ഉണ്ടാകാതിരിക്കണമെങ്കിൽ പൊ ലികടക്കാരെ അമർച്ച ചെയ്താൽ മതിയെന്നുംകൂടി ഒരു ധാരണ നാടെങ്ങും പ്രചരിച്ചിട്ടുണ്ടു്. പ്രഥമ ദർശന ത്തിൽ ഈ അഭിപ്രായം വിവേകപൂർവ്വമെന്നു തോന്നി യേക്കാമെങ്കിലും അതും ഒരു തെററിദ്ധാരണ തന്നെ യാണു്. പൊലികടമേപ്പാടു് ചട്ടങ്ങൾക്കു വിധേയമാ

ക്കുന്നതു് ഏതുകൊണ്ടും നല്ലതു തന്നെ. എന്നാൽ ഇതു കൊണ്ടാക്കെ ഋണബാദ്ധ്യതയില്ലാതാകുമെന്നു് വിചാരിക്കുന്നതു അബദ്ധമാണു്. ചട്ടങ്ങൾ പാസാക്കി പൊലികടക്കാരെ ന്യായമായ പരിധിക്കുള്ളിൽ നിറുത്തുവാൻ സാധിക്കും. എന്നാൽ അതുകൊണ്ടു് കടക്കാരുടെ ബുദ്ധിമുട്ടിനു് യാതൊരു കുറവും ഉണ്ടാവുകയില്ല. വീണ്ടു വിചാരമില്ലാത്ത ധാരാളികളുണ്ടെങ്കിൽ ലാഭേച്ഛുക്കളായിട്ടുള്ളവർ കടം കൊടുക്കാതിരിക്കയില്ല. സമ്പത്സമൃദ്ധിയുള്ള ഇഗ്ലണ്ടിൽ പോലും ദരിദ്രന്മാൎക്കു് ചെറിയ തുക കൊടുത്തു് 300 ശതമാനം പലിശ വാങ്ങുന്ന ആളുകൾ ദുർല്ലഭമല്ലെന്നറിയുമ്പോൾ നമ്മുടെ നാട്ടിലെ സ്ഥിതി ഒട്ടും അത്ഭുതാവഹമായി തോന്നുകയില്ലല്ലോ.

ഇപ്രകാരം അന്യായമായ പണമിടപാടുകൾ നിറുത്തൽ ചെയ്യുന്നതിനായി പലിശനിരക്കു കുറച്ചും പല രക്ഷാവ്യവസ്ഥകൾ ഏൎപ്പെടുത്തിയും ഗവൎമ്മെന്റു തന്നെ ശ്രമംചെയ്യുന്നുണ്ടു്. ഇന്ത്യയിൽ മുൻകാലങ്ങളിലുണ്ടായിരുന്ന മൎയ്യാദപലിശ 12 ശതമാനമായിരുന്നു പലിശ കുടിശിഖയാകുന്നപക്ഷം എത്രകാലം കഴിഞ്ഞാലും മുതലോളം മാത്രമെ അനുവദിച്ചിരുന്നുള്ളു. “ദാദുപതു്” എന്നുപേരായ ഈ ചട്ടം ബോംബെ പ്രസിഡൻസിയിലും കല്ക്കട്ടായിലും ഇന്നും നിലനിന്നുപോരുന്നു. തിരുവിതാംകൂറിലാകട്ടെ മുതലിന്റെ പകുതിയോളമെ പലിശ അനുവദിക്കാവൂ എന്നൊരു നിയമം കരുണാനിധിയായ ഒരു മഹാറാണി 90 കൊല്ലങ്ങൾക്കു മുമ്പു് നടപ്പാക്കിയിട്ടുണ്ടു്. ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ

ഭരണകാലത്തു് ബോംബെ, ബംഗാൾ, മദ്രാസ്, എന്നീ മൂന്നു പ്രസിഡൻസികളിലും പലിശനിരക്ക ക്രമീകരിക്കുന്ന പല റെഗുലേഷനും ഉണ്ടായിരുന്നു. മദ്രാസിലെ പലിശനിരക്കിനെപ്പററി 1825-ാമാണ്ടുപോലും ചില അന്വേഷണങ്ങൾ നടത്തിയതായിട്ടു് പഴയ റിക്കാട്ടുകളിൽ നിന്നും കാണുന്നു. എന്നാൽ 1840 ാമാണ്ടിനുശേഷം പലിശനിരക്കിനു ബാധകമായി ഒന്നും ചെയ്യരുതെന്നുള്ള ഒരഭിപ്രായം പ്രബലമായിത്തീൎന്നു. വ്യക്തിസ്വാതന്ത്ര്യത്തിനു് ഒരു തരത്തിലും വിഘാതമുണ്ടാകരുതെന്നും, പ്രായപൂൎത്തിയുള്ള ആളുകൾ തമ്മിൽ ഏതു തരത്തിലുള്ള കരാറു ചെയ്യുന്നതിനും പൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഉള്ള സമുദായശാസ്ത്രസംബന്ധമായ ചില സിദ്ധാന്തങ്ങളുടെ പ്രേരണമൂലമാണു് ഇങ്ങനെയൊരഭിപ്രായം ഇംഗ്ലണ്ടിലും ഇന്ത്യയിലും ശക്തിയായുണ്ടായതു്. എന്നാൽ വളരെക്കാലത്തെ അനുഭവംകൊണ്ടു്, വ്യക്തിസ്വാതന്ത്ര്യം അതിരുകവിഞ്ഞാൽ ആപൽകരമായിത്തീരുമെന്നു ബോദ്ധ്യപ്പെടുകയും രണ്ടു രാജ്യങ്ങളിലും പലിശനിരക്കിനെ നിയന്ത്രിക്കാനുള്ള നിയമങ്ങൾ 1900-ാമാണ്ടിടയ്ക്കു് ഉണ്ടായിത്തീരുകയും ചെയ്തു. 1918-ലെ "യൂഷ്വറിയസ് ലോൺസ് ആക്ടു്" പ്രകാരം അന്യായമായ പലിശനിരക്ക മുതലായ അഴിമതികളെ അവഹേളിക്കാനും കോടതികൾക്കധികാരമുണ്ടായി. ഈ ചട്ടത്തിനു് വ്യാപ്തി കുറവായതുകൊണ്ടു് ഉദ്ദിഷ്ടമായ ഫലങ്ങൾ ഉണ്ടാകുന്നില്ല. അവിവേകമായ പണമിടപാടുകൾ ധാരാളമുള്ള നമ്മുടെ രാജ്യത്തു് ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടായിരുന്നാലും അവയുടെ പരിധികളിൽ

അകപ്പെടാതിരിക്കാൻ ജനങ്ങൾ ശ്രമിക്കാതിരിക്കുമൊ?. വാങ്ങുന്ന തുകയേക്കാൾ കൂടുതലായ സംഖ്യക്കു് ഒരു പ്രമാണം കൊടുക്കുവാൻ പണം അത്യാവശ്യമുള്ളവർ പലപ്പോഴും സമ്മതിയ്ക്കും. പലിശ അരവാശിയാകുമ്പോൾ പ്രമാണം മാറിയെഴുതി കൊടുക്കുകയാണു് തിരുവിതാംകൂറിൽപോലും പതിവു്. കോർട്ടു് ഡിക്രിയയും വാറണ്ടിനേയും പേടിച്ചു് കടംവാങ്ങിയവൻ ഇങ്ങനെ ചെയ്തുപോകുന്നതാണു്.

കടക്കാരെ സഹായിക്കുന്നതിനു് പാപ്പരുനിയമത്തെ കുറച്ചുകൂടി സൗമ്യമാക്കണമെന്നു് ജനങ്ങൾ അഭിപ്രായപ്പെട്ടുതുടങ്ങിയിരിക്കുന്നു. റോയൽകമ്മീഷൻ, സിവിൾ ജസ്റ്റിസ് കമ്മിററി, ഇന്ത്യൻബാങ്കിങ്ങ് കമ്മിററി മുതലായ സംഘങ്ങളും ഈ അഭിപ്രായം തന്നെ പുറപ്പെടുവിച്ചുകാണുന്നു. പാപ്പരുനിയമം കർശനമായ പല നിബന്ധനകളോടുകൂടിയതാകയാൽ കർഷകരായ കടക്കാർ വളരെ അപൂർവ്വമായിട്ടെ അതിനെ അഭയം പ്രാപിക്കാറുള്ളു. പക്ഷെ ഈ നിബന്ധനകൾ എടുത്തുകളഞ്ഞാൽ ഋണബാദ്ധ്യത അധികമാവാനാണിടയുള്ളതു്. ഗ്രാമീണരായ പല കടക്കാരുടെയും പ്രവൃത്തി അനുകമ്പാർഹമായിട്ടല്ല കാണുന്നതു്. ചിലർ വീട്ടണമെന്നുള്ള വിചാരംകൂടാതെയാണു് കടം വാങ്ങുന്നതെന്നു മാത്രമല്ല കടം കൊടുത്തവരെ ചതിക്കാൻകൂടി ശ്രമിക്കുന്നുണ്ടു്. നിഷ്പ്രയാസം പാപ്പരാകാമെന്നുവന്നാൽ പലരും മനസ്സാക്ഷിയെ വഞ്ചിച്ചു്, കർഷകർക്കു പണ്ടേയുണ്ടായിരുന്ന മാനം നശിപ്പിക്കും. കടം കൊടുത്തവനെ ഒരു നിഷ്ഠുണ്ടകനായും കടക്കാരനെ ഒരു സാധുജീവി

യായുമാണ് സാധാരണ സങ്കല്പം. എന്നാൽ പല സന്ദർഭങ്ങളിലും നമ്മുടെ അനുഭവം വിപരീതമായിട്ടാണുകാണുന്നതു്. അനുകമ്പാർഹരായ കടക്കാരെ രക്ഷിക്കാനും വഞ്ചകന്മാരെ നിർദ്ദയം ശിക്ഷിക്കാനുമുള്ള മാർഗ്ഗമാണ് നമുക്കത്യാവശ്യമായിട്ടുള്ളതു്.

യഹൂദന്മാരുടെയിടയിൽ പ്രശംസനീയമായ ഒരു ചട്ടം നിലനിന്നുപോന്നിരുന്നു. ഓരോ ജൂബിലിവർഷം (50 വർഷം) കഴിയുമ്പോഴും അതിനു മുൻപുണ്ടായിട്ടുള്ള എല്ലാകടങ്ങളും കൊടുത്തുതീർത്തതായി അവർ കണക്കാക്കുന്നു. അമ്പതാംവർഷത്തിന് യഹൂദന്മാർ "ജൂബിലി" വർഷം എന്നാണ് പറഞ്ഞിരുന്നതു്. ഇതിനോടു് ഏതാണ്ടു് സാദൃശ്യമുള്ള ഒരു നടപ്പു കേരളത്തിലും ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. പന്ത്രണ്ടുകൊല്ലം കൂടും തോറും മാമാങ്കം കഴിക്കണമെന്നും പുതിയ പെരുമാളിനെ അവരോധിക്കണമെന്നും മാത്രമല്ല കരാറുകൾ അവസാനിപ്പിക്കണമെന്നും കൂടി ആയിരുന്നത്രേ മലയാളത്തിലെ പൂർവ്വാചാരം. പന്ത്രണ്ടുവർഷം (ഒരുവ്യാഴവട്ടം) കഴിഞ്ഞാൽ ഇന്നും കരാറുകൾ കാലഹരണമാകുമല്ലൊ. ഇങ്ങനെയുള്ള ആചാരങ്ങൾ പുരാതനകാലങ്ങളിലെ നിലക്കു് യോജിച്ചതായിരുന്നു. എന്നാൽ ജനങ്ങൾ തമ്മിലുള്ള വിനിമയബന്ധങ്ങൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് ഇപ്രകാരമുള്ള ചട്ടങ്ങൾ ദോഷം ചെയ്യുന്നതാണ്.

ഋണഭാരം അധികമായി വർദ്ധിക്കുമ്പോൾ കടം സംബന്ധിച്ചകരാറുകൾ മൊത്തമായി അവഹേളിച്ചാൽ ന

ന്നായിരിക്കുമെന്നു ചിലർ വിചാരിക്കുന്നുണ്ടു്. വിപ്ലവകരമായ ഇത്തരം നയങ്ങൾ പ്രയോഗിക്കുന്നതു് നാട്ടിൻെറ സാമ്പത്തികമേന്മക്കും വിഘാതമായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ. പണം കടം കൊടുത്താൽ അതു് തിരിച്ചു കിട്ടുന്ന കാര്യം സംശയമാണെങ്കിൽ പലരും പണം മിച്ചം വയ്ക്കാതെ ധൂർത്തടിച്ചു കളയുന്നതായിരിക്കും. അങ്ങനെയാകുമ്പോൾ മൂലധനമില്ലാതെ വ്യവസായങ്ങളും കച്ചവടങ്ങളും ക്ഷയിക്കും. താൻ സമ്പാദിക്കുന്ന ധനം താനും തൻെറ സന്തതികളും അനുഭവിക്കുമെന്നുള്ള ഉറപ്പുകൊണ്ടാണു് ഇന്നു മിക്കവരും പ്രയത്നം ചെയ്യുന്നതു്. ആ ഉറപ്പു് നശിക്കുന്നപക്ഷം ലോകത്തിൻെറ സാമ്പത്തികനില ക്ഷയോന്മുഖമായിത്തീരുകയേയുള്ളു. പൊൻമുട്ടയിട്ടിരുന്ന താറാവിനെ കൊന്നു കളഞ്ഞമട്ടാണിതു്. ഈ സംഗതി സമുദായനേതാക്കന്മാരും രാഷ്ട്രീയ ചിന്തകന്മാരും അറിഞ്ഞിരിക്കേണ്ടതാണു്.

പൊലിശക്കാരിൽ പലരും അത്യാഗ്രഹികളായതുകൊണ്ടു് അവരെ മൊത്തമായി മർദ്ദിക്കാൻ ശ്രമിക്കുന്നതു മൌഢ്യമാണു്. പൊലിശക്കാരെ മർദ്ദിക്കുന്നതിനുള്ള ചട്ടങ്ങൾ കടക്കാർക്കു് യഥാർത്ഥത്തിൽ ഒരു സഹായമായിരിക്കുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള മർദ്ദനമുണ്ടാകുമ്പോൾ അവർ കൃഷകർക്കു് പണം കടം കൊടുക്കാതെ മറവുവിധത്തിൽ അവരുടെ പണം ഉപയോഗിക്കാനാണിടയുള്ളതു്. ഇന്നത്തെനിലയ്ക്കു പൊലിശക്കാരെക്കൂടാതെ കൃഷകന്മാർക്കു്

തങ്ങളുടെ തൊഴിൽ തുടൎന്നു കൊണ്ടുപോകുവാൻ വിഷമമായിരിക്കും. പരസ്പരസഹായസംഘങ്ങൾ വളരെയുണ്ടായിട്ടും ഇന്നും കൎഷകരുടെ ആവശ്യങ്ങൾക്കു് പണം കൊടുക്കുന്നതു് അധികവും പൊലികടക്കാർ തന്നെയാണു്. അതുകൊണ്ടു് അന്യായമായ പണമിടപാടു നിറുത്തൽ ചെയ്യേണ്ടതു് ആവശ്യമാണെങ്കിലും പൊലികടക്കാരെ വലയ്ക്കാനുള്ള ആലോചന ദോഷകരമായിട്ടേ കലാശിക്കു.

ഋണബാദ്ധ്യയുടെ ചുവടറുത്തുകളയുന്നതിനു രണ്ടു മാൎഗ്ഗങ്ങളെയുള്ളു. കാൎഷികോല്പന്നങ്ങൾ വൎദ്ധിപ്പിച്ചു കൎഷകരുടെ മുതലെടുപ്പുകൂട്ടുന്നതാണു് ഏററവും പ്രാധാന്യമേറിയ മാൎഗ്ഗം. അതിനായി വിളവു വൎദ്ധനയ്ക്കുതകുന്നതായ കൃഷിസമ്പ്രദായങ്ങൾ പ്രചരിപ്പിക്കുകയും കച്ചവടസൗകൎയ്യങ്ങൾ ഉണ്ടാക്കി കൊടുക്കുകയും വേണം. രണ്ടാമതായി അനാവശ്യമായ ധനവ്യയം നിറുത്തൽ ചെയ്തു് മിതവ്യയശീലത്തെ പ്രോത്സാഹിപ്പിക്കണം. ഈ രണ്ടുമാൎഗ്ഗങ്ങളും പ്രചാരത്തിൽ വന്നാൽ മാത്രമെ സാരമായ ഉൽകൎഷമുണ്ടാവുകയുള്ളു. കൎഷകരുടെ ആദായം വൎദ്ധിപ്പിക്കുന്നതു് ക്ഷിപ്രസാദ്ധ്യമായിരിക്കയില്ല. എന്നാൽ ഭൂമിയെ ഫലപുഷ്ടിയുള്ളതാക്കുകയും ദുൎവ്യയത്തെ നാട്ടിൽ നിന്നു് ബഹിഷ്കരിക്കുകയും ചെയ്താൽ കൎഷകൎക്കു് ആണ്ടിനാൽ കിട്ടുന്ന മിച്ചം വൎദ്ധിക്കാതിരിക്കയില്ല.

രണ്ടാമതു്, മദ്യപാനം, വ്യവഹാരം, സമുദായാഘോഷങ്ങൾ മുതലായവയ്ക്കു് അനാവശ്യമായി പണം

ചിലവിടുന്ന ശീലത്തേ അകററണം. വെറും ഉപദേശം കൊണ്ടു് ഇതു സാധിക്കാൻ വിഷമമായിരിക്കും. ഏതെങ്കിലും വിധത്തിലുള്ള നിർബന്ധവും ആവശ്യമാണു്. പ്രജകളുടെ ഹൃദയപൂർവ്വമായ സഹകരണത്തോടു കൂടി പ്രബലമായ ഒരു ഗവമ്മെണ്ടിനു മാത്രമേ ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ സാധിക്കൂ. അല്ലെങ്കിൽ മുസൊളിനിയെപ്പോലെയോ ഹിററ്ലരെപ്പോലെയൊ ഉള്ള ഒരു സ്വേച്ഛാധികാരി ഉണ്ടായിരിക്കണം. സാധാരണയായി സ്വേച്ഛാധികാരികൾ വരുത്തിക്കൂട്ടുന്ന പരിഷ്കാരങ്ങൾ അതിരുകവിഞ്ഞവയായിട്ടാണു കണ്ടുവരുന്നതു്. അന്യായമായ പണമിടപാടുകൾ നിറുത്തൽ ചെയ്യാൻ വേണ്ടി മുസൊളിനി ചില പൊലികടക്കാരെ വിദൂരമായ ദ്വീപിലേയ്ക്കു നാടുകടത്തി. നമ്മുടെ ഗ്രാമപ്പഞ്ചായത്തുകൾ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുകയും കുട്ടികളെ വിദ്യാലയങ്ങളിൽ വച്ചുതന്നെ മിതവ്യയശീലം അഭ്യസിപ്പിക്കുകയും ചെയ്താൽ വിപ്ലവകരമായ പദ്ധതികൾ കൂടാതെ തന്നെ നമുക്കു് അമിതവ്യയത്തെ ഉന്മൂലനം ചെയ്യാൻ സാധിക്കും. സകല ജനങ്ങളുടേയും സഹകരണം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണു്. ചോട്ടാനാഗപുരം മുതലായി ഇന്ത്യയിൽ പല ഭാഗങ്ങളിലും ഇക്കാര്യത്തിൽ ക്രിസ്തുമതപ്രചാരകന്മാരുടെ ശ്രമം സ്തുത്യർഹമാം വിധം വിജയകരമായിത്തീർന്നിട്ടുണ്ടു്.

---

101891
21497
X9J:6:21:N3
3265

# രണ്ടാം ഭാഗം

## അദ്ധ്യായം അഞ്ച്

## കടബാദ്ധ്യതയുടെ ഇന്നത്തെ നില

1929-ൽ തുടങ്ങിയ സാമ്പത്തികാധഃപതനത്തിനു മുമ്പ് ഉണ്ടായിരുന്ന നിലയാണു് ഇതുവരെ വിവരിച്ചിട്ടുള്ളതു്. ദ്രുതഗതിയിൽ ഉണ്ടായ ആ വിലയിടിവിനു ശേഷം ഋണബാദ്ധ്യതയുടെ ഭാരം അത്ഭുതപൂർവ്വമാംവണ്ണം വർദ്ധിക്കുകയും കടക്കാരുടെ നില ദയനീയമാകുകയും ചെയ്തിരിക്കുന്നു. വ്യവസായക്കാർക്കുണ്ടായിട്ടുള്ളതിനെക്കാൾ വളരെ മടങ്ങു വിഷമം കൃഷിക്കാർക്കുണ്ടായിട്ടുണ്ടു്. ചരക്കുകൾക്കു് ആവശ്യവും വിലയും കുറഞ്ഞതോടുകൂടി കർഷകന്റെ ധനസ്ഥിതിയും ഇടിഞ്ഞു. ഇതാണു് ശേഷിച്ച അദ്ധ്യായങ്ങളിലെ വ്യവഹാരവിഷയം.

സാമ്പത്തികാധഃപതനകാലം കർഷകരെ എരിപൊരികൊള്ളിക്കുന്ന ഒരു സമയമാണു്. സാധുക്കളുടെ സ്വത്തു തട്ടിയെടുക്കുവാൻ പണക്കാർക്കു് സൗകര്യമുള്ളതും ഇപ്പോഴാണല്ലോ. കാറ്റുള്ളപ്പോൾ തൂറ്റുക എന്ന ന്യായമനുസരിച്ചു് കർഷകന്റെ സാമ്പത്തികനില താണി

രിക്കുമ്പോൾ ചുരുങ്ങിയ വിലയ്ക്കു പണക്കാർ അവരുടെ വസ്തുക്കൾ വാങ്ങിക്കളയും. പിന്നീടു് കൃഷിക്കാരന്നു് തന്റെ വസ്തുക്കൾ തിരിച്ചു വാങ്ങണമെന്നു തോന്നുമ്പോൾ വമ്പിച്ച വിലയാണു് അവർ കൊടുക്കേണ്ടിവരുന്നതു്. ഉഗ്രമായ സാമ്പത്തികാധഃപതനം ഇന്ത്യയിൽ രണ്ടു പ്രാവശ്യമെ ഇതിന്നുമുമ്പുണ്ടായിട്ടുള്ളു. ആദ്യത്തേതു് 1825 മുതൽ 1850 വരെയും രണ്ടാമത്തേതു് 1865 മുതൽ 1870 വരെയും നീണ്ടുനിന്നു. ഇന്നത്തെ സ്ഥിതി ആലോചിച്ചാൽ ഇവ രണ്ടും നിസ്സാരമായിരുന്നെന്നുതന്നെ പറയാം. 1820-ൽ ആരംഭിച്ച ക്ഷാമകാലത്തു് ഇന്ത്യയുടെ ധനസ്ഥിതി മററു രാജ്യങ്ങളുമായുള്ള കച്ചവടത്തെ ഇത്രതന്നെ ആശ്രയിച്ചിരുന്നില്ല. രണ്ടാമത്തെ ക്ഷാമം മുഖ്യമായി ബാധിച്ചതു് പഞ്ഞിക്കൃഷി ചെയ്യുന്ന സ്ഥലങ്ങളെയായിരുന്നു. 1929-നു ശേഷം അവിചാരിതവും ക്ഷിപ്രവുമായുണ്ടായ വിലയിടിവിനോടു താരതമ്യപ്പെടുത്തത്തക്കവിധം ഒരു കാലത്തും ഉല്പന്നങ്ങളുടെ വില കുറഞ്ഞിട്ടില്ല. ഒരു വർഷത്തിൽ കുറഞ്ഞ സമയംകൊണ്ടു് നെല്ലു്, കോതമ്പു്, പഞ്ഞി, കൊപ്ര മുതലായ ഉല്പന്നങ്ങളുടെ വില അമ്പതു ശതമാനമായി (നേർ പകുതി) കുറഞ്ഞുപോയി. നെല്ലിന്നു പത്തു കൊല്ലം മുമ്പുണ്ടായിരുന്ന വിലയുടെ മൂന്നിലൊരു ഭാഗമെ ഇപ്പോൾ വിലയുള്ളു. വിലയിടിവുകൊണ്ടുണ്ടായിട്ടുള്ള വരവുകുറവിന്റെ തോതു ഏകദേശമായി ഗ്രഹിക്കുന്നതിന്നു് ഇന്ത്യയിലെ പ്രധാന ഉല്പന്നങ്ങൾക്കു് 1928-ലും 1933 ലും കിട്ടിയിട്ടുള്ള മൊത്ത വില താഴെ കുറിക്കാം.

| സംസ്ഥാനത്തിൻെറ പേർ | 1929-ലെ വരുമാനം ലക്ഷം രൂപ. | 1933-ലെ വരുമാനം ലക്ഷം രൂപ. | വിലക്കറവ് (ശതമാനം) |
|---|---|---|---|
| മദ്രാസ് | 18078 | 9933 | 45.0 |
| ബോംബെ | 12052 | 8386 | 30.4 |
| ബംഗാൾ | 23259 | 9054 | 61.1 |
| ഐക്യസംസ്ഥാനങ്ങൾ | 14052 | 9101 | 35.2 |
| പഞ്ചാബ് | 7678 | 4853 | 36.8 |
| ബർമ്മാ | 6338 | 2945 | 53.5 |
| ബീഹാർ ഒറീസ്സ | 13517 | 5655 | 58.2 |
| മദ്ധ്യസംസ്ഥാനം | 6877 | 3540 | 48.5 |
| ആകെ | 101851 | 53467 | 47.5 |

അന്യരാജ്യങ്ങളുമായുള്ള നമ്മുടെ വാണിജ്യത്തിനും ഇന്നത്തെ വിലയിടിവുമൂലം കുറവു സംഭവിച്ചിട്ടുണ്ട്. 1929-ൽ 328 കോടി രൂപ വിലയ്ക്കുള്ള ചരക്കുകൾ ഇന്ത്യയിൽ നിന്നു് കയററുമതി ചെയ്യുകയുണ്ടായി. 1933-ൽ ആ സംഖ്യ 147 കോടിയായിത്തീൎന്നു. തന്മൂലം നാട്ടിലെ ജനങ്ങൾക്കു മാത്രമല്ല ഗവൎമ്മെണ്ടിനും വരവു കുറഞ്ഞിട്ടുണ്ടു്. തീരുവ, അക്ബാരി എന്നീ ഇനങ്ങളിൽ നിന്നുള്ള വരവിനു് സാരമായ ഇടിവു സംഭവിച്ചു.

കൃഷിക്കാൎക്കാണു് ഈ വിലയിടിവു കൊണ്ടുണ്ടായിട്ടുള്ള വിഷമം അത്യധികമായിത്തീൎന്നിരിക്കുന്നതു്. അവർ വില്ക്കുന്ന സാധനങ്ങൾക്കു വില 50 ശതമാനം കുറഞ്ഞിട്ടും അവർ വാങ്ങുന്ന സാധനങ്ങളിൽ പലതിനും വില പറയത്തക്കവണ്ണം കുറഞ്ഞിട്ടില്ല. തുണിക്കു്

25 ശതമാനം വിലക്കുറവുണ്ടെങ്കിൽ പഞ്ചസാരക്ക് തീരെ തുച്ഛമായിട്ടെ കുറഞ്ഞിട്ടുള്ളു. ഉപ്പിന് കുറവുതന്നെയില്ല. കർഷകർ കൊടുക്കേണ്ട നികുതി, പലിശ മുതലായ ഇനങ്ങൾ പ്രായേണ പഴയ പടിയിൽ തന്നെയിരിക്കുന്നു. ഇതാണ് കൃഷകന്റെ നില. കൃഷി തൊഴിലായിട്ടുള്ളവരെ എല്ലാം ആ കൂട്ടത്തിൽ ചേക്കാൻ പാടില്ല. തങ്ങളുടെ വമ്പിച്ച ഭൂസ്വത്തു ക്ലിപ്തമായ പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമിയുടമസ്ഥന്മാക്ക് വലിയ വിഷമമുണ്ടായിട്ടില്ല. പാട്ടം കുറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ അവരുടെ കഴിപ്പിനു കുഴപ്പം വന്നിട്ടില്ല. എന്നാൽ അഞ്ചും പത്തും ഏക്കർ കൃഷി ചെയ്യുന്നവരുടെ നില അങ്ങനെയല്ല. അവക്കു മുമ്പുതന്നെ മിച്ചം തുച്ഛമായിരുന്നതിനാൽ ഇന്നു നഷ്ടം അധികമാണ്. നെല്ലു മുതലായ ധാന്യങ്ങളാണ് അവർ കൃഷി ചെയ്തുണ്ടാക്കുന്നതെങ്കിൽ കരത്തിനും പലിശക്കും ആയി വിളവിന്റെ സിംഹഭാഗവും വില്ക്കാതെ നിവൃത്തിയില്ല. ബാക്കി വരുന്നതെങ്കിലും അവക്കു ഭക്ഷിക്കാം. പഞ്ഞി, റബ്ബർ, മുളക്, തേങ്ങ മുതലായ ഉല്പന്നങ്ങൾ മാത്രമുള്ളവക്ക് ഈ സൗകര്യവുമില്ല. അവക്ക് നിത്യതക്കു കൂടി വിഷമമായിരിക്കുന്നു.

ഈ സ്ഥിതിഗതികൾ മൂലം ഋണഭാരം അഭൂതപൂവ്വമായി വദ്ധിച്ചിട്ടുണ്ട്. 1930-നു ശേഷം വളരെ അപൂവ്വമായിട്ടെ കൃഷകർ കടം വാങ്ങിയിട്ടുള്ളു. എന്നാൽ പഴയകടങ്ങളെല്ലാം കുടിശ്ശികയായിത്തന്നെയാണിരിക്കുന്നതു്. ഐക്യസംസ്ഥാനത്തിലെ ഋണബാധ്യതയെ സംബന്ധിച്ച് 1933-ൽ അന്വേഷണം നടത്തിയ കമ്മിററിക്കാർ കണക്കാക്കിയിരിക്കുന്നതു് 1930-നുശേഷം

പഴയകടങ്ങളുടെ 7 ശതമാനം മാത്രമെ കൊടുത്തുതീ ൎത്തിട്ടുള്ളു എന്നാണു്. മററു സംസ്ഥാനങ്ങളിലെ സ്ഥിതിയും ഏകദേശം ഇങ്ങനെ തന്നെയായിരിക്കണം. ഇക്കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ആണ്ടിനാലുള്ള പലിശയും കുടിശ്ശികയായിത്തീൎന്നിട്ടുള്ളതല്ലാതെ പലിശ ഇനത്തിൽ 20 ശതമാനം പോലും കടക്കാർ അടച്ചിട്ടുള്ളതായി തോന്നുന്നില്ല. ഈ കണക്കനുസരിച്ചു് നോക്കുകയാണെങ്കിൽ ബ്രിട്ടീഷ് ഇൻഡ്യയിലെ കൃഷകരുടെ കടം 1928-ൽ 900 കോടി രൂപയായിരുന്നതു് ഇപ്പോൾ 1200 കോടിയായിത്തീൎന്നിട്ടുണ്ടെന്നു കാണുന്നു. ഈ കണക്കുകൾ കൊണ്ടൊന്നും ഋണബാദ്ധ്യതയുടെ വാസ്തവരൂപം നമുക്കറിയുവാൻ സാധിക്കുന്നില്ല. ഉല്പന്നങ്ങളുടെ വില 50 ശതമാനം കുറഞ്ഞതോടുകൂടി ഋണഭാരം ഇരട്ടിച്ചിട്ടുണ്ടല്ലൊ. 1929-ൽ 100 രൂപാ കടം വാങ്ങിയ ഒരാൾക്കു് ഇപ്പോൾ പലിശ ഉൾപ്പെടെ 148 രൂപയാണു് കൊടുത്തു തീൎക്കേണ്ടതു്. പക്ഷെ അന്നു് നൂറു രൂപാ വിലയുണ്ടായിരുന്ന സാമാനങ്ങൾക്കു ഇപ്പോൾ 50 രൂപാ മാത്രം വിലയുള്ളതുകൊണ്ടു് 148 രൂപാ കൊടുക്കണമെങ്കിൽ 22½ രൂപാ വിലയുള്ള സാമാനങ്ങൾ വില്ക്കേണ്ടിവരുന്നു. ഈ വിധം ആലോചിച്ചാൽ ബ്രിട്ടീഷ് ഇന്ത്യയിലെ ഋണഭാരം 1928-ൽ 900 കോടിരൂപാ ആയിരുന്നതു് ഇന്നു് 2000 കോടിയിലധികം രൂപയായിത്തീൎന്നിട്ടുണ്ടെന്നു കാണാം. ഈ നില വ്യക്തിപരമായി കണക്കാക്കുമ്പോൾ ഇതിൻെറ ശരിയായ രൂപം ഗ്രഹിക്കാവുന്നതാണു്.

പൊലിക കടക്കാരുടെ നിലയും വളരെ ഭേദമല്ല. കണക്കു കൊണ്ടു് അവൎക്കു് വലിയ ലാഭമാണെന്നു കാണു

ന്നുണ്ടെങ്കിലും തല്ക്കാലത്തേക്കു് വലിയ അസൗകൎയ്യമാണു് ഉണ്ടായിട്ടുള്ളതു്. മിക്ക സ്ഥലങ്ങളിലും പൊറ്റിക്കടക്കാൎക്കു് പലിശ പിരിക്കാൻ സാധിക്കുന്നില്ലെന്നു മാത്രമല്ല അതിന്നു ശ്രമിക്കുമ്പോൾ വലിയ മാനക്കേടും ചിലപ്പോൾ സംഭവിക്കുന്നു. മുതൽതന്നെ കിട്ടുമോ എന്നുള്ള ഭയവും ചിലപ്പോൾ ഉണ്ടാകുന്നുണ്ടു്. മദ്ധ്യസംസ്ഥാനത്തും മററും ചില സാവുക്കാരന്മാൎക്കു് ഇക്കഴിഞ്ഞ കൊല്ലങ്ങളിൽ കഠിനമായ മൎദ്ദനം കിട്ടിയിട്ടുണ്ടു്. കുത്തിക്കൊലയും അപൂൎവ്വമല്ല.

മേൽ വിവരിച്ച വിഷമസ്ഥിതി ഇന്ത്യയിൽ മാത്രമെയുള്ളു എന്നു വിചാരിക്കേണ്ട. നമ്മെക്കാൾ തുലോം വിഷമമേറിയ പതനത്തിൽ എത്തിയിരിക്കുന്ന രാജ്യക്കാരും ലോകത്തിലുണ്ടു്. സാമാനങ്ങളുടെ വില കുറഞ്ഞു തുടങ്ങിയപ്പോൾ അമേരിക്കയിലെ വൻകൃഷിക്കാരും ജൎമ്മനിയിലെ ചെറുകൃഷിക്കാരും ഒരുപോലെ കുഴങ്ങി. ബാങ്കുകാൎക്കും മററും ഇവർ കൊടുക്കാനുണ്ടായിരുന്ന സംഖ്യകൾ കുടിശ്ശിഖയുമായി. ഇക്കാരണം കൊണ്ടു് അമേരിക്കയിൽതന്നെ ആയിരത്തോളം ബാങ്കുകൾ പൊളിയുകയുണ്ടായി. ജൎമ്മനിയിൽ കടക്കാരും മുതലാളന്മാരും തമ്മിൽ തൎക്കവും മത്സരവും വൎദ്ധിച്ചു. ഹിററ്ലൎക്കു് ജൎമ്മനിയിൽ ഇത്ര വലിയ പ്രാബല്യം ഉണ്ടാവാൻ കടക്കാരുടെ നില സഹായമായിരുന്നത്രെ. കൎഷകരാജ്യമായ രൂമേനിയായിലും കൎഷകർ ഗവമ്മെണ്ടിനെ മുട്ടിച്ചു തങ്ങളുടെ ഋണഭാരം കുറവുചെയ്യിക്കാൻ ശ്രമിച്ചു. തന്മൂലം ആഭ്യന്തരകലഹങ്ങൾ ഉണ്ടാവുകയും പല പ്രാവശ്യം പാർളമെണ്ടു് തിരഞ്ഞെടുപ്പു നടക്കുകയുംചെയ്തു.

പാശ്ചാത്യരാജ്യങ്ങളിൽ പ്രധാനമായി രണ്ടു രക്ഷാമാൎഗ്ഗങ്ങളാണു് സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. ഈ രാജ്യക്കാർ ഒന്നാമതായി സാമ്പത്തികോദ്ധാരണത്തിനും രണ്ടാമതായി ഋണഭാരം ശമിപ്പിക്കുന്നതിനും ശ്രമിക്കുന്നു. ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനായി പല യത്നങ്ങളും അവർ ചെയ്യുന്നുണ്ടു്. പൊതുമരാമത്തുകൾ തുടങ്ങിയും നാണയവില കുറച്ചും അവർ സാധനങ്ങളുടെ വില വൎദ്ധിപ്പിക്കാൻ ഉദ്യമിക്കുന്നു. മരാമത്തു പണികൾ ധാരാളമായി തുടങ്ങിയതുകൊണ്ടു് സാമാനങ്ങൾക്കു അധികം ചിലവും അവ വാങ്ങുവാൻ ജനങ്ങൾക്കു ത്രാണിയും ഉണ്ടായി. പല രാജ്യങ്ങളും സ്വൎണ്ണമാനദണ്ഡമുപേക്ഷിച്ചു് അന്യരാജ്യങ്ങളുമായുള്ള കയററുമതിക്കച്ചവടം വൎദ്ധിപ്പിച്ചു് തൻ നാട്ടിലുള്ള ചരക്കുകൾക്കു വിലകുറവു സംഭവിക്കാതെ നോക്കുന്നു. ആസ്ത്രേലിയാ, ജപ്പാൻ, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ മുൻപറഞ്ഞ മിക്ക പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ടു്. എന്നാൽ മിക്ക യൂറോപ്യൻ രാജ്യങ്ങളും പൊതുമരാമത്തുകൾ തുടങ്ങുകയും അന്യരാജ്യക്കാരുമായുള്ള കച്ചവടം ക്രമീകരിക്കുന്നതിനു് ഇറക്കുമതിത്തീരുവ ചുമത്തുകയുമാണു് പ്രധാനമായി ചെയ്തിട്ടുള്ളതു്. ഇപ്രകാരം ദേശീയമായ മാൎഗ്ഗങ്ങൾ കൊണ്ടുതന്നെ ആസ്ത്രേലിയാ, ജപ്പാൻ മുതലായ രാജ്യങ്ങളിൽ കൃഷികൾക്കു് വലിയ ഗുണമുണ്ടായിട്ടുള്ള സ്ഥിതിക്കു് ഇവയ്ക്കു് ഒരു സൎവ്വരാജ്യാനുകൂല്യം ഉണ്ടായിരുന്നെങ്കിൽ കൂടുതൽ പ്രയോജനകരമായിരുന്നേനേ.

കൃഷികരുടെ ഋണഭാരം ലഘൂകരിക്കുന്നതിനും വിദേശരാജ്യങ്ങളിൽ യത്നിക്കുന്നുണ്ടു്. ചില രാജ്യങ്ങളിൽ

ളുണ്ടഭാരം കുറയ്ക്കുന്നതിന്ന കൃഷിക്കാക്ക് ഗവമ്മെണ്ടു തന്നെ പണം കടം കൊടുക്കുന്നുണ്ട്. പണയപ്പെട്ടത്തിയിട്ടുള്ള വസ്തുക്കൾ നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിന്നും പലിശ വദ്ധിക്കാതിരിക്കുന്നതിന്നുംവേണ്ട നിബന്ധനകൾ മററു പല രാജ്യങ്ങളിലും നടപ്പാക്കിയിരിക്കുന്നു. അമേരിക്കൻ ഐക്യരാജ്യങ്ങളിൽ ഗവമ്മെണ്ടുതന്നെ 4½ ശതമാനം പലിശയ്ക്കു 200 കോടി ഡാളർ വിലയ്ക്കുള്ള കടപത്രങ്ങൾ കൊടുത്തു് അങ്ങനെ കിട്ടുന്ന പണം 5 ശതമാനമുള്ള പലിശയ്ക്കു കൃഷിക്കാക്ക് കൊടുക്കുന്നുണ്ട്. മാത്രമല്ല ധാരാളമായി മരാമത്തു വേലകൾ നടത്തി ജനങ്ങളുടെ വരവു വദ്ധിപ്പിക്കുകയും നാണയങ്ങളുടെ വില കുറച്ചു്, സാധനങ്ങളുടെ വില വദ്ധിപ്പിക്കുകയും ചെയ്യുന്നു. തന്മൂലം കടത്തിൻെറ ഭാരം വളരെ കുറഞ്ഞിട്ടുണ്ട്. ഒററാരേപ്പാടാണ് ഇററലിയിൽ നടപ്പാക്കിയിരിക്കുന്നതു്. അവിടെ കൃഷിക്കരുടെ കടങ്ങളെല്ലാം 25 കൊല്ലം കൊണ്ടടച്ചു തീക്കേണ്ട പണയ വായ്പകളായിട്ടാണ് ഇപ്പോൾ കണക്കാക്കുന്നതു്. മുതലിൻെറ 7½ ശതമാനം വീതം ഓരോ കൊല്ലത്തിലും കൊടുത്താൽ 25 കൊല്ലം കഴിയുമ്പോൾ കൃഷിക്കൻെറ കടം തീരുകയും ചെയ്യും. ഈ പദ്ധതി ശരിയായി നടപ്പാക്കുന്നതിന്ന് ഒരു വലിയ ബാങ്കും ഗവമ്മെണ്ടു സ്ഥാപിച്ചിട്ടുണ്ട്. ജമ്മനിയിലാകട്ടെ 1931-ന മുമ്പു വാങ്ങിയിട്ടുള്ള കടങ്ങൾ കൊടുത്തു തീക്കാൻ ഗവമ്മെണ്ടിൻെറ സഹായം കൃഷിക്കന്ന ആവശ്യപ്പെടാം. പണയപ്പെട്ടുപോയ വസ്തുക്കൾ കോടതിമുഖാന്തിരം വില്പിക്കാതിരിക്കുവാൻ വേണ്ട ഏപ്പാടുകൾ ജമ്മനിയിലും ആസ്ത്രിയായിലും ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ചട്ടങ്ങൾ ആസ്ത്രേലിയായിലുംനടപ്പാക്കി

കഴിഞ്ഞു. ഹോളണ്ടു്, ഡെന്മാൎക്കു് എന്നീരാജ്യങ്ങളിൽ കൃഷികരും കടം കൊടുത്തവരുമായുള്ള ഇടപാടു് സൗമ്യമായിത്തീൎക്കുവാൻ പ്രത്യേക കോടതികളും കമ്മിററികളും രൂപവല്ക്കരിച്ചിട്ടുണ്ടു്. പല രാജ്യങ്ങളിലും ജനങ്ങൾക്ക ഭൂനികുതി ഇളവുചെയ്തു കൊടുത്തിട്ടുമുണ്ടു്.

---

## അദ്ധ്യായം ആറു്

## ഋണഭാരം കുറയ്ക്കുവാൻ ഇന്ത്യയിൽ ചെയ്യുന്ന ശ്രമങ്ങൾ

---

ഋണബാദ്ധ്യത പരിഹരിക്കാനായി വളരെയൊന്നും ഇന്ത്യയിൽ ചെയ്തിട്ടില്ലെന്നു് പൊതുവെ ഒരു ധാരണയുണ്ടു്. എന്നാൽ ഇതു വാസ്തവമല്ല. വാണിജ്യ സംരക്ഷണത്തിനായി ഇന്ത്യാഗവൎമ്മെൻറ് പലതും ചെയ്തിട്ടുള്ളതു കൂടാതെ പല സംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും കടക്കാരെ സഹായിക്കുന്നതിനായി പലപദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ടു്. ഐക്യസംസ്ഥാനത്തിൽ കോടതി ഡിക്രിപ്രകാരം കടക്കാരുടെ വസ്തുക്കളെല്ലാം ലേലം ചെയ്യാതിരിക്കാനായി ചില രക്ഷാവ്യവസ്ഥകൾ നിൎമ്മിച്ചിരിക്കുന്നു. കടക്കാരൻെറ വസ്തുക്കൾ ലേലം ചെയ്യണമെങ്കിൽതന്നെ ആ വസ്തുവിൽ

നിന്നു ആണ്ടിനാൽ കിട്ടുന്ന ആദായത്തിന്റെ ഇരുപ തിരട്ടിയെങ്കിലും വിലകിട്ടണമെന്നു് നിർബന്ധമുണ്ടു്. വില ഇടിവിനു് മുമ്പു വാങ്ങിയിട്ടുള്ള കടങ്ങളുടെ പലി ശ നിരക്കു കുറയ്ക്കാനും മേലാലുള്ള പലിശനിരക്കു് ക്രമീ കരിയ്ക്കാനും വേണ്ടി നിയമങ്ങൾ പാസാക്കിക്കഴിഞ്ഞു. 1932-മുതൽ ആ സംസ്ഥാനത്തിലെ നിയമസഭയിൽ പ്ര ധാന വാദവിഷയമായിരുന്നതു ഇതുതന്നെയായിരുന്നു. കടക്കാരായ കൃഷികന്മാരും പൊലികടക്കാരും തമ്മിൽ വലിയ രസക്ഷയവും ആ നാട്ടിൽ ഉണ്ടായിരിക്കുന്നു. പ ഞ്ചാബിലും ഏറെക്കുറെ ഈ വിധം തന്നെയാണു് സംഭ വിച്ചിട്ടുള്ളതു്. പഞ്ചാബിൽ പൊലികടക്കാർ മിക്ക വാറും ഹിന്ദുക്കളും കൃഷികന്മാർ മുഹമ്മദീയരും ആകയാൽ ഇക്കൂട്ടർ തമ്മിലുള്ള ഇടച്ചിൽ മതസംബന്ധമായ വൈ രത്തിനു കാരണമാവുകയും തന്മൂലം രാഷ്ട്രീയ സമാ ധാനത്തിനു് വിഘാതമുണ്ടാവുകയും ചെയ്തിട്ടുണ്ടു്. കൂ ടാതെ ബംഗാളിലും പഞ്ചാബിലും പണവ്യാപാരികളു ടെ ഇടപാടുകൾ ക്രമീകരിക്കുന്നതും അവരുടെ അഴിമ തികൾ ഇല്ലാസ്സു ചെയ്യുന്നതുമായ നിയമങ്ങളും ഉണ്ടാക്കി യിട്ടുണ്ടു്.

ഇതുവരെ നടപ്പാക്കിയിട്ടുള്ള ഋണനിവാരണ പദ്ധ തികളിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളതു് മദ്ധ്യസം സ്ഥാനത്തിലേയും ഭവനഗർ രാജ്യത്തിലേയുമാണു്. ആ ദിക്കുകളിൽ കടക്കാരെയും മുതലാളരെയും യോജിപ്പിച്ചു് ഇടപാടു തീർക്കുവാനാണു് ശ്രമിക്കുന്നതു്. ഈ പദ്ധ തി അടുത്തകാലത്തു് യൂറോപ്യൻ രാജ്യങ്ങളിൽ പ്രയോ ജനകരമായിത്തീർന്നിട്ടുള്ള ഒന്നാണു്. ഇന്ത്യയിൽ ത

ന്നെയും മുൻകാലങ്ങളിൽ ഇതു സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. 1897 മുതൽ 1900 വരെ നിലനിന്ന വലിയക്ഷാമകാലത്തു് മദ്ധ്യസംസ്ഥാനങ്ങളിൽ ഗ്രാമപ്പഞ്ചായത്തുകൾ ഇടപെട്ടു് കടം തീൎത്തിരുന്നു. പഞ്ചാബ്, ഒറീസ്സ എന്നീ രാജ്യങ്ങളിൽ ഗവൎമ്മെണ്ടുതന്നെ മാദ്ധ്യസ്ഥനിലയിൽ നിന്നു് പലകടങ്ങളും തീൎപ്പിച്ചിട്ടുണ്ടു്.

മദ്ധ്യസംസ്ഥാനത്തു് മദ്ധ്യസ്ഥസംഘത്തെ ഗവൎമ്മെണ്ടുതന്നെയാണു് നിയമിക്കുന്നതു്. കടക്കാരും മുതലാളിയും തമ്മിലുള്ള ഏൎപ്പാടു്, കൃഷികരുടെയും പൊലികടക്കാരുടെയും പ്രതിനിധികളടങ്ങിയ ഈ സംഘം കേട്ടു തീരുമാനിക്കുന്നു. കക്ഷികൾ തമ്മിലുള്ള ഇടപാടു് സൂക്ഷ്മമായിപരിശോധിച്ചു്, കടം വാങ്ങുവാനുണ്ടായ ആവശ്യം, കക്ഷികളുടെ ധനസ്ഥിതി, ഉല്പന്നങ്ങളുടെ വില, എന്നിവയനുസരിച്ചു കൊടുത്തുതീൎക്കേണ്ട സംഖ്യ ഇത്രയെന്നു് അവർ തീരുമാനിക്കും. ഇന്നരീതിയിൽ കൊടുത്തു തീൎത്താൽ മതിയെന്നും കൂടി മദ്ധ്യസ്ഥന്മാൎക്കു് തീരുമാനിക്കാൻ അധികാരമുണ്ടു്. മദ്ധ്യസ്ഥന്മാരുടെ തീരുമാനത്തെ നിർബന്ധിച്ചു സ്വീകരിപ്പിക്കുന്നതു എല്ലായ്പോഴും തൃപ്തികരമാകയില്ല. ഒരു താലൂക്കിലുള്ള ഭൂരിപക്ഷം സാഹുക്കാരന്മാരും കൃഷികരും യോജിച്ചപേക്ഷിച്ചാൽ മാത്രമെ ഒരു മദ്ധ്യസ്ഥകമ്മിററിയെ നിയമിക്കുകയുള്ളു. മിക്കതാലൂക്കുകളിൽ നിന്നും അപേക്ഷകൾ അയച്ചിട്ടുണ്ടെന്നുള്ളതു സാഹുക്കാരന്മാരും ഇതിന്നനുകൂലികളാണെന്നു തെളിയിക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു കടക്കാരന്റെ കേസ് കമ്മിററിവിചാരണയ്ക്കെടുക്കാണമെങ്കിൽ അയാൾക്കാകെയുള്ള കടത്തിൽ 40 ശതമാ

നം കൊടുത്തിട്ടുള്ളവരുടെ സമ്മതമുണ്ടായിരിക്കണം. കമ്മിററിയുടെ തീരുമാനം കക്ഷികൾ നിർബന്ധമായി സ്വീകരിക്കണമെന്നില്ല. ഒരവസാനതീർച്ചയുണ്ടാകുന്നതിനു പ്രതിബന്ധമായി നില്ക്കുന്നവരുടെ പേരുവിവരം കാണിച്ച് കമ്മിററി ഒരു സർട്ടിഫിക്കേററു കൊടുക്കും. കടം കൊടുത്തവനാണ് പ്രതിബന്ധമുണ്ടാക്കിയതെങ്കിൽ അയാൾക്ക് അന്യായച്ചിലവുകിട്ടുകയില്ലെന്നു മാത്രമല്ല, സർട്ടിഫിക്കേററിന്റെ തീയതിമുതൽ 6 ശതമാനം പലിശയെ കിട്ടുകയുമുള്ളു. (ഈ നിയമം വസ്തു പണയം വാങ്ങിയിട്ടുള്ളവരെ ബാധിക്കുകയില്ല).

ഈ പദ്ധതിയുടെ വിജയം കടം കൊടുത്തു തീർക്കേണ്ടതായ രീതി അനുസരിച്ചിരിക്കും. രൊക്കം പണം കൊടുക്കുകയാണെങ്കിൽ മുതലാളി ഗണ്യമായ ഇളവ് ചെയ്തു കൊടുക്കാതിരിക്കയില്ല. എന്നാൽ ഒരു ദീർഘമായകാലത്തിനുള്ളിൽ അനേകതവണകളായി പണം അടച്ചു തീർത്താൽ മതിയെന്നു വരുന്നതു കടം കൊടുത്തവനു തൃപ്തികരമാവുകയില്ല. അതുകൊണ്ടു ഗവമ്മെണ്ടു തന്നെയൊ ഒരു ഭൂസ്വത്തു ജാമ്യബാങ്കൊ തവണകൾ അടച്ചു തീർത്തുകൊള്ളാമെന്നേററാൽ മാത്രമെ ഒരു സുസമ്മതമായ തീരുമാനം ഉണ്ടാവുകയുള്ളൂ. എന്നാൽ മദ്ധ്യസംസ്ഥാനത്തിൽ ഇതിനുള്ള ഏപ്പാടുകളൊന്നും ചെയ്തിട്ടില്ല. കടക്കാരിൽ നിന്നും ഈടാക്കേണ്ട തവണകൾ പിരിക്കാൻ സക്കാർ കരംപിരിക്കുന്ന ഉദ്യോഗസ്ഥന്മാക്ക് അധികാരമുണ്ട്. എന്നാൽ സക്കാർകരം പോലും കുടിശ്ശിഖയായി കിടക്കുന്ന ഇക്കാലത്തു് ഇങ്ങനെയുള്ള പിരിവ് എളുപ്പമായിരിക്കയില്ലല്ലൊ.

ഗവമ്മെണ്ടുതന്നെ കൃഷകരുടെ കടം തീക്കുന്നതാണ് ഏററവും നല്ലതു്. 1906 മുതൽ 1912 വരെ ഒറീസ്സയിൽ ഈ പരീക്ഷണം നടത്തി. കടം തീക്കുന്നതിനായി $1\frac{1}{4}$ ലക്ഷം രൂപാ ഗവമ്മേൻറു തന്നെ ചിലവാക്കി. കടക്കാരുടെ പക്കൽ നിന്നു് ഈ പണം ഇടാക്കാനുള്ള വൈഷമ്യം ഗവമ്മെണ്ടു് മനസ്സിലാക്കിയതുകൊണ്ടു് പിന്നീടു് ഈ മാർഗ്ഗം തുടൎന്നതേയില്ല.

ഭവനഗർ രാജ്യത്തു് ഈ പദ്ധതിയാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. അവിടെയും മദ്ധ്യസ്ഥക്കമ്മിററികൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. കടക്കാരൻെറ വസ്തുക്കൾക്കുള്ള തറവിലയുടെ മൂന്നിരട്ടിയിൽ കൂടുതലുള്ള കടം ലിക്വിഡേഷൻ കമ്മിററി നിരാകരിക്കുന്നു. കടം കൊടുത്തവനു ചെല്ലേണ്ട സംഖ്യ ഇത്രയെന്നു കമ്മിററി പിന്നീടു തീരുമാനിക്കുകയും ഗവമ്മെൻറു തന്നെ ആ തുക കൊടുത്തുതീക്കുകയും ചെയ്യും. കടക്കാരൻെറ വസ്തുക്കളിൽ നിന്നു കിട്ടുന്ന ആദായത്തിൻെറ ഒരു ഭാഗം ഗവമ്മെണ്ടിനവകാശപ്പെടുന്നു. ഗവമ്മെണ്ടിനുള്ള പങ്കിൽ നിന്നു് ഭൂനികുതി, കൃഷിവായ്പ മുതലായവ തീത്താൽ ബാക്കിയുള്ള തുക കടം വായ്പയിൽ വരവുവയ്ക്കും. സമൃദ്ധമായ വിളവുണ്ടാകുമ്പോൾ ഈ വായ്പ മുഴുവനുമോ, അതിൽ ഏതാനും ഭാഗമൊ കൃഷകനു കൊടുത്തു തീക്കുകയും ചെയ്യാം. പല സന്ദർഭങ്ങളിലും കടത്തിൻെറ തുക കമ്മിററിക്കാർ വളരെ കുറവു ചെയ്തിട്ടുണ്ടു്. ഭവനഗർ രാജ്യത്തു് ആകെയുള്ള കടം 86 ലക്ഷം രൂപായായിരുന്നെങ്കിലും കമ്മിററിക്കാരുടെ ജാഗ്രത മൂലം $20\frac{1}{2}$ ലക്ഷം രൂപാ മാത്രമെ ഗവമ്മെണ്ടിനു കൊടുത്തു തീക്കേ

ണ്ടതായി വന്നുള്ളു. സാവുകാരന്മാക്കും ഇതിൽ തൃപ്തിയാണുള്ളതു്. അവർ തന്നെത്താൻ ശ്രമിച്ചാൽ കിട്ടുമായിരുന്നതിൽ വളരെ കൂടിയ തുകകളൊക്കെ പണമായിട്ടു തന്നെ അവക്കു ലഭിച്ചു. ഭവനഗർ രാജ്യത്തു ഭൂനികുതിഇനത്തിലും ചുങ്കമിനത്തിലും ഉള്ള വരവു് വദ്ധിച്ചിട്ടുണ്ടെന്നുള്ളതു് ഈ പദ്ധതിയുടെ വിജയത്തിനു് ഒരു ലക്ഷ്യമാണു്. ഭവനഗർ മഹാരാജാവിൻെറയും പ്രധാനമന്ത്രി സർ പ്രഭാശങ്കർ പട്ടണിയുടേയും സ്തുത്യർഹമായ പ്രയത്നത്തിൻെറ ഫലമാണിതെന്നു് നാം ഓത്തിരിക്കേണ്ടതാണു്.

കൃഷിക്കാക്കു വേണ്ടി ചിലവാക്കിയിട്ടുള്ള തുക ഭവനഗർ ഗവമ്മെണ്ടിനു് ഈടാക്കിയെടുക്കുവാൻ സാധിക്കുമൊ എന്നുള്ളതു് കണ്ടറിയേണ്ടിയിരിക്കുന്നു. പക്ഷെ കൃഷിക്കാരും ഗവമ്മെണ്ടും കൂടി ആദായം വീതിച്ചെടുക്കുന്ന രീതിയുള്ളതുകൊണ്ടു് ഗവമ്മെണ്ടിനു് വലിയ നഷ്ടമൊന്നും വരുമെന്നു തോന്നുന്നില്ല. അഞ്ചു ലക്ഷം ജനങ്ങൾ മാത്രമധിവസിക്കുന്ന ഒരു ചെറിയ രാജ്യത്തു് ഇതെല്ലാം സാധിക്കുമെന്നു വരികിലും ഇന്ത്യ ഒട്ടുക്കു് ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ സാധിക്കുമോ എന്നു സംശയമാണു്.

ഭവനഗറിലെപ്പോലെ പൂണ്ണമായതല്ലെങ്കിലും സാമാന്യം ഗുണകരമായ ഒരു പദ്ധതി കൊച്ചി ഗവമ്മെണ്ടും സ്വീകരിച്ചിട്ടുണ്ടു്. അവിടെയും സർക്കാരിൽ നിന്നു നേരിട്ടുതന്നെയാണു് കൃഷിക്കാരുടെ കടം കൊടുത്തു തീക്കുന്നതു്. തിരുവിതാംകൂറിലും അടുത്തുതന്നെ ഇപ്രകാരമുള്ള ഒരു പദ്ധതി നടപ്പിലാകുമെന്നാശിക്കാം.

ബ്രിട്ടീഷ് ഇന്ത്യയിൽ ഋണനിവാരണത്തിനായി മിസ്റ്റർ ജിംമ്നദാസ് മേത്ത, മിസ്റ്റർ നളിനരഞ്ജൻ സക്കാർ മുതലായവർ ഒരു പുതിയപദ്ധതി കൊണ്ടുവന്നിട്ടുണ്ടു്. മിസ്റ്റർ മേത്തയുടെ അഭിപ്രായപ്രകാരം, കൃഷിക്കർ സാവുക്കാരന്മാൎക്കു കൊടുക്കേണ്ട കടം ഗവമ്മെണ്ടിനെ തന്നെ കൊടുക്കാനുള്ളതായി കണക്കാക്കണം. ഇതിനുള്ള പലിശയും ഏററവും മിതമായിട്ടേ ചുമത്താവൂ. ഒരു നിശ്ചിതകാലത്തിനുള്ളിൽ തനിക്കു കിട്ടാനുള്ള പണത്തിന്നു് മതിയായ ലക്ഷ്യങ്ങൾ ഹാജരാക്കുന്ന സാവുക്കാരിനു് അതേ തുകയ്ക്കുള്ള ഗവമ്മെണ്ടു് പ്രോമിസറിനോട്ടുകൾ കൊടുക്കണം. ഈ നോട്ടുകൾക്കു് 5 ശതമാനം പലിശയും 60 കൊല്ലത്തെ കാലാവധിയുമാണു് നിശ്ചയിക്കേണ്ടതു്. കൃഷികരുടെ പക്കൽനിന്നും ഈ കടാ കേണ്ട സംഖ്യ ഭൂനികുതി പിരിക്കുന്ന കൂട്ടത്തിൽ കുറേശ്ശെയായി പിരിച്ചെടുക്കുകയാണെങ്കിൽ പ്രത്യേക ചിലവുകൾ കൂടാതെ കഴിക്കുകയും ചെയ്യാം. പണം മുഴുവൻ ഈടായിത്തീരുന്നതുവരെ കൃഷികൎക്കു് അവരുടെ വസ്തുകൾ അന്യാധീനപ്പെടുത്തുവാൻ അധികാരമുണ്ടായിരിക്കരുതു്. മിസ്റ്റർ നളിനരഞ്ജൻ സക്കാർ കുറച്ചുകൂടി പരിമിതമായ ഒരു പ്ലാനാണു് കൊണ്ടുവന്നിട്ടുള്ളതു്. കടം കൊടുത്തു തീക്കാൻ സാധിക്കാത്തവരും എന്നാൽ ഋണബാദ്ധ്യത തീൻ കിട്ടിയാൽ ചിലവു കഴിച്ചു കൂട്ടുവാൻ വേണ്ട വസ്തുക്കളുള്ളവരുമായ കൃഷികരുടെ കടം ഗവമ്മെണ്ടു് ഏറെറടുക്കണമെന്നാണദ്ദേഹത്തിൻെറ അഭിപ്രായം. എന്തെന്നാൽ ഇങ്ങനെയുള്ളവരെ സഹായിക്കാത്തപക്ഷം അവരുടെ സവ്സ്വത്തും നഷ്ടപ്പെട്ടു

അവർ കൂലിവേലക്കാരായിത്തീരേണ്ടിവരും. ഈ ഉദ്യമത്തിന്ന ആവശ്യമുള്ള പണം ഉണ്ടാക്കാനുള്ള മാർഗ്ഗവും അദ്ദേഹം ഗവമ്മെണ്ടിനുപദേശിച്ചു കൊടുക്കുന്നുണ്ടു്. ആകെ വേണ്ടിവരുന്ന തുകയോളം അമ്പതൊ അറുപതൊ കൊല്ലത്തിനുള്ളിൽ കൊടുത്തു തീത്താൽ മതിയാകുന്ന ഡിബെഞ്ചർ കടം പിരിച്ചെടുത്തു കർഷകരുടെ കടം ഗവമ്മെണ്ടു തന്നെ തീക്കണം. കരം പിരിക്കുന്ന സമയങ്ങളിൽ ഈ തുകയും കുറേശ്ശെയായി ഈടാക്കുകയും ചെയ്യാം.

ഋണബാദ്ധ്യത തീക്കുവാൻ ഇത്ര വിപുലമായ ഒരു പദ്ധതി രാജ്യമൊട്ടുക്കു് പ്രചരിപ്പിക്കുന്നതിന്ന പല പ്രതിബന്ധങ്ങളുമുണ്ടെന്നു മാത്രമല്ല അതൊരനീതിയായും പരിണമിച്ചേക്കാനിടയുണ്ടു്. കടം കൊടുത്തവർ അറുപതു കൊല്ലം കൊണ്ടു ഈടായി കിട്ടുന്ന നോട്ടുകൾ വാങ്ങി തൃപ്തരാകുമെന്നു തോന്നുന്നില്ല. അഥവാ അവരതിന്ന സമ്മതിക്കുന്നപക്ഷവും കരം കൊടുക്കുന്നവരുടെ ഭാരം ക്രമാതീതമായി വദ്ധിക്കുമല്ലൊ. ചില കൃഷ്കരെ ബുദ്ധിമുട്ടിച്ചു ഓരോ തവണകളും അടച്ചുതീപ്പിക്കാൻ സാധിച്ചേക്കാം, എന്നാൽ കൂടെക്കൂടെ വസ്തുക്കൾ ഭാഗം ചെയ്യുന്നതുകൊണ്ടും സക്കാർ കരം കൊടുത്തു തീക്കാൻ ജനങ്ങൾ ഭഗീരഥപ്രയത്നം ചെയ്യേണ്ടിവരുന്നതുകൊണ്ടും തവണകൾ കുടിശ്ശിഖയാകാതിരിക്കാൻ നിവൃത്തിയില്ല. അമിതവ്യയത്തിന്ന രക്ഷയും മിതവ്യയത്തിന്ന ശിക്ഷയുമായിട്ടാണു് ഒടുവിൽ വന്നുകൂടുന്നതു്. അക്ഷീണപരിശ്രമിയായിട്ടുള്ള കൃഷ്കൻ അന്യന്റെ അവിവേകം മൂലം ദുരിതമനുഭവിക്കേണ്ടിവരും. ഏതാനും

ചിലരുടെ നന്മയെ ഉദ്ദേശിച്ച് ജനങ്ങളെയെല്ലാം ബുദ്ധിമുട്ടിക്കുന്നതു് അന്യായമല്ലയോ? ഏററവും നിസ്സാരമായ കാര്യങ്ങൾക്കു വേണ്ടി ചിലർ ദുർവ്യയം ചെയ്തതു കൊണ്ടു് മററുള്ളവരും കഷ്ടപ്പെടേണ്ടിവരുന്നതു കൃഷക സമുദായത്തിന്ന തന്നെ ആപൽകരമാണു്.

## അദ്ധ്യായം ഏഴ്

## ഭൂസ്വത്തുജാമ്യബാങ്ക്

കൃഷകന്മാരുടെ ഋണഭാരം കുറയ്ക്കുന്നതിന് പരസ്പരസഹായ സംഘങ്ങൾക്കു സാധിക്കുമെന്നുള്ള ഒരു ധാരണ പൊതുവെയുണ്ടു്. എന്നാൽ അതുശരിയല്ല. തന്നാണ്ടിലെ മിച്ചം കൊണ്ടു വീട്ടാവുന്ന ചെറിയ തുകകൾ കൊടുക്കുന്നതിനുമാത്രമേ ഈ സംഘങ്ങൾക്കു് സാധിക്കുകയുള്ളു. അതിൽ കൂടുതലായ സംഖ്യകൾ കൊടുക്കുന്ന പക്ഷം അതു് സംഘങ്ങളുടെ നടത്തിപ്പിനു ഹാനികരമായിത്തീരും. ദീർഘകാലം കൊണ്ടുമാത്രം അടച്ചു തീർത്താൽ മതിയാകുന്ന വായ്പകൾ കൊടുക്കുന്നതിന് പ്രത്യേകമായ ഒരു സ്ഥാപനം പാശ്ചാത്യ രാജ്യങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ഈ സ്ഥാപനത്തിനാണു് ഭൂസ്വത്തു ജാമ്യബാങ്കെന്നു് നാം പേർ പറയുന്നതു്. ഈ

സ്ഥാപനവും സക്കാരിൻെറസഹായത്തോടുകൂടിയാണ് നടത്തപ്പെടുന്നതു്. ഇതിനുവേണ്ട മൂലധനം ശേഖരിക്കുന്നതു് ഓഹരി വിററും ഡിബെഞ്ചർ കടം പിരിച്ചും ആണ്. ഈ സംഖ്യകൾ ഉടനെ കൊടുത്തുതീക്കേണ്ടവയല്ലാത്തതുകൊണ്ടു ഈ സ്ഥാപനങ്ങൾക്ക് ദീർഘമായ കാലാവധിയ്ക്കു് കടം കൊടുക്കാൻ സാധിക്കും. നേരെ മറിച്ചു് സാധാരണ ബാങ്കുകളിലെ പണം മിക്കവാറും (കറൻറ് ഡിപ്പോസിററ്) ആവശ്യപ്പെടുമ്പോൾ കൊടുക്കേണ്ട തരത്തിലുള്ള നിക്ഷേപങ്ങളാകയാൽ അവ മൂന്നു മാസത്തിൽ കൂടുതലായ കാലാവധിയ്ക്കു കടം കൊടുക്കാറില്ല. ഇക്കാരണം കൊണ്ടാണ് ഋണനിവാരണവിഷയത്തിൽ ഭൂസ്വത്തുജാമ്യബാങ്കുകൾക്കു പ്രത്യേകമായ ഒരു സ്ഥാനമുള്ളതു്. ഇത്തരം സ്ഥാപനങ്ങളുടെ സഹായം കൂടാതെ കടക്കാരെയും മുതലാളന്മാരെയും യോജിപ്പിച്ചു് കടം തീക്കുന്നതിനു് വിഷമമുണ്ടു്.

എന്നാൽ കടക്കാക്കെല്ലാം ഭൂസ്വത്തുജാമ്യബാങ്കുകളിൽ നിന്നു് കടം എടുക്കാൻ സാധിക്കുകയില്ല. നല്ല ആദായമുള്ള വസ്തുക്കളുള്ളവക്കേ ഈ ബാങ്കുകൾ കടം കൊടുക്കുകയുള്ളൂ. ഒരാൾക്കു കുറെ പണം കടംകിട്ടണമെങ്കിൽ വാങ്ങുന്നതുകയുടെ ഇരട്ടിവില പിടിപ്പുള്ള വസ്തുക്കൾ ജാമ്യം കൊടുക്കണം. മാത്രമല്ല കടക്കാരൻെറ ചിലവുകഴിച്ചു് മിച്ചമുള്ള സംഖ്യ ഓരോതവണകളിലും ബാങ്കിനുചെല്ലേണ്ട തുകയോളമെങ്കിലുമുണ്ടായിരിക്കണം. സാധാരണയായി ഇരുപതോ മുപ്പതോവഷത്തെ കാലാവധിക്കാണ് ഈ ബാങ്കുകൾ കടം കൊടുക്കുന്നതു്. ഫ്രാൻസ്, ജമ്മനി മുതലായ യൂറോപ്യൻ രാജ്യ

MUL
101891



ങ്ങളിൽ 50 വഷം കൊണ്ടടച്ചുതീത്താൽ മതിയാകുന്ന കടങ്ങളും ഉണ്ട്. ബാങ്കിൽ നിന്നും എടുക്കുന്ന പണത്തിൻെറ പലിശ കൊടുക്കുന്ന അവസരത്തിൽ മുതലിൻെറ ഒരു ചുരുങ്ങിയ അംശവുംകൂടി കൊടുത്തു തീത്തുകൊള്ളണമെന്നാണ് ചട്ടം. പലിശസാധാരണ കുറവാകയാൽ ഓരോ വഷത്തിലും പന്ത്രണ്ടു ശതമാനം കൊടുത്താൽ തന്നെ ഇരുപത്തഞ്ചോ മുപ്പതോ വഷം കൊണ്ട് കടം തീന്നുപോകും. ഇങ്ങനെ തവണകഠം കണിശമായി കൊടുക്കാൻ സാധിക്കുന്നവക്കെ ഭൂസ്വത്തുജാമ്യബാങ്കുകളിൽ നിന്ന് കടം എടുക്കുന്നതു് പ്രയോജനകരമായിത്തീരുകയുള്ളൂ.

മദ്രാസ് സംസ്ഥാനത്തു് മിക്ക ജില്ലകളിലും ഇപ്രകാരമുള്ള ബാങ്കുകഠം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മററു സംസ്ഥാനങ്ങളിൽ അവ സ്ഥാപിക്കാനുള്ള ആരംഭങ്ങഠം തുടങ്ങിയിട്ടേയുള്ളൂ. നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂറിലും ബറോഡയിലും ഭൂസ്വത്തുജാമ്യബാങ്കുകളുണ്ട്.

ഗവമ്മെണ്ടിൽ നിന്നും നേരിട്ടു് കടക്കാരുടെ കടം വീട്ടിത്തീക്കുന്നതിനേക്കാഠം കൂടുതൽ പ്രയോജനകരമായിട്ടുള്ളതു ഭൂസ്വത്തുജാമ്യബാങ്കുകഠം തന്നെ കടം ഏറെറടുക്കുന്നതാണ്. ഇതിനുള്ള കാരണങ്ങഠം വിശദമാണല്ലോ. ഭവനഗരിലെപ്പോലെ പണമധികമുള്ള ഒരു ഗവമ്മെണ്ടിനു് പ്രജകളുടെ കടം മുഴുവൻ തീക്കാൻ സാധിച്ചേക്കുമെങ്കിലും ഒരു ബാങ്ക് ചെയ്യേണ്ട കാര്യങ്ങഠം ഗവമ്മെണ്ടു് ഏറെറടുക്കുന്നതു ബുദ്ധിപൂവ്വമാണോ എന്നു

സംശയിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ഇപ്പോഴത്തെ കടങ്ങൾ കൊടുത്തുതീത്തുകൊണ്ടുമാത്രം ഋണബാദ്ധ്യതയ്ക്കു ശാന്തിയുണ്ടാകുന്നതല്ലല്ലൊ. മേലിൽ ഋണഭാരം വദ്ധിക്കാതിരിക്കാൻ വേണ്ട വഴികൾ കൂടി ഉണ്ടാക്കേണ്ടതാണു്. ഇങ്ങനെ ചെയ്യുന്നതിനു ഭൂസ്വത്തുജാമ്യബാങ്കുകൾക്കേ സാധിക്കയുള്ളൂ.

അതിനാൽ കടക്കാരെയും മുതലാളന്മാരെയും യോജിപ്പിച്ചു കടം തീക്കുന്നതോടുകൂടി കടം കൊടുത്തുതീക്കാൻ ഭൂസ്വത്തുജാമ്യബാങ്കുകളെ ഏല്പിക്കുകയാണു് വേണ്ടതു്. ആ ബാങ്കുകൾക്കു് അതിനാവശ്യമുള്ള പണം കൈവശമില്ലെങ്കിൽ അതുണ്ടാക്കുന്നതിനായി കടപ്പത്രങ്ങൾ വില്ക്കുന്നതിനു് അവരെ അനുവദിക്കേണ്ടതാണു്. ഇങ്ങനെയുള്ള കടപ്പത്രങ്ങൾക്കു ഗവമ്മെണ്ടിന്റെ അംഗീകരണമുള്ള പക്ഷം പൊലികടക്കാർ തന്നെ അവ വാങ്ങിക്കൊള്ളും. ഇതു എല്ലാവക്കും വളരെ സൗകയ്യപ്രദമാണെന്നു പറയേണ്ടതില്ലല്ലൊ. യൂറോപ്പിലുള്ള ഭൂസ്വത്തുജാമ്യബാങ്കുകളുടെ കടപ്പത്രങ്ങൾ ഗവമ്മെണ്ടു കടപത്രങ്ങൾ പോലെ വില്ക്കുകയും വാങ്ങുകയും ചെയ്യുന്നുണ്ടു്. ആ നില ഇവിടെയും വരുത്തുന്നതു അസാദ്ധ്യമായിരിക്കയില്ല.

സാധാരണയുള്ള ഭൂസ്വത്തുജാമ്യബാങ്കുകൾക്കു് വലിയ കടങ്ങൾ തീക്കാൻ സാധിക്കുകയില്ല. എത്രതന്നെ വസ്തുക്കൾ ജാമ്യം കൊടുത്താലും 5000 രൂപായിൽ കൂടിയ തുക ഒരാൾക്കു് മദ്രാസ് സംസ്ഥാനത്തെ ഭൂസ്വത്തുജാമ്യബാങ്കുകളിൽ നിന്നു കിട്ടുകയില്ല. ഇപ്രകാരമുള്ള

നിഷ്ക്കർഷ മററു പ്രദേശങ്ങളിലും ഉണ്ട്. അതുകൊണ്ടു കൂട്ടുമുതൽ കമ്പനിയായി (Joint Stock) നടത്തപ്പെടുന്ന ഒരു ഭൂസ്വത്തുജാമ്യബാങ്കിൻെറ ആവശ്യം നമുക്കു വളരെ കൂടുതലായിട്ടുണ്ട്. ഇത്തരം ബാങ്കുകൾക്കു് വമ്പിച്ച മൂലധനം ഉള്ളതുകൊണ്ടു് ജന്മികൾക്കും മററും വലിയ തുകകൾ കടം കൊടുക്കാൻ സാധിക്കും. ബർമ്മായിൽ സ്ഥാപിച്ചിട്ടുള്ള ഡോസൺസ് ബാങ്ക് ഇപ്രകാരമുള്ള ജോലി ഇപ്പോൾ ചെയ്യുന്നുണ്ട്. ഇതു് ഒരു കൂട്ടുമുതൽ കമ്പനിയാണു്. ഇത്തരത്തിലുള്ള അനേകം ബാങ്കുകൾ ഇന്ത്യയിൽ സ്ഥാപിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. 1928-ൽ ഇംഗ്ലണ്ടിൽ സ്ഥാപിച്ച "ഇംഗ്ലീഷ് മോർട്ടുഗേജ് ക്രെഡിററു കോർപ്പൊറേഷൻ" ജപ്പാനിലെ "ഹൈപ്പോത്തെക്കു് ബാങ്ക്" ഫ്രാൻസിലെ "ക്രെദിഫോങ്സിയേർ" മുതലായ വമ്പിച്ച സ്ഥാപനങ്ങളെയാണു മാതൃകകളായി നാം സ്വീകരിക്കേണ്ടതു് (1) ഇംഗ്ലണ്ടിലെ സകല കൂട്ടുമുതൽ കമ്പനികളും മോർട്ടുഗേജ് കോർപ്പൊറേഷനിലെ ഓഹരിക്കാരാണു്. കൂടാതെ ഈ ബാങ്കിന്നു് 750,000 പവൻ 60 കൊല്ലത്തേക്കു യാതൊരു പലിശയും കൂടാതെ ഗവമ്മെണ്ടു കടം കൊടുത്തിട്ടുമുണ്ടു്. മറെറല്ലാ രാജ്യങ്ങളിലുമുള്ള ഇത്തരം ബാങ്കുകൾക്കു് അതതു ഗവമ്മെണ്ടുകൾ ഇതുപോലെ ധനസഹായം ചെയ്തുവരുന്നു. ഈ സ്ഥാപനങ്ങൾക്കു് കടക്കാരായ കൃഷകരെ വേണ്ടവിധം സഹായിക്കാൻ നിഷ്പ്രയാസം സാധിക്കും.

---

(1) ഫ്രാൻസിലെ ബാങ്കിൻെറ പേർ Credit Foncier എന്നാണു്

# അദ്ധ്യായം എട്ട്

## മററു പരിഹാരമാൎഗ്ഗങ്ങൾ

മുതലാളന്മാരുടെ പ്രത്യേകതരമായ ഔദാൎയ്യം കൂടാതെ കടക്കാരുടെ ഋണഭാരം സാരമായി കുറയ്ക്കാൻ സാധിക്കയില്ല. പലിശയിൽ നല്ലൊരുഭാഗം തട്ടിക്കുറയ്ക്കാൻ മിക്കവരും സമ്മതിയ്ക്കും. ഏൎപ്പാടു പൂൎണ്ണമായി അവസാനിക്കുന്നപക്ഷം വേറേയും സഹായങ്ങൾ ചെയ്തുകൊടുക്കാതിരിക്കയില്ല. കടക്കാരനും അയാളുടെ കുടുംബത്തിനും ചിലവിന് അവശ്യം വേണ്ടതായ വസ്തുക്കൾ ഒഴിഞ്ഞു കൊടുക്കുന്നതും വലിയൊരു നന്മയായിരിക്കും.

മുതലാളന്മാരിൽ വളരെപ്പേർ ഇപ്രകാരമുള്ള പല ഔദാൎയ്യങ്ങൾ ചെയ്താൽ തന്നെ കടത്തിൽ നിമഗ്നരായ പലൎക്കും രക്ഷയുണ്ടാകുമെന്ന് തോന്നുന്നില്ല. പൊലിക കടക്കാരെല്ലാം ഒരു പോലെയല്ലല്ലോ. ഇന്നു കടം കൊണ്ടു വലയുന്ന വളരെപ്പേരുടേയും ഭൂസ്വത്തു മുഴുവൻ നഷ്ടപ്പെടാനാണിടയുള്ളതു. ഒരു കിടപ്പാടം മാത്രം കടക്കാരനു ഒഴിഞ്ഞു കിട്ടുന്നതായാൽ തന്നെ ഒരുപജീവനമാൎഗ്ഗം അയാൾക്കുണ്ടാവാൻ വിഷമമാണു്. കൂലിവേലക്കാരുടെ സംഖ്യ ഇപ്പോൾതന്നെ വൎദ്ധിച്ചിരിക്കുന്ന സ്ഥിതിക്കു ഇവരും കൂലി വേലചെയ്യാനൊരുമ്പെടുന്നതു ആശാസ്യമായിരിക്കയില്ല. മാത്രമല്ല ഇന്ത്യയിലെ മിക്കഗ്രാമങ്ങളിലും-വിശേഷിച്ചു നെൽകൃഷിചെയ്യുന്ന

പ്രദേശങ്ങളിൽ--കൃഷിവേലയെടുത്തു കാലം കഴിയ്ക്കു ന്നവർ വേണ്ടതിലധികമുണ്ട്. തഞ്ചാവൂർ, കൃഷ്ണ, ഗോദാവരി മുതലായ ബ്രിട്ടീഷ് ജില്ലകളിലും തെക്കെമലബാറിലും, തിരുവിതാംകൂർ കൊച്ചി എന്നീനാട്ടു രാജ്യങ്ങളിൽ ചില പ്രദേശങ്ങളിലും ചതുരശ്രമൈൽ ഒന്നുക്കു ശരാശരി ആയിരത്തോളം ജനങ്ങൾ കുടിപാർക്കുന്നുണ്ട്. ഒരു ചതുരശ്രമൈൽ സ്ഥലത്തു് 250 ജനങ്ങൾക്കു മാത്രമെ കൃഷികൊണ്ടു് സാമാന്യം സുഖമായി കഴിച്ചുകൂട്ടാൻ സാധിക്കൂ എന്നാണു് പാശ്ചാത്യ ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇന്ത്യയിലെ വയൽ പ്രദേശങ്ങളിലും ഫലഭൂയിഷ്ഠമായകരപ്രദേശങ്ങളിലും യൂറോപ്പിലെ തോതിൽ കൂടുതൽ ജനങ്ങൾക്കു് താമസിക്കാമെന്നിരുന്നാൽ തന്നെയും ഇനിയും ഈ പ്രദേശങ്ങളിൽ ജനസംഖ്യ വൎദ്ധിച്ചാൽ ദാരിദ്ര്യവും പട്ടിണിയും അസഹനീയമായിത്തീരുകയെ ഉള്ളൂ. അതിനാൽ കടത്തിൽ പെട്ടുഴലുന്നവരിൽ പലരും അന്യസ്ഥലങ്ങളിൽ ചെന്നു കുടിയേറിപ്പാൎക്കുന്നതാണു് നല്ലതു്.

പാശ്ചാത്യരാജ്യങ്ങളിൽ ഗവൎമ്മെണ്ടു നേരിട്ടുതന്നെ സഹായിച്ചാണു് ജനങ്ങളെ കുടിയേറിപ്പാൎപ്പിക്കുന്നതു്. ജൎമ്മനി, ആസ്ത്രിയാ, ക്യാനഡാ മുതലായരാജ്യങ്ങളിൽ ഇതിനു പൎയ്യാപ്തമായ പദ്ധതികളും രൂപീകരിക്കപ്പെട്ടിട്ടുണ്ടു്. ജൎമ്മനിയിൽ നടപ്പാക്കിയിരിക്കുന്ന രീതി താഴെ വിവരിക്കാം. ഗവൎമ്മെണ്ടുതന്നെ ഉത്സാഹിച്ചു് കുടിയേററ സംഘങ്ങൾ സ്ഥാപിക്കുന്നു. ആ സംഘങ്ങളിൽ ഓഹരി ചേരുന്നതു് നഗരസഭകളും കൎഷകസമാജങ്ങളും മററുമാണു്. ഗവൎമ്മെണ്ടധികാരത്തിൽ നടത്തു

ന്ന ചില ബാങ്കുകൾ ഈ സംഘങ്ങൾക്ക് ചുരുങ്ങിയ കാലത്തേക്കുള്ള കടങ്ങൾ കൊടുക്കും. ഇങ്ങനെ വാങ്ങുന്ന പണവും സംഘത്തിൽ സമ്പാദിച്ചിട്ടുള്ള പണവും കൊണ്ട് വിജനസ്ഥലങ്ങളിൽ വസ്തുക്കൾ വാങ്ങുകയും കുടിയേറിപ്പാൎക്കുന്നവൎക്ക് ഒരാണ്ടത്തേയ്ക്കുള്ള ചെലവും കൃഷി ആയുധങ്ങളും കൊടുക്കുകയും ചെയ്യും. ഇങ്ങിനെ കുടിയേറിപ്പാർക്കുന്നവർക്ക് ഭൂസ്വത്തുജാമ്യബാങ്കുകൾ നാല്പതോ അമ്പതോ വൎഷത്തെ കാലാവധിയ്ക്കുള്ള കടങ്ങൾ കൊടുക്കും. ആ പണം കൊണ്ട് കുടിയേററക്കാൎക്ക് സംഘത്തിൽ നിന്നും മററും കിട്ടിയിട്ടുള്ള സംഖ്യ കൊടുത്തു തീൎക്കാമല്ലോ. പിന്നീട് ഭൂസ്വത്തു ജാമ്യബാങ്കിൽ അടയ്ക്കേണ്ട തവണകൾ ആണ്ടുതോറും കൊടുത്താൽമതി. ജൎമ്മനിയിലെ ജനബാഹുല്യമുള്ള പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ പോയി അനേകം സ്ഥലങ്ങളിൽ ഇയ്യിടെ കുടിയേറിത്താമസം തുടങ്ങിയിട്ടുണ്ട്. ഇവരുടെ ഋണഭാരം ക്ലിപ്തമാകയാലും കൃഷി ചെയ്യാതെ വളംകേറി കിടന്നിരുന്ന ഭൂമിയാകയാലും ഇക്കൂട്ടരുടെ സാമ്പത്തിക നില ആശാസ്യമായിട്ടാണ് കണ്ടു വരുന്നത്. പരസ്പര സഹായസംഘങ്ങൾ സ്ഥാപിക്കുന്നതിനും ഏകയോഗക്ഷേമമായി കൊടുക്കൽ വാങ്ങൽ ചെയ്യുന്നതിനും വേണ്ടസൗകൎയ്യങ്ങൾ ഉണ്ടെന്നുള്ളതും പ്രത്യക്ഷമായിരിക്കുന്നു.

ഇന്നു കേരളീയർ ഈ വിധമുള്ള ഒരു പദ്ധതി സ്വീകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. കേരളത്തിലെപ്പോലെ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങൾ ഇന്ത്യയിലെന്നുതന്നെയല്ല ലോകത്തിലധികമാ

യി തന്നെ കാണുമെന്നുതോന്നുന്നില്ല. കേരളത്തിൽ തന്നെയും സമീപസ്ഥലങ്ങളിലും കുടിയേറിപ്പാപ്പിനു പററിയസ്ഥലങ്ങളുണ്ടു്. കുടിയേറിപ്പാപ്പിനു ഇപ്പോഠം വലിയൊരു പ്രതിബന്ധമായിത്തീന്നിരിക്കുന്നതു മലമ്പനിയാണു്. സ്വത്തുവാങ്ങാൻ പണമില്ലെന്നുള്ളതും ഒരു പ്രതിബന്ധം തന്നെയാണു്. ഈ രണ്ടുപ്രതിബന്ധങ്ങളും അകററുന്നതിനു് സക്കാരിനു സാധിക്കും. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് ഗവമ്മെണ്ടിനു് യാതൊരുനഷ്ടവുമുണ്ടാകയില്ലെന്നു മാത്രമല്ല നാട്ടിലെ മുതലെടുപ്പും ധനസ്ഥിതിയും വദ്ധിക്കുകയും ചെയ്യും. കേരളീയക്കു് കുടിയേററത്തിനു വേണ്ട തന്റേടം ഉണ്ടെന്നുള്ളതു് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇക്കഴിഞ്ഞഅമ്പതുവഷകാലത്തിനിടക്കു് നിമ്നസ്ഥലങ്ങളിൽ താമസിച്ചിരുന്ന അനേകം ജനങ്ങഠം വയനാട്ടു്, ദേവികുളം മുതലായ മലംപ്രദേശങ്ങളിൽ ചെന്നുതാമസമുറപ്പിച്ചിട്ടുണ്ടു്. തൊട്ടപുഴ, മൂവാററുപുഴ, ചെങ്ങന്നൂർ എന്നീതാലൂക്കുകളിൽ വിജനമായിക്കിടന്നിരുന്ന പലപ്രദേശങ്ങളിലും ഇപ്പോഠം ധാരാളം ജനങ്ങഠം കുടിയേറി താമസിക്കുന്നുണ്ടു്. ഇന്ത്യയിലെ മററുരാജ്യങ്ങളിൽ തന്നെ ചെന്നു് കുടിയേറിപ്പാക്കാൻ കേരളീയർ സന്നദ്ധരാകേണ്ടതാണു. ജനഭാരംകൊണ്ടുപലരും കഷ്ടപ്പെടുന്ന ഇക്കാലത്തു് ഗവമ്മെണ്ടിന്റെയും പൊതുജനങ്ങളുടെയും ശ്രദ്ധ ഈ കായ്യത്തിൽ പ്രത്യേകം പതിയേണ്ടിയിരിക്കുന്നു.

ഇന്ത്യയിൽ വനംനീക്കി ആകെ 66 കോടി ഏക്കർ വിസ്തീണ്ണമുള്ളതിൽ 22 കോടിഏക്കർ ഭൂമിയെ കൃഷിചെയ്യുന്നുള്ളു. ശേഷമുള്ളഭൂമിയുണ്ടു്. അതിൽ 14 കോടി

ഏക്കർ, കൃഷിക്കുപയോഗപ്പെട്ടതാവുന്നതല്ല. 15 കോടി ഏക്കർ കൃഷിചെയ്യാവുന്ന സ്ഥലങ്ങളാണെങ്കിലും ഇപ്പോഴും തരിശായികിടക്കുകയാണ്. ഇതിൽ ഫലപുഷ്ടിയുള്ള പലഭാഗങ്ങളും ഉണ്ടു്. അതിനാൽ, ഇന്ത്യയിൽ കുടിയേററത്തിന് ഇനിഭൂമിയില്ലെന്നും ജനസംഖ്യ വൎദ്ധിക്കാതിരിക്കാനുള്ള കൃത്രിമ മാൎഗ്ഗമാണ് കണ്ടുപിടിയ്ക്കേണ്ടതെന്നുമുള്ള അഭിപ്രായം ആദരണീയമല്ല. ഗവമെൎമ്മണ്ടും ജനങ്ങളും നിരന്തരമായി പരിശ്രമിക്കുന്നപക്ഷം ജനങ്ങൾക്ക് ഇന്നത്തേതിലധികം നന്നായികഴിയുന്നതിനു വേണ്ടകൃഷിസ്ഥലങ്ങൾ ഉണ്ടാക്കാനും ഇന്നുള്ള കൃഷിസ്ഥലങ്ങളെ കൂടുതൽ ഫലപുഷ്ടിയുള്ളതാക്കാനും സാധിക്കുന്നതാണ്. ഈ നാട്ടിനേക്കാൾ ഫലപുഷ്ടികുറഞ്ഞ യൂറോപ്പു ഖണ്ഡത്തിലേ പല രാജ്യങ്ങളിലും വമ്പിച്ച ഒരു ജനതതി സുഖമായി ഉപജീവനം കഴിയുന്നതു ഓൎക്കുമ്പോൾ നിസ്തന്ദ്രപരിശ്രമത്തിൻെറ അഭാവമാണ് ഈ നാട്ടിലേ ദാരിദ്ര്യത്തിൻെറ മൂലകാരണമെന്നു തോന്നിപ്പോകുന്നു.

---

# അദ്ധ്യായം ഒൻപതു
## ഋണനിവാരണപദ്ധതി

കൃഷികരെ ഋണബാദ്ധ്യതയിൽ നിന്നും വിമുക്തരാക്കുമ്പോഴും തന്നെ വീണ്ടും അവർ കടക്കാരാകാതിരിക്കാൻ വേണ്ടഏർപ്പാടുകൾ ചെയ്യണം. കൃഷികൾക്കുള്ള കടം എല്ലാം ഗവമ്മെണ്ട് ഇന്നു് തീർത്താൽ നാളെ അത്രയുംകടം അവർ വാങ്ങാതിരിക്കയില്ല. അതുകൊണ്ടു് ഇപ്പോഴുള്ള കടങ്ങൾ എല്ലാം തീർത്താൽ കൃഷികരുടെ ഋണബാദ്ധ്യത നശിക്കുമെന്നു കരുതുന്നതു് മൌഢ്യമാണു്. ഋണബാദ്ധ്യത ഉണ്ടാകാതിരിക്കണമെങ്കിൽ കൃഷികർ കടം വാങ്ങിക്കാതെ സൂക്ഷിക്കണം. മുതലാളിമാർ കടംകൊടുക്കാതെ നോക്കുന്നതു കൊണ്ടോ, പലിശനിരക്കു കുറയ്ക്കുന്നതുകൊണ്ടോ വലിയപ്രയോജനവുമില്ല. ഉടൻ തന്നെ ആദായം കിട്ടുന്ന കാര്യങ്ങൾക്കായി കടം വാങ്ങുന്ന സംഖ്യ അടുത്തവിളവെടുക്കുമ്പോൾ തന്നെ കൊടുത്തുതീർക്കണം. കാലാന്തരത്തിൽ മാത്രം ആദായംകിട്ടിത്തുടങ്ങുന്ന കൃഷിഇറക്കുന്നതിനു പണം വാങ്ങിയാൽ ആതുക പലതവണകളായി അടച്ചുതീർത്താൽമതി. ഇങ്ങനെ നിഷ്കൃഷയോടുകൂടി പെരുമാറിയാൽ കടം വർദ്ധിക്കാതെ കഴിഞ്ഞുകൂടും. ഇക്കാര്യങ്ങളിൽ പരസ്പരസഹായ സംഘങ്ങളുടെ മേൽ നോട്ടമാണു് ആവശ്യമായിട്ടുള്ളതു്. എന്നാൽ ഇന്നു ഈ സംഘങ്ങൾ യാതൊരനേ

ഷണങ്ങളും ചെയ്യാതെ കടംകൊടുക്കുന്നതിനുള്ള ഒരു സ്ഥാപനം മാത്രമായിട്ടാണ് തീൎന്നിരിക്കുന്നതു്. ഋണബാദ്ധ്യത ഉണ്ടാകാതിരിക്കണമെങ്കിൽ പരസ്പരസഹായസംഘങ്ങൾ ചുമതലബോധത്തോടും ജാഗ്രതയോടും കൂടി പ്രവൎത്തിക്കേണ്ടതാണ്. നല്ലകൃഷിസമ്പ്രദായങ്ങളും കച്ചവടസൗകൎയ്യങ്ങളും ഉണ്ടാക്കുകയും സമുദായാഘോഷങ്ങൾ കഴിയുന്നതും തടഞ്ഞു മിതവ്യയശീലം പഠിപ്പിക്കുകയും ചെയ്തു്, കൃഷകരുടെ വരവു വൎദ്ധിപ്പിക്കാൻ ഈ സംഘങ്ങൾ ശ്രമിക്കണം. ആദായകരമായ തൊഴിലുകൾ ചെയ്യുന്നതിനു മാത്രമെ പരസ്പരസഹായസംഘങ്ങൾ കടം കൊടുക്കാവൂ. കൂടാതെ വിളവെടുക്കുന്ന സമയം സംഘക്കാർതന്നെ ചുമതലവഹിച്ചു്, ഏററവും കൂടിയവിലയ്ക്കു് ഉല്പന്നങ്ങൾ വില്ക്കുകയും, പലിശ, സൎക്കാർ കരം മുതലായവകൊടുക്കുകയും വേണം. പൊലിക്കടക്കാരോടും മററും അന്യായമായ പലിശയ്ക്കു് നെല്ലു് കടം വാങ്ങാനിടവരാതെ ഈ സംഘങ്ങൾ ധാന്യബാങ്കുകൾ സ്ഥാപിച്ചുനടത്തണം. ഇപ്രകാരമുള്ള "ധാന്യഗോളങ്ങൾ'' മദ്ധ്യസംസ്ഥാനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടു്. ഈ രീതിതുടരുകയാണെങ്കിൽ കൃഷകൎക്കു് വരവു വൎദ്ധിക്കുകയും സംഘത്തിൽ നിന്നു കൊടുക്കുന്ന പണം അതതു സമയങ്ങളിൽ കിട്ടുകയും ചെയ്യും. പല രാജ്യങ്ങളിലും പരസ്പരസഹായസംഘങ്ങൾ ഇപ്രകാരം പ്രവൎത്തിച്ചു വരുന്നുണ്ടു്. നമ്മുടെ നാട്ടിലെ പരസ്പരസഹായ സംഘങ്ങളും ഈ നയം അനുകരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

കൃഷകരുടെ ആദായം വൎദ്ധിക്കുകയും ദുൎവ്യയശീലം ഇല്ലാതാവുകയും ചെയ്യുമ്പോൾ ഋണഭാരം ഉണ്ടാവുക

യില്ലെന്നുള്ളതു് നിൎവിവാദമാണു്. ചില രാജ്യങ്ങളിൽ നിയമനിൎമ്മാണം മൂലം വസ്തുക്കളുടെ ക്രയവിക്രയം തടഞ്ഞിട്ടുണ്ടു്. പഞ്ചാബ്, ബാണ്ടൽക്കണ്ടു്; മദ്ധ്യസംസ്ഥാനം എന്നീ പ്രദേശങ്ങളിൽ വസ്തുക്കളന്യാധീനപ്പെടുത്താതിരിക്കാൻ വേണ്ട നിയമങ്ങൾ നിൎമ്മിച്ചിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി മദ്ധ്യസംസ്ഥാനത്തും ചില ചട്ടങ്ങൾ പാസാക്കാനുള്ള ആലോചനയുണ്ടു്. 1901-ലെ പഞ്ചാബ് ആക്ററു പ്രകാരം വസ്തുക്കൾ കൎഷകരല്ലാത്തവൎക്കു വാങ്ങാൻ പാടില്ല. ഈ ആക്ടിന്റെ ഉദ്ദേശം വസ്തുക്കൾ കൈമറിഞ്ഞു പോകാതെ സൂക്ഷിക്കണമെന്നാണു്. എന്നാൽ കൎഷകരായ അനേകം പേർ ഇപ്പോൾ പണം കടം കൊടുത്തു തുടങ്ങിയിരിക്കുന്നു. മദ്ധ്യസംസ്ഥാനത്തെ കാട്ടുജാതിക്കാരായ ഗോണ്ടുകളുടെ ഇടയിൽ പോലും പൊലികടക്കാർ ഉണ്ടായിത്തുടങ്ങിയെന്നാണറിയുന്നതു്. കൎഷകൎക്കു മാത്രമെ വസ്തുക്കൾ വാങ്ങാവൂ എന്നു നിർബ്ബന്ധമുള്ളതുകൊണ്ടു് അടുത്ത കാലത്തു ചില കൎഷകർ വലിയ ജന്മികളായിത്തീൎന്നിട്ടുണ്ടു്. കൎഷകൎക്കു് ഇപ്പോൾ മററാരും കടം കൊടുക്കുകയില്ല. അഥവാ കൊടുക്കുകയാണെങ്കിൽ വലിയ പലിശ നിരക്കാണുള്ളതു്. വസ്തുക്കൾ കൈമാററം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കു അനുവദിച്ചുകൊടുക്കാഞ്ഞാൽ ഭൂസ്വത്തുജാമ്യബാങ്കുകൾ നന്നായി നടത്താൻ സാധിക്കുകയില്ല. ഇന്ത്യൻ ബാങ്കിങ്ങ് കമ്മിററിയുടെ ശുപാൎശം ഏറക്കുറെ ഇപ്രകാരം തന്നെയാണു്.

ഓരോ കർഷകകുടുംബത്തിനും അന്യാധീനപ്പെടുത്താൻ അവകാശമില്ലാത്ത കുറെ സ്വത്തെങ്കിലും ഉണ്ടാ

യിരിക്കുന്നതു് അത്യുത്തമമെന്നു സമ്മതിക്കാം. ഇന്ത്യൻ
ജനതയിൽ ഭൂരിപക്ഷവും കൃഷിയെ മാത്രം ആശ്രയിച്ചു
ജീവിക്കുന്നവരായതുകൊണ്ടു് അവരുടെയിടയിൽ യാ
തൊരു സ്വത്തുമില്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നതു
ആപൽക്കരവുമാണു്. അതുകൊണ്ടു് കഷ്ടിച്ചുപജീവിക്കാ
ൻ മാത്രം മതിയാകുന്ന വസ്തുക്കൾ ഒരിക്കലും അന്യാധീ
നപ്പെടുത്തിക്കൂടെന്നു ഒരു നിയമമുണ്ടാകുന്നതു നല്ലതു
തന്നെ. അമേരിക്കൻ ഐക്യരാജ്യങ്ങളിലെ (Home-
stead Act) ഹോംസ്റ്റെഡു് നിയമവും യൂറോപ്പിലെ
(Heimstatan) ഹൈംസ്റ്റാററൻ, ഇജിപ്തിലെ ഫൈവ്
ഫെഡൻലോ എന്നീ നിയമങ്ങളും ഈ നയം അംഗീ
കരിച്ചിരിക്കുന്നു. ഈ രാജ്യങ്ങളിൽ നിയമപ്രകാരം
സുരക്ഷിതമായ സ്വത്തു വിഭജിക്കാൻ കൂടി പാടില്ല
ത്രെ. അതിനാൽ പല പുത്രന്മാരുള്ള പിതാവിൻെറ
സ്വത്തു സാധാരണ ഇളയ പുത്രനാണു് കൊടുക്കുന്നതു്.

ഇങ്ങനെ ഒരു നിയമം ഇന്ത്യയിലും ഉണ്ടാകുന്നതു്
നല്ലതുതന്നെ. എന്നാൽ അതു നടപ്പാക്കാൻ അനേകം
പ്രതിബന്ധങ്ങളുണ്ടു്. ഇന്ത്യയിലാകട്ടെ ആളൊന്നുക്കു്
ഒരേക്കർ ഭൂമി മാത്രമാണുള്ളതു്. ഒരു കൃഷകകുടുംബ
ത്തിനുതന്നെ ശരാശരി 4½ ഏക്കറിൽ കൂടുതൽ സ്ഥലം
ഉണ്ടാവുകയില്ല. അതുകൊണ്ടു് ഒരു കുടുംബത്തിനത്യാ
വശ്യമായിട്ടുള്ള സ്ഥലവിസ്തീർണ്ണം ഇത്രയെന്നു നിർണ്ണയി
ക്കാൻ വിഷമമാണു്. ജലസൗകര്യമില്ലാത്ത സ്ഥലങ്ങ
ളിൽ 5 ഏക്കർ ഭൂമിയുണ്ടായിരുന്നാൽ പോലും ഒരു
കുടുംബത്തിൻെറ ചിലവിനു മതിയാവുകയില്ല. അ

പ്പോൾ ഓരോ കർഷകകുടുംബത്തിന്നു സ്ഥിരമായി കുറച്ചു വസ്തുക്കളുണ്ടായിരിക്കണമെന്നു വച്ചാൽ അനേകം ജനങ്ങൾക്കു യാതൊരു വസ്തുക്കളും ഉണ്ടായിരിക്കയില്ലെന്നു വരും. പറയത്തക്കതായ വ്യവസായപുഷ്ടിയൊ കച്ചവടമൊ ഇല്ലാത്ത ഈ നാട്ടിൽ നിർദ്ധനത്വം വർദ്ധിക്കുന്നതു ആപല്ക്കരമായിരിക്കും. കൂടാതെ ഇങ്ങനെ ഒരു നിയമം ഉണ്ടായാൽ കുടുംബഛിദ്രം ഉണ്ടാകാനിടയുണ്ടു്. ഭൂസ്വത്തു കൈമാററം ചെയ്യാൻ പാടില്ലാതാകുമ്പോൾ കടം കൊടുത്തവർ അന്യമാർഗ്ഗങ്ങളാലോചിച്ചു കർഷകർക്കു കൂടുതൽ ഉപദ്രവമുണ്ടാക്കാതിരിക്കുമൊ? ഹിന്ദുക്കളുടെയും മുഹമ്മദീയരുടെയും മാമൂലിന്നു വിരുദ്ധമായ ഒരു ചട്ടത്തെ അവർ എതൃക്കാതിരിക്കുമെന്നും തോന്നുന്നില്ല.

കുടുംബസ്വത്തുക്കൾ എല്ലാം ഇഷ്ടം പോലെ ക്രയവിക്രയം ചെയ്യാമെന്നു വരുന്നതും വലിയ ദോഷമാണു്. അന്യരാജ്യങ്ങളിൽ പോയി കുടിയേറിപ്പാർക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയും വാണിജ്യവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുമ്പോൾ കുടുംബസ്വത്തിൽ ഒരു ചുരുങ്ങിയ ഭാഗം നിയമേന സുരക്ഷിതമാക്കുന്നതു നന്നായിരിക്കും.

വസ്തു പണയം കൊടുത്തു കടം വാങ്ങുന്ന ഏർപ്പാടു് നിറുത്തുന്നതിന്നു് പല മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ടു്. ഇതിനെപ്പററി മുപ്പതു കൊല്ലം മുമ്പു് യൂറോപ്പിൽ വലിയ വാദപ്രതിവാദം നടന്നു. ഒരു ഡിസ്ട്രിക്ടിലുള്ളവർ പരസ്പരം ബന്ധിക്കപ്പെടണമെന്നും ഭാവിയിൽ വസ്തു ഉ

ടസ്ഥന്മാരെല്ലാം സമ്മതിച്ചാൽ മാത്രമെ കടം വാങ്ങാവൂ എന്നാം ഉള്ള അഭിപ്രായം ഈ വാദപ്രതിവാദത്തിന്ന ശേഷമുണ്ടായതാണു്. ഇതിന്ന വേണ്ട പ്ലാൻ പലരും തയ്യാറാക്കി. ഇങ്ങനെയുള്ള കൂട്ടുടമസ്ഥത ഉണ്ടാകുന്നതുകൊണ്ടു് കടം വദ്ധിക്കാതെയും വസ്തു മററൊരാളുടെ കൈവശമാകാതെയും ഇരുന്നേക്കാം. എന്നാൽ കൃഷിക്കു് വസ്തുക്കളിൽ പൂണ്ണാവകാശമില്ലാതാകുന്നതു് ആശാസ്യകരമല്ലെന്നു മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

വസ്തു കൈമാററത്തെ പ്രതിരോധിക്കുന്നതിന്നുള്ള ഏതു പദ്ധതിയും മനുഷ്യപ്രകൃതിക്കു് യോജിച്ചതല്ല. ഇന്നു പല കൃഷികരും വലിയ പരിശ്രമികളായിത്തീന്നിരിക്കുന്നതു് ഭാവിയിൽ ഒരു നല്ല സ്വത്തുടമസ്ഥനായിത്തീരണമെന്നുള്ള ആഗ്രഹം കൊണ്ടാണു്. അലസനും ധാരാളിയുമായ ജന്മി നഷ്ടപ്പെട്ടന്നെങ്കിൽ പരിശ്രമിയും മിതവ്യയശീലനമായ കൃഷികൻ സമ്പാദിക്കുന്നുണ്ടു്. രാജ്യത്തിന്ന ഇതുകൊണ്ടു് യാതൊരു നഷ്ടവുമില്ലതാനും. ഭൂസ്വത്തു ചുരുക്കം ചില ആളുകളുടെ കൈവശം ഇരിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ജീവിതം തന്നെ അസ്ഥിരമാണെന്നിരിക്കെ ജീവിതോപായങ്ങളെ സ്ഥിരമാക്കണമെന്നു് വിചാരിക്കുന്നതെന്തിനു്? ഇന്ത്യയിൽ കൃഷി ഏററവും പ്രധാനമായ തൊഴിലാകയാൽ കൂടെക്കൂടെ വസ്തുക്കൾ കൈമറിഞ്ഞു പോകുന്നതു് ദോഷകരമാണു്. എന്നാൽ ഈ ദൂഷ്യത്തെ തടയാൻ വേണ്ടി നാം അതിരുകവിഞ്ഞ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്നില്ല.

---

## അദ്ധ്യായം പത്തു്

## അനുമാനങ്ങൾ

ഇത്രയും പറഞ്ഞതിൽ നിന്നു് ഋണബാദ്ധ്യതയെ ഉന്മൂലനം ചെയ്യത്തക്ക ഒററമൂലിപ്രയോഗമൊന്നും കണ്ടുപിടിച്ചിട്ടില്ലെന്നു മനസ്സിലാക്കാമല്ലോ. ഇന്ത്യയ്ക്കു ഋണബാദ്ധ്യത ഒരു തീരാവ്യാധിയായിട്ടാണു് തീൎന്നിരിക്കുന്നതു്. പോരെങ്കിൽ സാമുദായികവും വൎഗ്ഗീയവുമായ പല ശക്തികളും ഇതിന്റെ വളൎച്ചയ്ക്കു വളം വയ്ക്കുന്നുമുണ്ടു്. താല്ക്കാലികമായ പരിഹാരമാൎഗ്ഗങ്ങൾ പലതുമുണ്ടെങ്കിലും കൎഷകരുടെ ധനസ്ഥിതിയും മിതവ്യയശീലവും സംരക്ഷിച്ചതിന്റെ ശേഷമെ അവ നടപ്പിൽ വരുത്താൻ സാധിക്കയുള്ളു. അല്ലെങ്കിൽ ഇ കാൎയ്യത്തിനുള്ള ഏതു പ്രയത്നവും നിഷ്ഫലമായിത്തീരും. നാം ഒരു പദ്ധതി ഏൎപ്പെടുത്തിയാൽ അതുകൊണ്ടു് കൎഷകൎക്കു കടം കിട്ടാതാകരുതെന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാണു്. അത്യാവശ്യം വേണ്ട പണം കിട്ടുന്നതും മിതവ്യയശീലത്തെ പ്രോത്സാഹിപ്പിക്കുന്നതും കൎഷകന്റെ വരവു വൎദ്ധനയ്ക്കുതകുന്നതുമായ ഒരു പദ്ധതിയാണു് നമുക്കിന്നത്യാവശ്യമായിത്തീൎന്നിരിക്കുന്നതു്.

ഋണബാദ്ധ്യതയെ ലഘൂകരിക്കാനുള്ള ഏതൊരു പദ്ധതിയും നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ശക്തിയേറിയ പല പ്രതിബന്ധങ്ങളും നമ്മെ വിഷമിപ്പിക്കാതിരിക്ക

യില്ല. ജ്ഞണബാദ്ധ്യത ഇല്ലാതായാൽ മാത്രമെ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളു. എന്നാൽ കൃഷി അഭിവൃദ്ധിപ്പെടാതെ ജ്ഞണഭാരം ശമിപ്പിക്കാൻ സാധിക്കുകയുമില്ല. ഇന്ത്യയിൽ ജ്ഞണബാദ്ധ്യത വൎദ്ധിക്കാനുള്ള പ്രധാന കാരണം അടിയന്തിരാഘോഷങ്ങൾക്കുള്ള ദുൎവ്യയമാണു്. ജ്ഞണഭാരം ഇത്ര അസഹ്യമായിത്തീൎന്നിട്ടും ദുൎവ്യയത്തിനു വലിയ കുറവു ഉണ്ടായിട്ടുമില്ല. ചുരുക്കിപ്പറഞ്ഞാൽ ദാരിദ്ര്യം, അമിതവ്യയം, അനാരോഗ്യം, ജ്ഞണബാദ്ധ്യത ഇവയെല്ലാം ഒരു ദൂഷിച്ച വലയത്തിൽപെട്ടു കിടക്കുന്നു. ഇവയെല്ലാം ഒരുമിച്ചുകൂടി സാമ്പത്തികോദ്ധാരണത്തിനു പ്രതിബന്ധങ്ങളായിട്ടാണു് തീൎന്നിരിക്കുന്നതു്. ഈ വലയത്തെ മൊത്തമായി എതിൎത്താലെ ഉദ്ധാരണം സാദ്ധ്യമാകയുള്ളു. ഈ ദുൎഘടമായ ജോലിക്കു ഒരു മഹോദ്യമം ആവശ്യമാണു്. നാട്ടിലുള്ള സകല ജനങ്ങളുടെയും സകല സ്ഥാപനങ്ങളുടെയും സഹായസഹകരണങ്ങൾ കൊണ്ടേ ഇതു സാധിക്കയുള്ളു. എല്ലാററിനും പുറമെ ജനങ്ങളുടെ ഹൃദയപൂൎവ്വമായ സഹകരണം ഗവൎമ്മെണ്ടിനുണ്ടായിരിക്കണം. അമിതവ്യയം ഇല്ലാതാക്കുന്നതിനൊ കൃഷി വൎദ്ധിപ്പിക്കുന്നതിനൊ ഗവൎമ്മെണ്ടിനും ജനങ്ങൾക്കും അന്യോന്യസഹായം കൂടാതെ സാധിക്കുകയില്ല. ശക്തിയേറിയ ഒരു ഗവൎമ്മെണ്ടിനു, ജനങ്ങളുടെ സഹകരണമുണ്ടെങ്കിൽ, ഇന്ത്യയെ ബാധിച്ചിരിക്കുന്ന സാമ്പത്തികവും സാമുദായികവുമായ ദൂഷ്യങ്ങളെ ഉന്മൂലനം ചെയ്യാൻ സാധിക്കും. സകല മതസ്ഥാപനങ്ങളും ഇതിനുവേണ്ടി കച്ചകെട്ടേണ്ടതാണു്. ക്രിസ്തുമതസ്ഥാപനങ്ങൾ പലതും ഇപ്പോൾ ഈക്കാൎയ്യത്തിനാദ്യ

മിക്കുന്നുണ്ട്. മററുള്ള മതസ്ഥാപനങ്ങളും ഇതിനുവേണ്ടി പ്രയത്നിക്കേണ്ടതു് അത്യാവശ്യമാണ്.

## കാര്യസംക്ഷേപം

ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള സംഗതികളുടെ ഒരു ചുരുക്കം താഴെ ചേക്കുന്നു.

ഇന്ത്യ പ്രധാനമായി ഒരു കൃഷകരാജ്യമാണല്ലൊ. ഇന്ത്യയിലെ കൃഷകർ ഋണഭാരം കൊണ്ടുഴലുകയാണ്. ഋണബാദ്ധ്യത തീക്കാതെ ഇന്ത്യയുടെ സാമ്പത്തികനില നന്നാക്കാൻ സാധിക്കുകയില്ല. കാഷികമൊ വ്യവസായികമൊ ആയ ഏതു സാമ്പത്തികോദ്ധാരണപദ്ധതിയും നടപ്പാക്കണമെങ്കിൽ കൃഷകരെ കടത്തിൽ നിന്നു വിമുക്തരാക്കണം. ഇതിനു പര്യാപ്തമായ മാർഗ്ഗങ്ങളും സ്ഥലഭേദമനുസരിച്ചു് വ്യത്യാസപ്പെട്ടിരിക്കും. എങ്കിലും സാമാന്യമായി എല്ലായിടത്തും പ്രായോഗികമായ ഒരു പദ്ധതി നിർദ്ദേശിക്കാവുന്നതാണ്.

ഒരു രോഗം വന്നാൽ ആദ്യമായി ചികിത്സിക്കുകയും രണ്ടാമതായി രോഗിയുടെ ദേഹത്തെ പോഷിപ്പിക്കുകയുമാണല്ലോ ചെയ്യുന്നതു്. അപ്രകാരം തന്നെ കടത്തിൽ പെട്ടുഴലുന്ന ജനതയെ ഉദ്ധരിക്കുന്നതിനു് ആദ്യമായി ഇപ്പോഴത്തെ കടം തീക്കുകയും രണ്ടാമതായി ഇനി ഋണബാദ്ധ്യത ഉണ്ടാകാതെ നോക്കുകയുമാണു വേണ്ടതു്. അതുകൊണ്ടു് ഋണഭാരം തീക്കുന്നതിനു ആദ്യമായി കടക്കാരെയും മുതലാളന്മാരെയും രഞ്ജിപ്പിച്ചു്

ഏപ്പാടുകൾ തീക്കണം. ഇതു സക്കാരുദ്യോഗസ്ഥന്മാരൊ ഗവമ്മെണ്ടുകമ്മിററികളോ ആണു ചെയ്യേണ്ടതു്. പിന്നീടു് കഴിയുന്നിടത്തോളം കടക്കാരെ ഭൂസ്വത്തുജാമ്യബാങ്കുകൾ സഹായിക്കണം. ഇരുപതിലധികം കൊല്ലം കൊണ്ടു് പല തവണകളിലായി അടച്ചുതീത്താൽ മതിയാകുന്ന വിധത്തിൽ വേണം ബാങ്കുകൾ കടം കൊടുക്കാൻ. ഈ ആവശ്യത്തിനു വേണ്ട പണമുണ്ടാവാൻ കടപ്പത്രങ്ങൾ വില്ക്കുന്നതിന് ബാങ്കുകളെ അനുവദിക്കുകയും ഈ കടപ്പത്രങ്ങൾ പണക്കാരുടെയിടയിൽ സ്വീകാര്യമാകുന്നതിനു അവയ്ക്കു് പ്രത്യേകമായ ഗവമ്മെണ്ടംഗീകരണവും വേണം. ചില്ലറകടങ്ങൾ പരസ്പരസഹായസംഘങ്ങൾ തന്നെ ഏറെറടുക്കുകയും ഒന്നുരണ്ടുവഷത്തെ ആദായത്തിൽ നിന്നു തന്നെ കൊടുത്തു തിക്കത്തക്ക ഏപ്പാടു ചെയ്യുകയും വേണം.

മേലാൽ കടം വർദ്ധിക്കാതിരിക്കാനായി കഷകനു് പ്രയോജനകരമാംവണ്ണം കടംകൊടുക്കാനുള്ള ഒരു സ്ഥാപനം അത്യാവശ്യമാണു്. തല്ക്കാലാവശ്യങ്ങൾക്കു കടം കൊടുക്കുന്നതു് പ. സ. സംഘങ്ങളായാലും പൊലികടക്കാരായാലും കുറഞ്ഞ പലിശയ്ക്കും, തന്നാണ്ടത്തെ ആദായത്തിൽ നിന്നും കൊടുത്തുതീക്കത്തക്കനിലയിലും ആയിരിക്കണം. അങ്ങിനെ കടങ്ങൾ വാങ്ങുന്നവരുടെ ചരക്കുകൾ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വില്പിക്കുന്നതു നന്നായിരിക്കും. ദീർഘകാലം കൊണ്ടുമാത്രം കൊടുത്തുതീക്കാവുന്ന കടങ്ങളെല്ലാം തന്നെ ഭൂസ്വത്തു ജാമ്യബേങ്കുകളാണു കൊടുക്കേണ്ടതു്. കൃഷിയ്ക്കുപയോഗി

ക്കാൻ വേണ്ടിമാത്രമെ പണം കടംകൊടുക്കാവു. വലിയ സദ്യകഠം കഴിയ്ക്കുന്നതിനും അക്രമമായ വിലയ്ക്കു വസ്തുവാങ്ങുന്നതിനും കടംവാങ്ങാൻ വിഷമമായിരിക്കണം. അത്തരം ആവശ്യങ്ങഠംക്കു പണം കടംകൊടുക്കുന്നവക്ക് സക്കാരിന്റെ പൂണ്ണമായസഹായവും ഉണ്ടാകരുതു.

ഇപ്രകാരമുള്ള ഒരുദ്ധാരണപദ്ധതി നടപ്പാക്കണമെങ്കിൽ രണ്ടു പ്രത്യേകകാൎയ്യങ്ങഠം ചെയ്യേണ്ടതായിട്ടുണ്ടു്. ആദ്യമായി ദുർവ്യയശീലത്തെ ദൂരീകരിക്കണം. ശരിയായ വിദ്യാഭ്യാസം കൊണ്ടെ ഇതു സാധിക്കുകയുള്ളു. ദുർവ്യയം ചെയ്യുന്നതു മഠയത്തരമാണെന്നു ബലമായ പൊതുജനാഭിപ്രയമുണ്ടാകണം. ഗ്രാമപ്പഞ്ചായത്തുകഠം, കരയോഗങ്ങഠം, മതസ്ഥാപനങ്ങഠം മുതലായവ ഇതിനുവേണ്ടി ഉററു ശ്രമിക്കേണ്ടതാണു്. ദുർവ്യയം ചെയ്യാൻ ജനങ്ങഠംക്കു ഇടകൊടുക്കാതിരിക്കയും ദുർവ്യയം ചെയ്യുന്നവരെ ഉപദേശിക്കുകയും ചെയ്യുന്നതാണു നല്ലതു. കിടപ്പാടംപണയപ്പെടുത്തി അടിയന്തിരം കഴിക്കുകയും ദുർവ്യവഹാരത്തിലേപ്പെടുകയും ചെയ്യുന്നവനോടു എല്ലാവരും നിസ്സഹകരണം അനുവൎത്തിക്കണം.

രണ്ടാമതായി, കൎഷകരുടെ വരവു വർദ്ധിപ്പിക്കാൻ ഒരു പദ്ധതിയുണ്ടാകേണ്ടിയിരിക്കുന്നു. സംസ്കൃതരീതിയിൽ വിളവിറക്കുകയും ലാഭകരമാംവണ്ണം വില്പനനടത്തുകയും ആവശ്യമാണു. ഇവരണ്ടും പരസ്പരസഹായസംഘങ്ങഠം ശ്രമിച്ചാൽ സാധിക്കുകയും ചെയ്യും. എന്നാൽ ഈ ജോലികഠം വിജയകരമാംവണ്ണം ചെയ്യാൻ ഇപ്പോഴത്തെ നിലയിലുള്ള പ. സ. സംഘങ്ങഠംക്കു സാധിക്കുമോ

എന്നു സംശയമാണു. അതുകൊണ്ടു അവയെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം നടത്തുന്നതിനുള്ള ചുമതല സക്കാരിനാണു്. കരം പിരിക്കയും സമാധാനം പരിപാലിക്കയും മാത്രമാണു് തങ്ങളുടെ ജോലിയെന്നു വിചാരിക്കുന്ന ഗവമ്മേണ്ടുകൾക്കു ഇതൊന്നും സാധിക്കുകയില്ല. അങ്ങനെയുള്ള ഒരു ഗവമ്മേണ്ടുകൊണ്ടു് ഇങ്ങനെയുള്ള കാര്യങ്ങളിൽ ജനങ്ങൾക്കു യാതൊരു പ്രയോജനവുമില്ല. ഈ സംഗതിയിൽ ഇന്ത്യയിലുള്ള ഗവമ്മേണ്ടുകൾ ഓത്തു പ്രവൃത്തിക്കേണ്ടകാലം അത്യാസന്നമായിരിക്കുന്നു.

ഭാവിയിൽ കടഭാരം വദ്ധിക്കാതിരിക്കാനുള്ള മാഗ്ഗങ്ങൾ നിർദ്ദേശിക്കാതെ ഇപ്പോഴുള്ള കടങ്ങൾ വീട്ടിതീക്കുന്നതുകൊണ്ടു് ഗുണമൊന്നുമില്ല. അതിനായി ജന്മഭാരം കുറയ്ക്കുന്നതോടുകൂടിത്തന്നെ കാഷികവൃത്തിയിൽനിന്നുള്ള ആദായവും വദ്ധിപ്പിക്കാൻ നോക്കേണ്ടതാണു്. ഈ ഭാഗം പൂണ്ണമായി ചെയ്യാൻ സാധിക്കയില്ലെന്നുള്ള കാരണത്താൽ ഒന്നും ചെയ്യാതിരിക്കുന്നതു ഏററവും വലിയ മൌഢ്യമാണു്. മാക്മില്ലൻകമ്മററിയവർ പറഞ്ഞിരിക്കുന്നതുപോലെ സാമ്പത്തികാധഃപതനം ഉണ്ടാകുമ്പോളാണു് വിപ്ലവത്തിന്റെ ബീജങ്ങൾ മുളയ്ക്കുന്നതു്. അഭൂതപൂവമായ സാമ്പത്തികാധഃപതനം ഉണ്ടായിരിക്കുന്ന ഇക്കാലത്തു ഇതു എല്ലാവരും ഓത്തിരിക്കേണ്ടതാണു്.

നാട്ടിൻപുറങ്ങളിലുള്ള ദാരിദ്ര്യവും അരിഷ്ടതയും ഒന്നിനൊന്നു വദ്ധിച്ചുവരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ ഗവമ്മേണ്ടു് സ്വസ്ഥമായിരിക്കുന്നതു് ബുദ്ധി

പൂർവ്വകമല്ല. "ഈ പ്രകാരമുള്ള സ്ഥിതിഗതികൾ ഉണ്ടാകുമ്പോൾ ഭവിഷ്യൽ ഫലങ്ങൾ ആലോചിച്ചു്, ഗവമ്മെൻറ് പൊതുജനങ്ങളുടെ സാമ്പത്തികോദ്ധാരണത്തിനായി പരിശ്രമിക്കണം" എന്നു് ലോർഡ് മോർളി പറഞ്ഞിരിക്കുന്നതു് ശ്രദ്ധേയമാണു്.

പ്രക്ഷാളനാദ്ധി പങ്കസ്യ
ദൂരാദസ്പർശനം വരം

എന്നുള്ള പ്രമാണം ലോകചരിത്രത്തിലെ എത്രയും സാരമായ അനുഭവങ്ങളിൽ അധിഷ്ഠിതമാണു്.

ശുഭം.

MUL
101891

A 878

6 OCT 1942